ഐ.ടി@സ്കൂൾ ഗ്നു/ലിനക്സ് 18.04

(Based on Ubuntu 18.04.1)

യൂസർ മാനുവൽ

ഉള്ളടക്കം

ആമുഖം.......7
ലോഗിൻ ചെയ്യാം.......8
ലോഗ്ഔട്ടും ഷട്ട്ഡൗണും (Log Out & Shut Down).......9
സിസ്റ്റം ക്രമീകരണങ്ങൾ (System Settings).......10
വൈ-ഫൈ കണക്ട് ചെയ്യാൻ (WiFi).......11
ബ്ലൂട്ടൂത്ത് കണക്ട് ചെയ്യാൻ (Bluetooth).......11
ഡസ്ക്ടോപ്പിന്റെ പശ്ചാത്തലം തിരഞ്ഞെടുക്കാൻ (Background).......11
ഇൻപുട്ട് ഭാഷ, ക്രമീകരിക്കാൻ - Input (Keyboard) language Settings.......12
ഇന്റർഫേസ് ഭാഷ ക്രമീകരിക്കാൻ (Desktop Interface Language).......12
സ്ക്രീൻ റീഡർ പ്രവർത്തിപ്പിക്കാൻ (Screen Reading).......12
സ്ക്രീൻ ലോക്ക് സമയം ക്രമീകരിക്കാൻ (Screen Lock).......12
ഡസ്ക്ടോപ്പ് ഷെയറിങ് എനേബിൾ ചെയ്യാൻ (Desktop Sharing).......13
ശബ്ദ ക്രമീകരണങ്ങൾ (Sound Settings).......13
സ്ക്രീൻ ബ്രൈറ്റ്നസ്, ബ്ലാങ്ക് സ്ക്രീൻ (Screen brightness, Blank Screen, Power Settings).......13
നെറ്റ്‌വർക്ക് ക്രമീകരണങ്ങൾ (Network Settings).......14
ഡിസ്‌പ്ലേ ക്രമീകരണങ്ങൾ (Display Settings).......14
കീബോർഡ് ഷോർട്ട്കട്ടുകൾ (Keyboard Shortcuts).......15
മൗസ് /ടച്ച്പാഡ് ക്രമീകരണം (Mouse & Touchpad).......16
പ്രിന്ററുകൾ ഉൾപ്പെടുത്തുന്നതിനും നീക്കം ചെയ്യുന്നതിനും (Printers).......16
കമ്പ്യൂട്ടറിനെക്കുറിച്ചുള്ള വിവരങ്ങൾ (System Details).......16
സമയവും തിയ്യതിയും ക്രമീകരിക്കാം (Time & Date).......17
യൂസർ അക്കൗണ്ടുകൾ (Users).......17
ഡിഫോൾട്ട് അപ്ലിക്കേഷനുകൾ (Default Applications).......17
സിസ്റ്റത്തിന്റെ കെട്ടും മട്ടും മാറ്റാം (System Appearance, Theme).......18
ഡസ്ക്ടോപ്പ് തീം മാറ്റുന്നതിന് (Desktop Theme).......18
ഡസ്ക്ടോപ്പ് ഐക്കണുകൾ (Desktop Icons).......18
ഡസ്ക്ടോപ്പിന്റെ ഇന്റർഫേസ് ഫോണ്ട് മാറ്റാം (Desktop Interface Font).......19
നെറ്റ്‌വർക്ക് ക്രമീകരണങ്ങൾ (Network Settings).......20
Wi-Fi Connections.......21
Wi-Fi Hotspot.......22
Bluetooth Connection.......22
മറ്റ് കമ്പ്യൂട്ടറുകളുമായുള്ള ഫയൽ കൈമാറ്റം (File sharing).......22
ഫോൾഡറുകൾ ഷെയർ ചെയ്യൽ (Folder sharing).......23
ഡെസ്ക്ടോപ്പ് ഷെയറിങ് (Desktop Sharing, Remote Desktop Viewer).......23
പ്രിന്ററുകൾ ഇൻസ്റ്റാൾ ചെയ്യാൻ (Printers).......25

ഹാർഡ്‌വെയർ തിരിച്ചറിയുന്നതിന് (Hardware Information)....26
സിസ് ഇൻഫോ (Sysinfo)....26
സിസ്റ്റം പ്രൊഫൈലർ & ബഞ്ച്മാർക്ക് (System Profiler and Benchmark)....26
സിസ്റ്റം മോണിട്ടർ (System Monitor)....27
ഓഡിയോ പ്ലെയറുകൾ (Audio Players)....29
Audacious....29
Rhythmbox Music Player -3.4.2....30
വീഡിയോ പ്ലെയറുകൾ (Video Players)....30
Videos (totem movie player)....31
SMPlayer....31
Media Player (xplayer)....32
VLC media player....33
ഡിഫോൾട്ട് പ്ലെയർ മാറ്റാൻ (Change default Audio/Video Player)....34
ശബ്ദ-ചലച്ചിത്ര കൺവെർട്ടറുകൾ (Audio – Video Converter)....34
WinFF....34
HandBrake (mp4 converter)....35
ഓഡിയോ വീഡിയോ, എഡിറ്റിങ്ങ് സോഫ്റ്റ്‌വെയറുകൾ....36
ഓഡിയോ എഡിറ്റർ - ഒഡാസിറ്റി (Audio Editing - Audacity)....36
വീഡിയോ എഡിറ്ററുകൾ(Video Editor)....36
Avidemux – Video cutter....37
OpenShot Video Editor – വിഡിയോ എഡിറ്റർ....38
Kdenlive – Video Editor....39
സബ്ടൈറ്റിലുകൾ ഉൾപ്പെടുത്താൻ (Subtitles)....40
ഓഡിയോ സി ഡി എക്സ്ട്രാക്റ്റ് ചെയ്യുന്നതിന്. (Extract Audio CD)....41
വിഡിയോ സി ഡി കോപ്പി ചെയ്യുന്നതിന്. (Copy VCD)....41
വീഡിയോ സിഡി പ്രവർത്തിപ്പിക്കുന്നതിന് (Play VCD)....41
വെബ് ക്യാം സോഫ്റ്റ്‌വെയറുകൾ (Web cam)....41
പിയാനോ കീ ബോർഡ് (MIDI Piano Keyboard)....41
ശബ്ദക്രമീകരണങ്ങൾ - Sound Settings....42
സ്ക്രീൻ റെക്കോർഡറുകൾ (Screen Recording)....43
കസം (Kazam – Screen Recorder)....43
റിക്കോർഡ് മൈ ഡസ്ക്ടോപ്പ് (RecordMyDesktop - Screen Recorder)....44
സിമ്പിൾ സ്ക്രീൻ റിക്കോർഡർ (SimpleScreenRecorder)....44
വോക്കോസ്ക്രീൻ (vokoscreen)....45
ആപ്ലിക്കേഷൻസ് മെനു ക്രമീകരിക്കാം (Menu Editor)....46
ഫയലുകൾ തിരയാം (File / Folder Search)....47
ഫയലുകൾ കംപ്രസ് ചെയ്യാൻ (File Compression): ആർക്കൈവ് മാനേജർ (Archive manager)....48
ടാസ്കുകൾ ക്രമീകരിച്ചുവെക്കാൻ - To Do ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ....50
ടാസ്കുകൾ ക്രമീകരിച്ചുവെക്കാൻ - Calendar ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ....51

ഡിസ്ക്പാർട്ടീഷനുകളെക്കുറിച്ചറിയാം (Disk Utility)....53
ഡിസ്ക് പാർട്ടീഷൻ ചെയ്യാം (GParted Partition Editor)....53
ഫയൽ ചെക്ക്സം പരിശോധിക്കാം (checksum)....54
ബൂട്ട്ലോഡർ ക്രമീകരിക്കാം (Boot loader)....55
ബൂട്ടബിൾ ഡിസ്ക് തയാറാക്കാം (Bootable Disc)....56
യൂസർ അക്കൗണ്ട് സജ്ജീകരിക്കാം (Users and Groups)....56
Backups....57
മലയാളം ടെകസ്റ്റ് ഇൻപുട്ട് ചെയ്യുന്നതിന്....58
1. Keyboards....58
2. കീബോർഡ് ലേ-ഔട്ട് ആവശ്യമായ ഭാഷയിലേക്ക് സജ്ജീകരിക്കാൻ....58
3. ഓൺസ്ക്രീൻ കീബോർഡ് ഉപയോഗിക്കുന്നതിന്....60
4. പുസ്തകങ്ങളിലെ ടെക്സ്റ്റ് ടൈപ്പ് ചെയ്യാതെതന്നെ ഇൻപുട്ട് ചെയ്യുന്നതിന്....60
ടെക്സ്റ്റ് ഡോക്യുമെന്റുകൾ നിർമിക്കാം....61
ലളിതമായ ടെക്സ്റ്റ് ഡോക്യുമെന്റുകൾ നിർമ്മിക്കാം (Text Editor)....61
വേഡ് പ്രോസസ്സർ (Word Processor)....62
ലിബർ ഓഫീസും ഡോക്യുമെന്റ് ഫയൽ ഫോർമാറ്റുകളും....62
ലിബർ ഓഫീസ് റൈറ്റർ ഉപയോഗിച്ച് PDF, e-pub ഫോർമാറ്റുകളിലുള്ള ഫയലുകൾ നിർമിക്കാം....63
PDF, e-pub ഡോക്യുമെന്റുകൾ കൈകാര്യം ചെയ്യുമ്പോൾ....63
യുണികോഡ് ഫോണ്ടുകൾ (Unicode Fonts)....63
ഇമോജികളും പ്രത്യേക കാരക്ടറുകളും ടെക്സ്റ്റ് ഡോക്യുമെന്റിൽ ലഭ്യമാക്കാൻ (Emojis and Special Characters)....64
പേജ് ലേ-ഔട്ടും ഡെസ്ക് ടോപ്പ് പബ്ലിഷിങ്ങും (Desktop Publishing - DTP)....65
സ്ക്രൈബസ്....65
ലാടെക് ടൈപ്പ് സെറ്റിങ്ങ് രീതിയും ലാടെക് എഡിറ്ററുകളും (Latex)....66
പട്ടികകളും രജിസ്റ്ററുകളും നിർമിക്കാം -സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്‌വെയറുകൾ (Spreadsheet Software)....67
ലിബർഓഫീസ് കാൽക് (LibreOffice Calc)....67
ന്യൂമെറിക് (Gnumeric)....67
ഡിജിറ്റൽ സ്ലൈഡ് പ്രസന്റേഷനുകൾ തയ്യാറാക്കാം (Presentation Software)....67
ലിബർഓഫീസ് ഇംപ്രസ്....67
മറ്റു പ്രസന്റേഷൻ നിർമാണ സോഫ്റ്റ്‌വെയറുകൾ - സോസി (sozi), ജെസിഇങ്ക്....68
ഡാറ്റാബേസ്....68
വെക്ടർ ഡ്രോയിങ്ങുകൾ (LibreOffice Draw)....68
ടൈംടേബിൾ ജനറേറ്റർ (Timetable Generator)....68
Gespeaker (Text to speech)....69
Character Map....69
characters....69
Font Viewer....70
ഡിക്ഷണറികൾ (Dictionaries)....70
Artha....70

Theeram....71
കാഴ്ചക്കുറവുള്ളവർക്കുള്ള സോഫ്റ്റ്‌വെയറുകൾ (Software Accessibility for Differently abled)....71
സ്ക്രീൻ റീഡർ (Screen reader)....71
Lios....71
ibus-braille-language-editor....72
Universal Access....72
ഇമേജ് എഡിറ്റിംഗ് ടൂളുകൾ (Image Editing)....73
ജിമ്പ് (GIMP – GNU Image Manipulation Programme)....73
ജിമ്പ് പ്ലഗ്ഗിനുകൾ Gimp plugins....74
ഇങ്ക്സ്കേപ് - വെക്ടർഗ്രാഫിക്സ് എഡിറ്റർ (Inkscape Vector Graphics Editor)....75
ബ്ലെൻഡർ (Blender)....76
ഇമേജ് മാജിക് (ImageMagick (display)....77
കൃത (Krita)....77
കളർപെയിന്റ് (KolourPaint)....78
എക്സ്പെയിന്റ് (XPaint)....78
കെകളർചൂസർ (KColorChooser)....79
ഡ്രോഎസ്.ഡബ്ല്യൂ.എഫ് (DrawSWF)....80
ലിബർഓഫീസ് ഡ്രോ (LibreOffice Draw)....80
സ്ക്രീൻ ഷോട്ടുകൾ (Screenshots)....81
ചിത്രദർശിനികൾ (Image viewers)....83
ഇമേജ് വ്യൂവർ (Eye of Gnome Image Viewer)....83
വെബ് ബ്രൗസറുകൾ (Web browsers)....85
ഫയർഫോക്സ് വെബ് ബ്രൗസർ (Firefox Web Browser)....85
ക്രോമിയം വെബ് ബ്രൗസർ (Chromium Web Browser)....85
GNOME Web - വെബ് ബ്രൗസർ (Web)....85
മറ്റ് വെബ് സോഫ്റ്റ്‌വെയറുകൾ....86
ഫയൽസില്ല (FileZilla)....86
Transmission BitTorrentClient (Torrent Download)....87
യൂട്യൂബ് ഡൗൺലോഡർ (Download Youtube Videos)....89
തണ്ടർബേഡ് മെയിൽ – Thunderbird Mail (Mail Client)....89
വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ Educational Software....91
മാർബിൾ (Marble – Map and Globe)....91
സൺക്ലോക്ക് (sunclock)....92
കെ ജോഗ്രഫി (Kgeogrphy - Map)....93
QGIS Desktop (GIS Software)....94
ജീപ്ലേറ്റ്സ് (Gplates – Plate tectonics)....95
കെസ്റ്റാർസ് (Kstars - Planetarium)....96
സ്റ്റെല്ലേറിയം (Stellarium - Planetarium)....96

കുട്ടികൾക്കുള്ള വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ (Educational Software for Kids)....98
- Gcompris (Collection of Games for Kids)....98
- Tux Paint (Drawing Softeare for Kids)....98
- Omnitux-light (Collection of Games for Kids)....99
- Tux Math (Math Game for Kids)....100
- Tux Typing (Typing Game for Kids)....100
- Klettres (Typing Game for Kids)....101
- Ktouch (Typing Tutor)....101
- Kanagram (Language Game)....102
- Anagramarama (Language Game)....102
- Kbruch (Math Game - Fractions)....103
- Potato Guy (Constructor Game for Kids)....103
- pySioGame (Collection of Games for Kids)....104

പ്രോഗ്രാമിങ് - IDE കളും ടെക്സ്റ്റ് എഡിറ്ററുകളും (Programming – IDEs and Text Editors)....105
- gedit text editor (Text Editor for Programming)....105
- xed text editor (Text Editor for Programming)....106
- ജീനി (Geany) - IDE....107
- IDLE - IDE....108

പ്രോഗ്രാമിങ് കുട്ടികൾക്ക് (Programming for Kids)....109
- Scratch....109
- Turtle Blocks....110

Trouble Shooting....111
- ഡസ്ക്ടോപ്പ് തീം, ബാക്ക്ഗ്രൗണ്ട്, പാനലുകൾ, പാനൽ അപ്‌ലറ്റുകൾ, എന്നിവ റീസെറ്റ് ചെയ്യാൻ 111
- പല ആപ്ലിക്കേഷനുകളും ശരിയായ രീതിയിൽ തുറക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല....111
- ഫയലുകൾ കോപ്പിചെയ്യുമ്പോൾ പ്രവർത്തനത്തിന്റെ പ്രോഗ്രസ്ബാർ കാണുന്നില്ല....112
- ശബ്ദം ലഭിക്കുന്നില്ല....112

യൂസർ പാസ്‌വേഡ് റീസെറ്റ് ചെയ്യാൻ (Reset password)....113

യൂസർ അക്കൗണ്ട് ഡിലിറ്റ് ചെയ്യാൻ....116

സമയം, തീയ്യതി തുടങ്ങിയവ ക്രമീകരിക്കാൻ....116
- സിഡി/വിസിഡി കോപ്പി ചെയ്യാം (CD/DVD Burning Software)....117

ഗ്രബ് റീ-ഇൻസ്റ്റാൾ ചെയ്യാം (Grub Re-install)....117
  - grub-efi ഇൻസ്റ്റാൾ ചെയ്യുന്ന വിധം....117
  - grub-i386 ഇൻസ്റ്റാൾ ചെയ്യുന്ന വിധം....119

സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യൽ (Software Installation)....120
- ഗ്നോം സോഫ്റ്റ്‌വെയർ (gnome-software)....120
- സിനാപ്റ്റിക്ക് പാക്കേജ് മാനേജർ (Synaptic Package Manager)....121
- ജി ഡെബി പാക്കേജ് ഇൻസ്റ്റാളർ (GDebi Package Installer)....122
- apt - Command Line Tool....123
  - പ്രധാനപ്പെട്ട apt കമാന്റുകൾ....123
- സോഫ്റ്റ്‌വെയർ അപ്ഡേറ്റർ (Software Updater)....125
- സോഫ്റ്റ്‌വെയർ & അപ്ഡേറ്റ്സ് (Software & Updates) – Setting Software Repository....126

ഗ്രാഫിക്സ് ഡ്രൈവറുകളും വയർലെസ് ഡ്രൈവറുകളും ഇൻസ്റ്റാൾ ചെയ്യാം. (Install graphics drivers)....127

ആമുഖം

കേരളാപാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകളിലെ ഐസിടി പഠനത്തിനാവശ്യമായ സോഫ്റ്റ്‌വെയറുകളുടെ കസ്റ്റമൈസേഷനും സ്കൂളുകൾക്ക് ആവശ്യമായ പഠനവിഭവങ്ങളുടെ വിവിധ തലങ്ങളിലുള്ള നിർമ്മാണവും പങ്കുവെക്കലും സാധ്യമാകണമെങ്കിൽ അതിനു സാങ്കേതികമായും നിയമപരമായും പരമാധികാരമുള്ള ഒരു ഓപറേറ്റിങ്ങ് സിസ്റ്റം ആവശ്യമാണ് എന്ന തിരിച്ചറിവാണ് ഐ.ടി@സ്കൂൾ പ്രോജക്ട് സ്വന്തമായി ഒരു ഓപ്പറേറ്റിങ്ങ് സിസ്റ്റം തയ്യാറാക്കിയതിന് ആധാരമായ സാഹചര്യം. 2005 ൽ ഡെബിയൻ അടിസ്ഥാനമാക്കി പുറത്തിറക്കിയ ആദ്യ പതിപ്പിൽ നിന്നും അനേകം പരിണാമ ഘട്ടങ്ങൾ തരണം ചെയ്താണ് 2019 ൽ ഈ പുതിയ പതിപ്പ് പുറത്തിറങ്ങുന്നത്. ഇത് പ്രധാനമായും ഉബുണ്ടു 18.04 LTS അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നത്. 2019 മാർച്ച് വരെയുള്ള ഉബുണ്ടു അപ്ഡേറ്റുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്കൂളുകളിൽ കുട്ടികൾക്കും അധ്യാപകർക്കും ആവശ്യമായ ഓപറേറ്റിങ്ങ് സിസ്റ്റം എന്ന നിലയിൽ മാത്രമല്ല, വീട്ടുകളിൽ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന സിസ്റ്റങ്ങളിലും, സർക്കാർ ഓഫീസുകൾ, ഓഫീസ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഡിടിപി സെന്ററുകൾ, ഇന്റർനെറ്റ് കിയോസ്കുകൾ, സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾ, കോളെജ് വിദ്യാർഥികൾ, മറ്റു കമ്പ്യൂട്ടർ സേവന ദാതാക്കൾ തുടങ്ങിയ ഉൽ പാദനാധിഷ്ഠിത സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന സിസ്റ്റങ്ങളിലും സമ്പൂർണമായ കമ്പ്യൂട്ടിങ്ങ് പ്ലാറ്റ്ഫോമായി ഈ ഓപറേറ്റിങ്ങ് സിസ്റ്റം ഉപയോഗിക്കാനാകും.

ഉബുണ്ടു 18.04 LTS അടിസ്ഥാനമാക്കിയതാണെങ്കിലും, ഉബുണ്ടു 18.04 റെപ്പോസിറ്ററിയിൽ ഇല്ലാത്ത മറ്റു പല സ്വതന്ത്ര സോഫ്റ്റ്‌വെയറുകളും ഈ സോഫ്റ്റ് വെയർ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗണിത പഠന സോഫ്റ്റ്‌വെയറായ ജിയോജിബ്ര, അനിമേഷൻ സോഫ്റ്റ്‌വെയറായ Draw swf, പ്രോഗ്രാമിങ് പഠനത്തിന് ഉപയോഗിക്കുന്ന turtle blocks, ശാസ്ത്രപഠനത്തിന് ഉപയോഗിക്കുന്ന Phet, ഭൂമിശാസ്ത്ര പഠനത്തിന് ഉപയോഗിക്കുന്ന GPlates എന്നിവ അവയിൽ ചിലതാണ്. ഒട്ടനേകം സോഫ്റ്റ്‌വെയറുകൾ പുതിയ വേർഷനുകളിലേക്ക് അപ്ഡേറ്റു ചെയ്യുകയോ, നമ്മുടെ സാഹചര്യങ്ങൾക്കനുസരിച്ച് കസ്റ്റമൈസ് ചെയ്യുകയോ ചെയ്തിട്ടുണ്ട്. Marble, Sunclock, gcompris, tuxpaint തുടങ്ങിയവ ഇത്തരത്തിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടവയാണ്. GCompris, KGeography, Klettres, TuxPaint, Jfraction Lab മുതലായ സോഫ്റ്റ്‌വെയറുകൾ പൂർണമായും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുമുണ്ട്. കൂടാതെ മലയാളം കമ്പ്യൂട്ടിങ് സാർഥകവും സാധ്യവുമാക്കുന്നതിന് വിപുലമായ മലയാളം യൂണികോഡ് ഫോണ്ട് ശേഖരം തന്നെ ഇതിൽ സജ്ജീകരിച്ചിട്ടുമുണ്ട്.

ഈ പതിപ്പ് GNOME 3 എന്ന ഡെസ്ക്ടോപ് സജ്ജീകരണ സംവിധാനത്തെ അടിസ്ഥാനമാക്കിയാണ് ഈ ഓപ്പറേറ്റിങ് സിസ്റ്റം സംവിധാനം ചെയ്തിരിക്കുന്നത്. സിസ്റ്റം മെനുവിലും സോഫ്റ്റ്‌വെയർ പ്രവർത്തനങ്ങളിലും IT@School GNU/Linux 14.04 നെ അപേക്ഷിച്ച് ധാരാളം മാറ്റങ്ങൾ ഇതിൽ കാണാവുന്നതാണ്. അവയിൽ പ്രധാനപ്പെട്ടവ മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

ലോഗിൻ ചെയ്യാം

IT@School GNU/Linux 18.04 ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ തനതു ഡെസ്ക്ടോപ് GNOME Flashback (Metacity) ആയിട്ടാണ് സജ്ജീകരിച്ചിരിക്കുന്നത്.



ഇതു കൂടാതെ സിസ്റ്റത്തിന്റെ ലോഗിൻ സ്ക്രീനിൽ username ന് വലതു വശത്ത് കാണപ്പെടുന്ന *ലോഗോയിൽ* ക്ലിക്ക ചെയ്ത്, Ubuntu, Ubuntu on Wayland തുടങ്ങിയ ഡെസ്ക്ടോപ് എൻവിറോൺമെന്റുകളും തെരെഞ്ഞെടുക്കാൻ സാധിക്കും.



ഈ ലോഗിൻ സ്ക്രീനിൽ സിസ്റ്റത്തിൽ നിലവിലുള്ള യൂസർ നാമങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു. ആവശ്യമുള്ള യൂസർ ലോഗിൻ തെരെഞ്ഞെടുത്ത് പാസ്‌വേഡ് കൊടുത്താൽ സിസ്റ്റത്തിലേക്ക് പ്രവേശിക്കാം.



ലോഗ്ഔട്ടും ഷട്ട്ഡൗണും (Log Out & Shut Down)

കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്തുകഴിഞ്ഞാൽ ഡസ്ക്ടോപ്പിൽ മുകളിലും താഴെയുമായി ഓരോ പാനലുകൾ കാണാം. ഇതിൽ മുകളിലെ പാനലിൽ വലതുവശത്തായി കാണുന്ന കമ്പ്യൂട്ടറിന്റെ ഐക്കണിൽ ക്ലിക്ക് ചെയ്താൽ താഴെ കാണുന്ന ഒരു പോപ്പ്ഡൗൺ ജാലകം പ്രത്യക്ഷപ്പെടും. Log Out, Restart, Shut Down എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത് ഇവിടെയാണ്. ഇതു കൂടാതെ Applications മെനുവിന്റെ അവസാനവും Log Out, Shut Down എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്



Log Out – കമ്പ്യൂട്ടറിൽ ഒരു യൂസർക്ക് ലോഗ്ഔട്ട് ചെയ്യുന്നതിനുള്ള സൗകര്യം നൽകുന്നു.

Restart – കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്യുന്നതിന്

Shut Down – കമ്പ്യൂട്ടർ ഷട്ട്ഡൗൺ ചെയ്യുന്നതിന്

സിസ്റ്റം ക്രമീകരണങ്ങൾ (System Settings)

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജാലകത്തിൽ ലഭ്യമായ സൗകര്യമാണ് System Settings (ചിത്രം നോക്കുക)

ഇവിടെ ക്ലിക്ക് ചെയ്ത് സിസ്റ്റം ക്രമീകരണം നടത്താനുള്ള ജാലകത്തിൽ പ്രവേശിക്കാം. ഒരു കമ്പ്യൂട്ടറിൽ ഉപയോക്താവിന് അവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള സൗകര്യങ്ങളാണ് ഈ ജാലകത്തിൽ ലഭ്യമായിട്ടുള്ളത്.



വൈ-ഫൈ കണക്ട് ചെയ്യാൻ (WiFi)

- System Settings ലെ Wi–Fi എന്ന ടാബ് സെലക്ട് ചെയ്യുക. ലഭ്യമായ വൈ–ഫൈ നെറ്റ്‌വർക്കുകൾ ലിസ്റ്റ് ചെയതിട്ടുണ്ടാകും, ഇതിൽ നിന്ന് ആവശ്യമായ നെറ്റ്‌വർക്ക് സെലക്ട് ചെയ്താൽ മതി.

ബ്ലൂടൂത്ത് കണക്ട് ചെയ്യാൻ (Bluetooth)

- System Settings ലെ Bluetooth എന്ന ടാബ് സെലക്ട് ചെയ്യുക. ലഭ്യമായ ബ്ലൂടൂത്ത് ഉപകരണങ്ങൾ ലിസ്റ്റ് ചെയതിട്ടുണ്ടാകും, ഇതിൽ നിന്ന് ആവശ്യമായത് സെലക്ട് ചെയ്ത് കണക്ഷൻ സ്ഥാപിക്കാം.

ഡസ്ക്ടോപ്പിന്റെ പശ്ചാത്തലം തിരഞ്ഞെടുക്കാൻ (Background)

- System Settings ലെ Background എന്ന ടാബ് സെലക്ട് ചെയ്യുക. തുറന്നുവരുന്ന ജാലകത്തിലെ Wallpapers എന്ന ഭാഗത്ത് ക്ലിക്ക് ചെയ്ത് ഇഷ്ടപ്പെട്ട ചിത്രം തിരഞ്ഞെടുത്ത് Select ക്ലിക്ക് ചെയ്യുക.
- മറ്റ് ചിത്രങ്ങൾ ഉൾപ്പെടുത്തുന്നതിന്, ഈ ചിത്രങ്ങൾ ഹോമിലെ Pictures എന്ന ഫോൾഡറിലേക്ക് കോപ്പിചെയ്യുക. തുടർന്ന് Background ജാലകത്തിലെ Pictures എന്ന ഭാഗത്ത് ക്ലിക്ക് ചെയ്ത് ചിത്രങ്ങൾ തിരഞ്ഞെടുക്കുക (ചിത്രം നോക്കുക).



- ഡസ്ക്ടോപ്പിൽ വലതു വലതു ബട്ടൺ ക്ലിക്ക് ചെയ്ത് Change Background തിരഞ്ഞെടുത്താലും Background ജാലകം ലഭ്യമാകുന്നതാണ്.



ഇൻപുട്ട് ഭാഷ, ക്രമീകരിക്കാൻ - Input (Keyboard) language Settings

- System Settings ലെ Region & Language എന്ന ടാബ് സെലക്ട് ചെയ്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നതിനുള്ള വിവിധ ഭാഷകൾ തിരഞ്ഞെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് പേജ് 58 നോക്കുക.

ഇന്റർഫേസ് ഭാഷ ക്രമീകരിക്കാൻ (Desktop Interface Language)

- ഡസ്ക്ടോപ്പിന്റെ ഇന്റർഫേസ് ഭാഷ മാറ്റുന്നതിന് Manage Installed Languages എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.



- തുറന്നു വരുന്ന ജാലകത്തിൽ ആവശ്യമുള്ള ഭാഷ ഡ്രാഗ് ചെയ്ത് മുകളിലേക്ക് ക്രമീകരിച്ച് സിസ്റ്റം റീസ്റ്റാർട്ട് ചെയ്യുക(ഡീഫോൾട്ട് – English (United States)).

സ്ക്രീൻ റീഡർ പ്രവർത്തിപ്പിക്കാൻ (Screen Reading)

- System Settings ലെ Universal Access ടാബിലെ Screen Reader തിരഞ്ഞെടുത്ത് Orca Screen Reader പ്രവർത്തിപ്പിക്കാനും പ്രവർത്തനം അവസാനിപ്പിക്കാനും സാധിക്കും (സ്ക്രീൻ റീഡറിന്റെ പ്രവർത്തനം നിയന്ത്രിക്കാനുള്ള ഷോർട്ട്കട്ട് കീ Alt+Super+S ആണ്).

സ്ക്രീൻ ലോക്ക് സമയം ക്രമീകരിക്കാൻ (Screen Lock)

- System Settings ലെ Privacy ടാബിൽ Screen Lock തിരഞ്ഞെടുത്ത് ആവശ്യമായ ക്രമീകരണങ്ങൾ വരുത്താം. Screen Lock ഓഫ് ചെയ്യുന്നതിനും, സ്ക്രീൻ ലോക്ക് ചെയ്യേണ്ട സമയം ക്രമീകരിക്കുന്നതിനും ഇവിടെ സൗകര്യമുണ്ട്.

Privacy ടാബിൽ ലഭ്യമായ മറ്റു ചില സൗകര്യങ്ങളും ലഭ്യമാണ്. ചിത്രം നോക്കുക



ഡസ്ക്ടോപ് ഷെയറിങ് എനേബിൾ ചെയ്യാൻ (Desktop Sharing)

- System Settings ലെ Sharing ടാബിൽ നിന്നും Screen Sharing തിരഞ്ഞെടുത്ത് ഡസ്ക്ടോപ് ഷെയറിങ് പ്രവർത്തനക്ഷമമാക്കാം (On / Off). കൂടുതൽ വിവരങ്ങൾക്ക് പേജ് 23 നോക്കുക.
- കമ്പ്യൂട്ടറിലെ ഫയൽ സിസ്റ്റം മറ്റൊരു കമ്പ്യൂട്ടർ ഉപയോഗിച്ച് നിയന്ത്രിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് (Secured Shell) Sharing ടാബിലെ Remote Login On / Off സൗകര്യം ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് പേജ് 23 നോക്കുക.

ശബ്ദ ക്രമീകരണങ്ങൾ (Sound Settings)

- System Settings ലെ Sound ടാബ് തിരഞ്ഞെടുത്ത് Input / Output ശബ്ദ ക്രമീകരണങ്ങൾ വരുത്താം. Input, Output ശബ്ദങ്ങളുടെ തീവ്രത നിയന്ത്രിക്കാനും ആവശ്യമെങ്കിൽ ഓഫ് ചെയ്യാനും സൗകര്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പേജ് 42 നോക്കുക.
- Sound Effect കൾ നൽകുന്നതിനുള്ള സൗകര്യവും ഈ ജാലകത്തിലുണ്ട്.

സ്ക്രീൻ ബ്രൈറ്റ്നസ്, ബ്ലാങ്ക് സ്ക്രീൻ (Screen brightness, Blank Screen, Power Settings)

- System Settings ലുള്ള Power ടാബിൽ Screen Brightness ക്രമീകരിക്കാനും, Blank Screen പ്രത്യക്ഷപ്പെടാനുള്ള സമയം ക്രമീകരിക്കാനുമുള്ള സൗകര്യമുണ്ട് .



നെറ്റ്‌വർക്ക് ക്രമീകരണങ്ങൾ (Network Settings)

- നെറ്റ്‌വർക്കുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളായ IP Address , നെറ്റ്‌വർക്ക് സുരക്ഷ തുടങ്ങിയ ക്രമീകരണങ്ങൾ വരുത്താനുള്ള സൗകര്യം System Settings ലുള്ള Network ടാബിലുണ്ട്.
- ഈ ക്രമീകരണങ്ങൾക്ക് പാനലിലുള്ള നെറ്റ്‌വർക്ക് മോണിറ്റർ അപ്‌ലറ്റിൽ ക്ലിക്ക് ചെയ്ത് Edit Connections തിരഞ്ഞെടുത്താലും മതി.

  കൂടുതൽ വിവരങ്ങൾക്ക് പേജ്20 നോക്കുക.

ഡിസ്‌പ്ലെ ക്രമീകരണങ്ങൾ (Display Settings)

- System Settings ലുള്ള Devices ടാബിലാണ് കമ്പ്യൂട്ടറിന്റെ ഡിസ്‌പ്ലെ ക്രമീകരണങ്ങളുള്ളത്. കമ്പ്യൂട്ടർ ഡിസ്‌പ്ലെയുടെ Resolution, Orientation തുടങ്ങിയവ ക്രമീകരിക്കുന്നത് ഈ ജാലകത്തിലാണ്.
- ലാപ്‌ടോപ്പ് പ്രൊജക്ടറുമായി കണക്ട് ചെയ്യുമ്പോൾ മൂന്നു തരത്തിലുള്ള ഡിസ്‌പ്ലെ മോഡുകൾ ലഭ്യമാകും.



- Join Displays : ലാപ്ടോപ്പ് സ്ക്രീനിലും പ്രൊജക്ടറിലും വ്യത്യസ്ത ഡിസ്പ്ലെ (Extended Display) ലഭ്യമാകുന്നു. പ്രസന്റേഷൻ പ്രവർത്തിപ്പിക്കാൻ അനുയോജ്യമായ ഡിസ്പ്ലെ മോഡാണ് ഇത്.
- Single Display : ലാപ്ടോപ്പ് സ്ക്രീനിലോ, പ്രൊജക്ടറിലോ ഏതെങ്കിലും ഒന്നിൽ മാത്രം ഡിസ്പ്ലെ ലഭ്യമാകുന്നു.
- Mirror: ലാപ്ടോപ്പ് സ്ക്രീനിലും പ്രൊജക്ടറിലും ഒരേ ഡിസ്പ്ലെ ലഭ്യമാകുന്നു.

സാധാരണയായി ലാപ്ടോപ്പ് പ്രൊജക്ടറുമായി കണക്ട് ചെയ്ത് Mirror ഡിസ്പ്ലെ ക്രമീകരിച്ച്, സ്ക്രീൻ Resolution 1024 x 768 (4:3) ആയി ക്രമീകരിക്കുന്നതാണ് ക്ലാസ്സ് മുറികൾക്ക് അഭികാമ്യം.

കീബോർഡ് ഷോർട്ട്കട്ടുകൾ (Keyboard Shortcuts)

കമ്പ്യൂട്ടറിൽ ഓപ്പറേറ്റിങ് സിസ്റ്റം ഉപയോഗിക്കുന്ന കീബോർഡ് ഷോർട്ട്കട്ടുകൾ കാണാനും മാറ്റങ്ങൾ വരുത്താനുമുള്ള സൗകര്യം System Settings ലുള്ള Devices ടാബിലെ Keyboard എന്ന ജാലകത്തിലുണ്ട്.



പ്രദർശിപ്പിച്ചിട്ടുള്ള ഓരോ കീബോർഡ് ഷോർട്ട്കട്ടുകളിലും ക്ലിക്ക് ചെയ്ത് പുതിയ ഷോർട്ട്കട്ട്

നൽകുക. തുടർന്ന് Set ക്ലിക്ക് ചെയ്താൽ പുതിയ ഷോർട്ട്കട്ട് ചേർക്കപ്പെടും (ആവശ്യമെങ്കിൽ Backspace ഉപയോഗിച്ച് നിലവിലുള്ള ഷോർട്ട്കട്ട് ഒഴിവാക്കാം).

മൗസ് /ടച്ച്പാഡ് ക്രമീകരണം (Mouse & Touchpad).

- System Settings ലുള്ള Devices ടാബിലെ Mouse & Touchpad ലാണ് മൗസ് /ടച്ച്പാഡ് ബട്ടൺ ക്രമീകരണങ്ങൾ ഉള്ളത്.

പ്രിന്ററുകൾ ഉൾപ്പെടുത്തുന്നതിനും നീക്കം ചെയ്യുന്നതിനും (Printers)

- പ്രിന്ററുകൾ കണക്ട് ചെയ്യുമ്പോൾ തന്നെ സാധാരണഗതിയിൽ അവ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യപ്പെടും. ഈ രീതിയിൽ Add ചെയ്യപ്പെടാത്ത സന്ദർഭങ്ങളിലും പ്രിന്ററുമായി ബന്ധപ്പെട്ട മറ്റ് ക്രമീകരണങ്ങൾ നടത്തുന്നതിനും System Tools മെനുവിലുള്ള Printers (Applications → System Tools → Printers) അല്ലെങ്കൽ, System Settings ലുള്ള Devices ടാബിലെ Printers ഉപയോഗിക്കാം. ജാലകത്തിലുള്ള Add Printer ക്ലിക്ക് ചെയ്ത് പുതിയ പ്രിന്റർ ഉൾപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് പേജ് 25 നോക്കുക.

> CD/DVD/Pendrive തുടങ്ങിയവ കമ്പ്യൂട്ടറിൽ ഇൻസർട്ട് ചെയ്യുമ്പോൾ അവ ഡീഫോൾട്ടായി ഏങ്ങിനെ പ്രവർത്തിക്കണം എന്ന് മുൻകൂട്ടി സെറ്റ ചെയ്തു വെയ്ക്കാനുള്ള സൗകര്യം System Settings ലുള്ള Devices ടാബിലെ Removable Media എന്ന ഭാഗത്ത് ലഭ്യമാണ്.

കമ്പ്യൂട്ടറിനെക്കുറിച്ചുള്ള വിവരങ്ങൾ (System Details)

- ഉപയോഗിക്കുന്ന കമ്പ്യൂട്ടറിനെക്കുറിച്ചും ഓപ്പറേറ്റിങ് സിസ്റ്റത്തെക്കുറിച്ചുമുള്ള പ്രാഥമിക വിവരങ്ങൾ System Settings ലുള്ള Details ടാബിലെ About എന്ന ജാലകത്തിൽ ലഭ്യമാണ്. ഇതേ വിവരങ്ങൾ മുകളിലെ പാനലിൽ വലതുവശത്തായി കാണുന്ന കമ്പ്യൂട്ടറിന്റെ ഐക്കണിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന പോപ്പ്ഡൗൺ ജാലകത്തിലെ About This Computer എന്ന മെനുവിലും ലഭ്യമാണ്.



സമയവും തിയ്യതിയും ക്രമീകരിക്കാം (Time & Date)

- Automatic Date & Time ഓൺ ചെയ്ത് ഇന്റർനെറ്റുമായി കണക്ട് ചെയ്താൽ സമയം Time zone നനുസരിച്ച് മാറ്റി ക്രമീകരിക്കപ്പെടും.
- System Settings ലുള്ള Details ടാബിലെ Date & Time ജാലകത്തിൽ സമയം, തിയ്യതി എന്നിവ ക്രമീകരിക്കാനുള്ള സൗകര്യം ലഭ്യമാണ്.
- ജാലകത്തിൽ കാണുന്ന Automatic Date & Time ഓഫ് ചെയ്ത് Date & Time തിരഞ്ഞടുക്കുക. സമയവും തിയതിയും ക്രമീകരിച്ചശേഷം close ബട്ടൺ ക്ലിക്ക് ചെയ്യുക.

  

  കമ്പ്യൂട്ടറിന്റെ സമയവും തിയ്യതിയും മാറിയിട്ടുണ്ടാകും (ആവശ്യമെങ്കിൽ Logout ചെയത് Login ചെയ്യുക).
- Time Format (AM/PM – 24 Hour) തിരഞ്ഞെടുക്കുന്നതിന് ഈ ജാലകത്തി സൗകര്യമുണ്ട്.

യൂസർ അക്കൗണ്ടുകൾ (Users)

- പുതിയ യൂസർ അക്കൗണ്ട് നിർമിക്കുന്നതിനും നിലവിലുള്ള ഒരു യൂസറിന്റെ വിവരങ്ങൾ എഡിറ്റുചെയ്യുന്നതിനുമുള്ള സൗകര്യം System Settings ലുള്ള Details ടാബിലെ Users എന്ന ജാലകത്തിൽ ലഭ്യമാണ്. യൂസർ നിർമാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് പേജ് 56 നോക്കുക.

ഡിഫോൾട്ട് അപ്ലിക്കേഷനുകൾ (Default Applications)

- കമ്പ്യൂട്ടറിൽ ഫയലുകളും മറ്റും കൈകാര്യം ചെയ്യുമ്പോൾ അവ ഡിഫോൾട്ടായി ഏത് ആപ്ലിക്കേഷനിലാണ് തുറക്കേണ്ടത് എന്ന് ഒരു യൂസർക്ക് സെറ്റ് ചെയ്യാനുള്ള സൗകര്യം System Settings ലുള്ള Details ടാബിലെ Default Applications എന്ന ജാലകത്തിൽ ലഭ്യമാണ്.



സിസ്റ്റത്തിന്റെ കെട്ടും മട്ടും മാറ്റാം (System Appearance, Theme)

ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ കെട്ടിലും മട്ടിലും മാറ്റം വരുത്തി ഉപയോക്താവിന് താത്പര്യമുള്ള രീതിയിൽ കമ്പ്യൂട്ടറിനെ മാറ്റിയെടുക്കുന്നതിനുള്ള സൗകര്യം Tweaks എന്ന അപ്ലിക്കേഷനിൽ ലഭ്യമാണ്.



- Applications > System Tools > Preferences > Tweaks എന്ന രീതിയിൽ ക്ലിക്ക് ചെയ്താണ് ഈ ആപ്ലിക്കേഷൻ തുറക്കേണ്ടത്. പ്രധാനജാലകത്തിൽ Appearance, Desktop, Fonts തുടങ്ങി സിസ്റ്റത്തിൽ ധാരാളം മാറ്റങ്ങൾ വരുത്തുന്നതിന് Tweaks ൽ സൗകര്യമുണ്ട്.

ഡസ്ക്ടോപ് തീം മാറ്റുന്നതിന് (Desktop Theme)

- Tweaks ജാലകത്തിൽ Appearance ടാബിൽ തീമുകൾ മാറ്റാനുള്ള സൗകര്യമുണ്ട്.
  - Default Applications Theme _ Radiance
  - Default Cursor Theme – DMZ–White
  - Default icons Theme – Yaru
- ഡസ്ക്ടോപ് ബാക്ക്ഗ്രൗണ്ട് ഇമേജ്, ലോക്ക്സ്ക്രീൻ ഇമേജ് തുടങ്ങിയവ ക്രമീകരിക്കാനുള്ള സൗകര്യം ഈ ജാലകത്തിലുണ്ട്.

ഡസ്ക്ടോപ് ഐക്കണുകൾ (Desktop Icons)

- Tweaks ജാലകത്തിൽ Desktop ടാബിൽ ഡസ്ക്ടോപ്പിൽ കാണേണ്ട ഐക്കണുകൾ ക്രമീകരിക്കാം.

ഡെസ്ക്ടോപ്പിന്റെ ഇന്റർഫേസ് ഫോണ്ട് മാറ്റാം (Desktop Interface Font)



- സിസ്റ്റത്തിൽ ഡെസ്ക്ടോപ്പ് ഐക്കണുകളും അപ്ലിക്കേഷനുകളും പ്രദർശിപ്പിക്കപ്പെടുന്ന അക്ഷരശൈലിയിൽ മാറ്റം വരുത്താനുള്ള സൗകര്യം Tweaks ജാലകത്തിലെ Fonts ടാബിലുണ്ട്.

നെറ്റ്വർക്ക് ക്രമീകരണങ്ങൾ (Network Settings)

കമ്പ്യൂട്ടറുകളെയും പ്രിന്റർ, സ്കാനർ തുടങ്ങിയ ഘടകങ്ങളേയും പരസ്പരം വിവര വിനിമയം സാധ്യമാകത്തക്ക വിധം തമ്മിൽ ഘടിപ്പിക്കുന്നതിനാണ് നെറ്റ്വർക്ക് സംവിധാനങ്ങൾ ഉപയോഗിക്കുന്നത്. വയേർഡ്, വയർലസ്സ്, ബ്ലൂടൂത്ത് എന്നിങ്ങനെ വിവിധ തരത്തിലുള്ള നെറ്റ്വർക്കുകൾ ക്രമീകരിക്കാവുന്നതാണ്. ഡെസ്ക്ടോപിലെ മുകൾ പാനലിലുള്ള നെറ്റ്വർക്ക് ഇൻഡിക്കേറ്റർ അപ്‌ലെറ്റിൽ ക്ലിക്ക ചെയ്താൽ ലഭ്യമായ കണക്ഷനുകൾ അവിടെ ദൃശ്യമാവും.

ലഭ്യമായ കണക്ഷനുകളിൽ ഏതാണോ കണക്റ്റ് ചെയ്യേണ്ടത് ആ പേരിൽ ക്ലിക്ക് ചെയ്യതാൽ മതി. പാസ്‌വേർഡ് ആവശ്യപ്പെടുമ്പോൾ അത് നൽകണം.



Network Connections ജാലകത്തിലെ ലഭ്യമായ കണക്ഷനുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും കഴിയും. അതിന് നെറ്റ്ര്‍വർക്ക് ഇൻഡിക്കേറ്ററിൽ ക്ലിക്ക് ചെയ്ത് ലഭിക്കുന്ന ഡ്രോപ്ഡൗൺ മെനുവിൽനിന്നും ചുവടെയുള്ള Edit Connection കണക്ഷൻ ക്ലിക്ക് ചെയ്യുക. തുടർന്ന് മാറ്റം വരുത്തേണ്ട കണക്ഷൻ സെലക്റ്റ് ചെയ്യുക. ചുവടെയുള്ള Edit the selected connection ൽ ക്ലിക്ക് ചെയ്യുക. ലഭിക്കുന്ന ജാലകത്തിൽ പാസ്‌വേർഡ് കാണാനും ആവശ്യമെങ്കിൽ ക്രമീകരിക്കാനും സ്ഥിരം ഐ.പി മേൽവിലാസം ക്രമീകരിക്കാനും കഴിയും.

അതിൽ തന്നെയുള്ള + (Add a new connection) ബട്ടണിൽ ക്ലിക്ക് ചെയ്താൽ നമുക്ക് ആവശ്യമായ പുതിയ കണക്ഷൻ നിർമിക്കാൻ സാധിക്കും. അവിടെ Ethernet, Wi-Fi, Mobile Broadband എന്നിങ്ങനെയുള്ള വിവിധ രീതിയിലുള്ള കണക്ഷനുകൾ ഉണ്ടാക്കാനും നെറ്റ്വർക്കുകളും ഉപകരണങ്ങളും Bridge ചെയ്യാനും Bond ചെയ്യാനും ആവശ്യമായ സജ്ജീകരണങ്ങളും ക്രമീകരിക്കാനും കഴിയും. അവിടെ തന്നെ ലഭ്യമായ Wi-Fi,

Bluetooth എന്നിവയിൽ വയർലസ് കണക്ഷനുകളും ബ്ലൂട്ടൂത്ത് കണക്ഷനും കാണാനും ക്രമീകരിക്കാനും സാധിക്കും.

ഈ ക്രമീകരണങ്ങളെല്ലാം System Settings ലെ Network എന്ന ഭാഗത്തും ചെയ്യാം.



Wi-Fi Connections

പാനലിലെ നെറ്റ്വർക് ഐക്കണിൽ ക്ലിക്ക് ചെയ്ത് ലഭ്യമായ വൈഫൈ കണക്ഷനുകളിൽ നിന്നും നിങ്ങളുടെ നെറ്റ്വർക്ക് സെലക്റ്റ് ചെയ്യാം എന്ന് സൂചിപ്പിച്ചു.

System Settings ലെ WI-Fi സെറ്റിങ്ങ്സിൽ Wi-Fi കണക്ഷൻ ഓഫാക്കാനും ഓണാക്കാനും സാധിക്കും. കണക്ഷനുകൾക്കുനേരെ കാണുന്ന സെറ്റിംഗ്സ് ബട്ടണിൽ ക്ലിക്ക് ചെയ്ത് നിങ്ങളുടെ കണക്ഷനുകൾ കാണാനും പാസ്വേർഡ് ക്രമീകരിക്കാനും സൗകര്യമുണ്ട്.



Wi-Fi Hotspot

വയേർഡ് കണക്ഷൻ വഴി ഇന്റർനെറ്റ് ലഭ്യമായ ഒരു ലാപ്ടോപ്പിനെ വയർലസ്സ് ഹോട്സ്പോട്ട് ആയി ഉപയോഗിച്ച് ഇന്റർനെറ്റ് കണക്ഷൻ മറ്റ് ഉപകരണങ്ങളുമായി ഷെയർ ചെയ്യാം.



അതിനായി System Settings ലെ Wi-Fi തിരഞ്ഞെടുക്കുമ്പോൾ കാണുന്ന ON/OF ന് തൊട്ട് വലതു വശത്തുള്ള ബട്ടണിൽ ക്ലിക്ക് ചെയ്ത് Turn on Wi-Fi Hotspot ചെയ്താൽ ലഭിക്കുന്ന ജാലകത്തിൽ Turn on നൽകിയാൽ കണക്ഷന്റെ പേരും പാസ്‌വേർഡും ലഭ്യമാകും. പാനലിലെ നെറ്റ്‌വർക്ക് ഐക്കണിൽ ലഭിക്കുന്ന എഡിറ്റ് കണക്ഷനിൽ Hotspot എന്നത് തിരഞ്ഞെടുത്ത് പാസ്‌വേർഡും മറ്റും പുനക്രമീകരിക്കാം. മറ്റ് ഉപകരണങ്ങളിൽ നിന്നും ഈ ഹോട്സ്പോട്ട് ലഭ്യമാകാൻ പാസ്‌വേർഡ് നൽകി കണക്റ്റ് ചെയ്താൽ മതി. ഇങ്ങനെ ഒരുപകരണം ഉപയോഗിക്കുമ്പോൾ അത് നിലവിൽ വയർലസ്സ് രീതിയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നുവെങ്കിൽ അത് ഡിസ്കണക്റ്റ് ചെയ്യപ്പെടും എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക.

Bluetooth Connection

പാനലിലെ Bluetooth ഐക്കൺ ON അവസ്ഥയിലേക്ക് മാറ്റുക. Visible എന്ന ബട്ടണും ON പൊസിഷനിലേക്ക് മാറ്റിയാൽ മാത്രമേ . ബ്ലൂടൂത്ത് സൗകര്യം ലഭ്യമായ ഉപകരണങ്ങൾ അവിടെ ലിസ്റ്റ് ചെയ്യും. തുടർന്ന് ഉപകരണങ്ങളിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന PIN ഒത്തുനോക്കി അവ പെയർ ചെയ്ത് ഫയലുകൾ ഫോണുകളുമായും മറ്റ് ലാപ്ടോപ്പുകളുമായും കൈമാറാം. System Settings ലെ Bluetooth എന്നതുവഴിയും ബ്ലൂട്ടൂത്ത് സെറ്റിങ്സിലേക്ക് എത്താം.

മറ്റ് കമ്പ്യൂട്ടറുകളുമായുള്ള ഫയൽ കൈമാറ്റം (File sharing)

ഒരു നെറ്റ്‌വർക്കിലുള്ള കമ്പ്യൂട്ടറുകൾ തമ്മിൽ ഫയലുകളും ഫോൾഡറുകളും കൈമാറ്റം ചെയ്യാനും ഉപകരണങ്ങൾ പങ്കുവെക്കാനും സാധിക്കും. ഇതിനായി ssh, samba എന്നീ സങ്കേതങ്ങൾ OS ൽ ലഭ്യമാണ്.

ssh ഉപയോഗിച്ച് ഫയലുകൾ കൈമാറുന്നതിനുവേണ്ടി Places മെനുവിലെ Network ലെ Other Locations ക്ലിക്ക് ചെയ്യുക. ചുവടെ ലഭിക്കുന്ന Connect to Server എന്നതിൽ **ssh://** എന്നതിനുശേഷം ഫയലുകൾ കൈമാറേണ്ട കമ്പ്യൂട്ടറിന്റെ IP Address നൽകി (ഉദാഹരണം-ssh://10.42.0.29) കണക്റ്റ് ക്ലിക്ക് ചെയ്യുക. ആ കമ്പ്യൂട്ടറിന്റെ യൂസർ നാമവും പാസ്‌വേർഡും നൽകിയാൽ ഫയലുകൾ പരസ്പരം ലഭ്യമാക്കാനും കൈമാറാനും സാധിക്കും.

samba ഉപയോഗിച്ച് ഫയലുകൾ കൈമാറുന്നതിന് ഒരു Shared Folder ആവശ്യമാണ്

ഫോൾഡറുകൾ ഷെയർ ചെയ്യൽ (Folder sharing)

ഷെയർ ചെയ്യേണ്ട ഫോൾഡറിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Local Network Share എന്നുള്ളത് ക്ലിക്ക് ചെയ്ത് ലഭിക്കുന്ന ജാലകത്തിൽ ആവശ്യമായ ക്രമീകരണം നടത്തിയാൽ മതി.

Places മെനുവിൽ നിന്നും Network തിരഞ്ഞെടുത്താൽ ആ നെറ്റ്‌വർക്കിൽ കണക്ട് ചെയ്തിരിക്കുന്ന എല്ലാ കമ്പ്യൂട്ടറുകളും അവിടെ ദൃശ്യമാകും.

ഇവിടെനിന്നും ഒരു കമ്പ്യൂട്ടർ അതിലെ ഷെയേർഡ് ഫോൾഡറിലുള്ള ഫയലുകൾ കോപ്പി ചെയ്യാൻ സാധിക്കും.

Places Network ൽ എല്ലാ കമ്പ്യൂട്ടറുകളും കാണുന്നില്ലെങ്കിൽ Connect to Server വഴി smb://ip_address എന്ന് നൽകി (ഉദാ. sbm://192.168.1.119) മറ്റൊരു കമ്പ്യൂട്ടറിലെ ഷെയേർഡ് ഫോൾഡർ തുറക്കാവുന്നതാണ്.

ഡെസ്ക്ടോപ്പ് ഷെയറിങ് (Desktop Sharing, Remote Desktop Viewer)

നിങ്ങളുടെ സിസ്റ്റത്തിലിരുന്നുകൊണ്ട് മറ്റൊരു സിസ്റ്റത്തെ നിയന്ത്രിക്കാനും ഫയലുകൾ കാണാനും സാധിക്കുന്ന അപ്ളിക്കേഷനുകളും ഉണ്ട്. അത്തരത്തിലുള്ള അപ്ലിക്കേഷനുകളാണ് Remote Desktop Viewer, Remmina Remote Desktop Client എന്നിവ.

ഇങ്ങനെ ഡെസ്ക്ടോപ്പുകൾ ഷെയർ ചെയ്യണമെങ്കിൽ ആദ്യം System Settings ൽ നിന്നും Sharing സെലക്റ്റ് ചെയ്ത് Scree Sharing എന്നത് Active എന്നാക്കുകയും Remote Login ഓണാക്കുകയും വേണം. Scree Sharing എന്നതിൽ ഡസ്ക്ടോപ്പ് നിയന്ത്രിക്കാനുള്ള അനുവാദം നൽകാനും പാസ്‌വേർഡ് ക്രമീകരിക്കാനും സാധിക്കും.



തുടർന്ന് Internet മെനുവിലെ Remote Desktop Viewer തുറന്ന് Protocol എന്നത് VNC ആക്കി മാറ്റി Host എന്നതിൽ കണക്റ്റ് ചെയ്യേണ്ട സിസ്റ്റത്തിന്റെ IP Address നൽകുക.



പ്രിന്ററുകൾ ഇൻസ്റ്റാൾ ചെയ്യാൻ (Printers)

Applications മെനുവിലെ System Tools ൽ ഉള്ള Printers ഉപയോഗിച്ചോ System Settings ലെ Devices ൽ ഉള്ള Printers ഉപയോഗിച്ചോ പ്രിന്ററുകൾ ക്രമീകരിക്കുന്നതിനുള്ള ജാലകം തുറക്കാം. നിലവിൽ ലഭ്യമായിട്ടുള്ള പ്രിന്ററുകൾ അവിടെ ലിസ്റ്റ് ചെയ്യും.



പുതുതായി കമ്പ്യൂട്ടറിൽ പ്രിന്റർ ഇൻസ്റ്റാൾ ചെയ്യുമ്പോൾ, നിലവിൽ ഓപ്പറേറ്റിങ് സിസ്റ്റത്തിൽ ഡ്രൈവർ പാക്കേജുകൾ ലഭ്യമായ പ്രിന്ററുകൾ കണക്റ്റ് ചെയ്തു ഉടനെ സ്വതവേ തന്നെ ഇൻസ്റ്റാൾ ചെയ്യപ്പെടും. തുറന്നു വരുന്ന പ്രിന്റർ ജാലകത്തിൽ അത് ദൃശ്യമാകും. അങ്ങിനെ കാണപ്പെടാത്ത സന്ദർഭങ്ങളിൽ പ്രിന്റർ Add ചെയ്യുന്നതിനും ഇൻസ്റ്റാൾ ചെയ്ത പ്രിന്ററുകളെ ഡിലീറ്റ് ചെയ്യുന്നതിനും Printers ജാലകം ഉപയോഗിക്കാം.

പ്രിന്ററുകളുടെ നെറ്റ്‌വർക്ക് ക്രമീകരണങ്ങൾ (പ്രിന്റർ ഷെയർ ചെയ്യുന്നതും മറ്റും) Printers ജാലകത്തിലെ Server മെനുവിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (System Settings ലെ Printers ൽ ഇത് Additional Printer Settings ലാണ് കാണുക.)

ഹാർഡ്‌വെയർ തിരിച്ചറിയുന്നതിന് (Hardware Information)

കമ്പ്യൂട്ടറിനുള്ളിലെ ഹാർഡ്‌വെയർ ഘടകങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും കൃത്യമായി മനസ്സിലാക്കാൻ സഹായിക്കുന്ന ചില അപ്ളിക്കേഷനുകളാണ് സിസ്ഇൻഫോ (Sysinfo), സിസ്റ്റം പ്രൊഫൈലർ & ബഞ്ച്മാർക്ക് (System Profiler and Benchmark), സിസ്റ്റം മോണിട്ടർ (System Monitor) എന്നിവ.

സിസ് ഇൻഫോ (Sysinfo)

നിങ്ങളുടെ സിസ്റ്റത്തിലെ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ സംബന്ധിച്ച അടിസ്ഥാനപരമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു യൂട്ടിലിറ്റി ആണ് Sysinfo. Applications മെനുവിലെ System Tools വഴി ഇതിലെത്താം. ഓപറേറ്റിങ് സിസ്റ്റത്തിന്റെ വേർഷൻ, CPU വിന്റെ പേര്–മോഡൽ, റാമിന്റെ അളവ്, പുറമേനിന്നും കണക്റ്റ് ചെയ്തിരിക്കുന്നതുൾപ്പെടെയുള്ള സംഭരണോപാധികൾ (Storage Devices), മദർ ബോർഡ്, ഗ്രാഫിക്സ് കാർഡ്, സൗണ്ട് കാർഡ്, നെറ്റ്‌വർക്ക് കാർഡ് എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ Sysinfo വഴി ലഭ്യമാകും.

സിസ്റ്റം പ്രൊഫൈലർ & ബഞ്ച്മാർക്ക് (System Profiler and Benchmark)

ഒരു സിസ്റ്റത്തിന്റെ വ്യത്യസ്തങ്ങളായ ഹാർഡ്‌വെയർ ഘടകങ്ങളെക്കുറിച്ചും അവയുടെ തൽസമയ പ്രവർത്തനശേഷിയെക്കുറിച്ചും വിശദമായ വിവരങ്ങൾ ലഭ്യമാക്കുന്ന ആപ്ലിക്കേഷനാണ് സിസ്റ്റം പ്രൊഫൈലർ ആൻഡ് ബഞ്ച്മാർക്ക് യൂട്ടിലിറ്റി.

System Tools മെനുവിലുള്ള ഈ യൂട്ടിലിറ്റി തുറന്നാൽ ഓപറേറ്റിങ് സിസ്റ്റം, CPU, RAM, Motherboard, Graphics, Storage , Peripherals എന്നിങ്ങനെ ഒരു സിസ്റ്റത്തിനെക്കുറിച്ചുള്ള അടിസ്ഥാനവിവരങ്ങളുടെ സംഗ്രഹം തുടങ്ങി വിവിധ പ്രവർത്തനങ്ങളുടെ പൂർണരൂപത്തിലുള്ള വിവരങ്ങൾ വരെ ലഭ്യമാണ്. മിക്ക പ്രവർത്തനങ്ങളുടെയും തൽസമയ സ്ഥിതിയുടെ റിപ്പോർട്ടുകൾ അതത് സമയം ജനറേറ്റ് ചെയ്ത് പ്രദർശിപ്പിക്കുകയും ചെയ്യും.

സിസ്റ്റം മോണിട്ടർ (System Monitor)

Applications മെനുവിലെ System Tools എന്നതിൽ ലഭ്യമായ മറ്റൊരു യുടിലിറ്റിയാണ് സിസ്റ്റം മോണിട്ടർ (System Monitor). ഇതിലെ Resource ടാബിൽ സിസ്റ്റത്തിലെ CPU, മെമ്മറി, സ്വാപ്, നെറ്റ്‌വർക്ക് എന്നിവയുടെ ശേഷിയുടെ എത്ര ശതമാനം ഉപയോഗിക്കുന്നു എന്ന് പ്രദർശിപ്പിക്കുന്നു.



തുറന്ന് വെച്ചിരിക്കുന്ന ഒരു കമ്പ്യൂട്ടറിൽ നടന്നുകൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ ഇതുപയോഗിക്കാം. ഏതൊക്കെ ആപ്ളിക്കേഷനുകളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്, അവ എത്ര CPU ശേഷി ഉപയോഗിക്കുന്നു, എത്ര മെമ്മറി ഉപയോഗിക്കുന്നു എന്നൊക്കെ ഇവിടെ മനസ്സിലാക്കാൻ കഴിയും. ഓരോ പ്രോസസ്സിലും റൈറ്റ് ക്ലിക്ക് ചെയ്ത് നിശ്ചിത പ്രവർത്തനങ്ങളുടെ മുൻഗണന മാറ്റാനും നിർത്താനും തുടരാനും പൂർണ്ണമായും ഉപേക്ഷിക്കാനും ഒക്കെ സാധിക്കും. കൂടുതൽ മെമ്മറിയും മറ്റും ഉപയോഗിക്കുകയും കമ്പ്യൂട്ടറിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന അപ്ളിക്കേഷനുകൾ കണ്ടെത്തി അവയുടെ പ്രവർത്തനം ഇതുവഴി അവസാനിപ്പിക്കാനും കമ്പ്യൂട്ടർ ഹാങ്ങാവുന്ന അവസ്ഥ ഒഴിവാക്കാനും സാധിക്കും.



ഇതുകൂടാതെ filesystem ടാബിൽ പുറമെനിന്നു കണക്റ്റ് ചെയ്തതുൾപ്പെടെയുള്ള സ്റ്റോറേജ് ഡിവൈസുകളുടെ പാർട്ടീഷനുകളും പേരും, ഉപയോഗിച്ചതും അവശേഷിക്കുന്നതും ആയ സംഭരണശേഷിയും ഇവിടെ നിന്നും മനസ്സിലാക്കാം.

ഓഡിയോ, വീഡിയോ സോഫ്റ്റ്‌വെയറുകൾ
(Audio, Video Applications)

ഓഡിയോ പ്ലെയറുകൾ (Audio Players)

Audacious

ശബ്ദഫയലുകൾ ഡിഫോൾട്ടായി പ്രവർത്തിക്കുന്ന ഓഡിയോപ്ലെയറാണിത്.



Applications → Sound &Video → Audacious എന്ന ക്രമത്തിൽ ഇത് തുറക്കാം.

- File മെനു വഴി Audio open ചെയ്യാനും,ഒന്നിൽ കൂടുതൽ ഓഡിയോ ഫയൽ Add ചെയ്യാനും സാധിക്കും.
- Playback മെനുവിൽ Repeat, Shuffle, Song Info തുടങ്ങിയ ക്രമീകരണങ്ങളുണ്ട്.
- Playlist മെനുവിൽ ഓഡിയോകൾ Sort ചെയ്യുക, പുതിയ Playlist കൾ നിർമ്മിക്കുക തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നു.
- Services ൽ നൽകിയിരിക്കുന്ന Play CD , Add CD ഉപയോഗിച്ച് CD യിലെ ഓഡിയോ ഫയലുകൾ പ്രവർത്തിപ്പിക്കാം. കൂടുതൽ Plugins ഇതു വഴി ചേർക്കാം.
- Output മെനുവിൽ ശബ്ദക്രമീകരണ സംവിധാനങ്ങളായ Volume Up, Volume Down, Equalizer, Effects തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നു.

Rhythmbox Music Player -3.4.2

ശബ്ദഫയലുകൾ പ്രവർത്തിപ്പിക്കാനുള്ള മറ്റൊരു സോഫ്റ്റ്വെയറാണിത്.



ഇതിൽ വിവിധ ഫോർമാറ്റിലുള്ള ഓഡിയോ ഫയലുകൾ സപ്പോർട്ട് ചെയ്യുന്നതാണ്. ഇന്റർനെറ്റ് റേഡിയോ, മ്യൂസിക് ഷെയറിംഗ് തുടങ്ങിയ നിരവധി ഓപ്ഷനുകൾ ഇതിലുണ്ട്.

വീഡിയോ പ്ലെയറുകൾ (Video Players)

ചലച്ചിത്ര ഫയലുകൾ പ്രവർത്തിപ്പിക്കുന്നതിനായി Videos (totem), Media Player (xplayer), SMPlayer, VLC media player, xine എന്നീ വീഡിയോ പ്ലെയറുകൾ ഈ OS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വീഡിയോ ഫയലുകളും എല്ലാ പ്ലെയറുകളിലും ശരിയായി പ്രവർത്തിക്കണമെന്നില്ല. ശബ്ദം കേൾക്കാതിരിക്കുകയോ, ശരിയായി കാണാതിരിക്കുകയോ ചെയ്യാം. ഒരു പ്ലെയറിൽ പ്രവർത്തിക്കാത്ത വീഡിയോ മറ്റൊരു പ്ലയറിൽ നന്നായി പ്രവർത്തിക്കുന്നതായി കണ്ടിട്ടുണ്ട്.

Videos (totem movie player)



വീഡിയോ പ്ലേ ചെയ്യുന്നതിനുള്ള ഡീഫോൾട്ട് പ്ലെയറാണിത്. ഇതിൽ ലാംഗ്വേജ് സെറ്റ് ചെയ്യുക , സബ്ടൈറ്റിലുകൾ ചേർക്കുക തുടങ്ങിയ സൗകര്യങ്ങൾ ഇതിൽ ലഭ്യമാണ്. ഇത് കമാന്റ് ലൈനിൽ പ്രവർത്തിപ്പിക്കാൻ `totem` എന്ന കമാന്റാണ് ഉപയോഗിക്കേണ്ടത്. (ഉദാ. `totem filename`)

SMPlayer



കൂടുതൽ സൗകര്യങ്ങളുള്ള mplayer അടിസ്ഥാനമാക്കിയുള്ള ഒരു വീഡിയോ പ്ലെയറാണ് SMPlayer. VCD, DVD എന്നിവ ഇതുപയോഗിച്ച് പ്രവർത്തിപ്പിക്കാൻ സാധിക്കും. വീഡിയോകളുടെ Orientation മാറ്റുന്നതിനുള്ള സൗകര്യം ഇതിലുണ്ട്. ഇടംവലം തിരിഞ്ഞതോ കീഴ്മേൽ മറിഞ്ഞതോ ആയ വീഡിയോകളെ ശരിയായ രീതിയിൽ

കാണാവുന്നതിനായി Video മെനുവിലെ Rotate, Flip Image, Mirror Image എന്നിവ ഉപയോഗിക്കാം. Video മെനുവിലെ Thumbnail Generator ഉപയോഗിച്ച് നിശ്ചിത സമയത്ത് പ്രവർത്തിക്കുന്ന വീഡിയോയുടെ ആവശ്യമായതത്രയും എണ്ണം തമ്പ് നെയിൽ നിർമ്മിക്കാം, സബ്ടൈറ്റിലുകൾ Subtitles എന്ന മെനുവിലൂടെ ചേർക്കാവുന്നതാണ്.

ഇത് കമാന്റ് ലൈനിൽ പ്രവർത്തിപ്പിക്കാൻ smplayer എന്ന കമാന്റാണ് ഉപയോഗിക്കേണ്ടത്. (ഉദാ. `VCD` പ്ലേ ചെയ്യാൻ `smplayer vcd://`)

Media Player (xplayer)

വീഡിയോ പ്രവർത്തിപ്പിക്കാൻ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന സോഫ്റ്റ്‌വെയറാണ് Media Player.

Repeat Mode, Shuffle mode, Take screenshot മുതലായവ Edit മെനുവിലും Rotate Clockwise, Rotate Counter-clockwise, സബ്ടൈറ്റിൽസ്, പ്ലേലിസ്റ്റ് എന്നിവ View മെനുവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. (ചിത്രം നോക്കുക)



ഇത് കമാന്റ് ലൈനിൽ പ്രവർത്തിപ്പിക്കാൻ xplayer എന്ന കമാന്റാണ് ഉപയോഗിക്കേണ്ടത്.

•

VLC media player

വളരെയധികം സൗകര്യങ്ങളുള്ള ഒരു Media Player ആണിത്. ഇത് ഒട്ടുമിക്ക വീഡിയോ-ഓഡിയോ ഫോർമാറ്റുകളെയും സപ്പോർട്ട് ചെയ്യുന്നു.



- File, Disc (VCD, DVD), Network, Capture Device എന്നീ സോഴ്സുകളിൽനിന്ന് വീഡിയോകൾ പ്രവർത്തിപ്പിക്കാൻ സാധിക്കും
- വിവിധ ഭാഷകളിൽ തയ്യാറാക്കിയ ഓഡിയോ ട്രാക്കുകൾ Audio → Audio Track എന്നീ രീതിയിൽ ക്രമീകരിച്ച് ആവശ്യമായ ഭാഷയിൽ കേൾക്കാനുള്ള സംവിധാനം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- Video മെനുവിൽ Zoom, Aspect Ratio, Crop, Take snapshot തുടങ്ങിയവ ചേർത്തിട്ടുണ്ട്.
- സബ്ടൈറ്റിൽസ് Subtitle → Add Subtitle എന്നീ ക്രമത്തിൽ ചേർത്ത് പ്രവർത്തിപ്പിക്കാം

vlc കമാന്റ് ലൈനിൽ പ്രവർത്തിപ്പിക്കാൻ vlc എന്ന കമാന്റാണ് ഉപയോഗിക്കേണ്ടത്.

(ഉദാ. https://www.youtube.com/watch?v=SkVqJ1SGeL0 എന്ന യൂട്യൂബ് വീഡിയോ vlc ഉപയോഗിച്ച് കാണാൻ `vlc https://www.youtube.com/watch?v=SkVqJ1SGeL0` എന്ന കമാന്റ് ഉപയോഗിച്ചാൽ മതി)

ഡിഫോൾട്ട് പ്ലെയർ മാറ്റാൻ (Change default Audio/Video Player)

വീഡിയോ ഫയലുകൾ തുറക്കുന്നത് ഡീഫോൾട്ടായി Videos എന്ന പ്ലേയറിലൂടെയാണ്. Videos ന്റെ പകരം മറ്റൊരു പ്ലെയർ ഡിഫോൾട്ടായി ക്രമീകരിക്കുന്നതിന് System Settings ലെ Details എന്ന ഭാഗത്തുള്ള Default Applications ൽ സൗകര്യമുണ്ട്. (ചിത്രം ശ്രദ്ധിക്കുക)



ശബ്ദ-ചലച്ചിത്ര കൺവെർട്ടറുകൾ (Audio – Video Converter)

ഈ OS ൽ ഉൾപ്പെടുത്തിയിട്ടുള്ള WinFF, Handbrake എന്നിവ ശബ്ദ-ചലചിത്ര ഫയലുകളുടെ ഫോർമാറ്റുകൾ മാറ്റുന്നതിനുള്ള സോഫ്റ്റ്‌വെയറുകളാണ്.

WinFF



- Add ബട്ടണിൽ ക്ലിക്ക് ചെയ്ത് മാറ്റം വരുത്തേണ്ട വീഡിയോ, ഓഡിയോ ഫയൽ ചേർക്കാം. ഒന്നിൽ കൂടുതൽ ഫയലുകൾ ചേർക്കാമെന്നത് ഈ സോഫ്റ്റ് വെയറിന്റെ പ്രത്യേകതയാണ്. ടെർമിനൽ വഴിയാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ സോഫ്റ്റ്‌വെയർ ക്ലോസ് ചെയ്താലും പ്രശ്നമുണ്ടാകില്ല.
- Convert to, Preset, Output Folder എന്നീ ഫീൽഡുകളിൽ ആവശ്യമായ മാറ്റം വരുത്തി Convert ബട്ടൺ ക്ലിക്ക് ചെയ്ത് File Conversion പൂർത്തീകരിക്കാം.

HandBrake (mp4 converter)

വീഡിയോകൾ mp4 , mkv എന്നീ ഫോർമാറ്റിലേക്ക് മാറ്റുന്നതിനുപയോഗിക്കുന്ന സോഫ്റ്റ്‌വെയറാണിത്. വ്യക്തതക്കുറവില്ലാതെ മാറ്റങ്ങൾ വരുത്താമെന്നത് ഇതിന്റെ എടുത്ത് പറയാവുന്ന പ്രത്യേകതയാണ്.



- Open Source എന്ന ബട്ടൺ ഉപയോഗിച്ചോ, File → Open Source വഴിയോ ഫയൽ ചേർക്കാം.
- Dimensions, Filters, Video, Audio എന്ന ഫീൽഡുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുക.
- Output ഫയലിൽ സബ്ടൈറ്റിലുകൾ ചേർക്കാൻ Subtitles എന്നതിൽ ക്ലിക്ക് ചെയ്ത് മുൻകൂട്ടി തയ്യാറാക്കിയ .srt ഫയലുകൾ import ചെയ്യാം.
- ഡിഫോൾട്ടായി .m4v (ipod/itunes friendly file extension) ആയാണ് Save ആകുക. .mp4 ആയി സേവ് ചെയ്യാൻ File → Preference ൽ Use ipod/itunes friendly file extension എന്നത് അൺചെക്ക് ചെയ്യുക.
- Start Encoding ൽ ക്ലിക്ക് ചെയ്ത് File Conversion പൂർത്തീകരിക്കാം.

ഓഡിയോ വീഡിയോ, എഡിറ്റിങ്ങ് സോഫ്റ്റ്‌വെയറുകൾ.

ഓഡിയോ എഡിറ്റർ – ഒഡാസിറ്റി (Audio Editing – Audacity)

Audacity യാണ് ഓഡിയോ എഡിറ്റിങ്ങിനായി ചേർത്തിരിക്കുന്ന സോഫ്റ്റ്‌വെയർ. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ശബ്ദം റിക്കോഡു ചെയ്ത് എഡിറ്റ് ചെയ്യാം.



- വീഡിയോ ഫയലുകളിൽ നിന്നും ഓഡിയോ മാത്രം വേർപ്പെടുത്താനുള്ള സൗകര്യം ഒഡാസിറ്റിയിൽ ലഭ്യമാണ്. വീഡിയോ ഫയലുകളെ ഒഡാസിറ്റിയിൽ തുറക്കുമ്പോൾ അവയിലെ ഓഡിയോ ഫയലുകൾ മാത്രം Extract ചെയ്താണ് സോഫ്റ്റ്‌വെയറിലേക്ക് ഇംപോർട്ട് ആവുന്നത്.
- Split Cut, Split Delete, Silence Audio, Trim Audio എന്നിവ Edit → Remove Special എന്ന മെനുവിലും Split, Join എന്നിവ Edit → Clip Boundaries എന്ന മെനുവിലുമാണ് ക്രമീകരിച്ചിരിക്കുന്നത്.

വീഡിയോ എഡിറ്ററുകൾ(Video Editor)

Avidemux 2.7, Open Shot Video Editor, Kdenlive എന്നിവയാണ് ഇതിലുള്ള വീഡിയോ എഡിറ്ററുകൾ. Applications → Sound &Video എന്ന മെനുവിൽ ഇവ കാണാം.

Avidemux – Video cutter

Avidemux 2.7 .1 വെർഷനാണ് ഇതിൽ ചേർത്തിരിക്കുന്നത്. ലളിതമായ രീതിയിൽ വിഡിയോകൾ കട്ട് ചെയ്യാനും കൂട്ടി ചേർക്കാനും സഹായിക്കുന്ന സോഫ്റ്റ്‌വെയറാണിത്.



എഡിറ്റു ചെയ്യേണ്ട വീഡിയോയുടെ അതേ ഫോർമാറ്റിന് അനുയോജ്യമായ Output Format തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കുക. ഉദാഹരണത്തിന് .mp4 ഫോർമാറ്റിലുള്ള വിഡിയോയുടെ Output ഫോർമാറ്റ് MP4 Muxer തന്നെ തെരഞ്ഞെടുക്കുക.

Audio മെനു വഴി ഒന്നിൽ കൂടുതൽ ട്രാക്കുകൾ ചേർത്ത് വീഡിയോയുമായി യോജിപ്പിക്കാം.

File → Save ക്ലിക്ക് ചെയ്യുന്നതോടെ എഡിറ്റിംഗ് പൂർത്തിയാകും.

OpenShot Video Editor – വിഡിയോ എഡിറ്റർ

ഓപ്പൺ ഷോട്ട് വിഡിയോ എഡിറ്ററിന്റെ 2.4.1 വെർഷനാണിത്.എളുപ്പത്തിൽ വിഡിയോ എഡിറ്റ് ചെയ്യാനും അനുയോജ്യമായ രീതിയിൽ എക്സ്പോർട്ട് ചെയ്യാനും സാധിക്കും.പ്രവർത്തനങ്ങൾ ഇടയ്ക്കിടെ സേവ് ചെയ്യാൻ മറക്കരുത്.



- ഓഡിയോ വീഡിയോ ഫയലുകൾ File → Import Files എന്ന ക്രമത്തിൽ Project Files ലേക്ക് Add ചെയ്യാവുന്നതാണ്.
- എഡിറ്റ് ചെയ്ത വിഡിയോ File → Export Video ക്ലിക്ക് ചെയ്ത് നിശ്ചിതഫോർമാറ്റിൽ സേവ് ചെയ്യാവുന്നതാണ്.

Kdenlive – Video Editor

ശബ്ദ–ചലചിത്രഫയലുകൾ എഡിറ്റ് ചെയ്യാൻ ഏറെ ഉപകാരപ്രദമായ സോഫ്റ്റ്‌വെയറാണിത്. HD വീഡിയോകൾ വ്യക്തത കുറയാതെ ഇതിൽ എഡിറ്റ് ചെയ്യാനാകും.



- File → Sound & Video → Kdenlive എന്ന ക്രമത്തിൽ Kdenlive തുറക്കാം.
- New ക്ലിക്ക് ചെയ്ത് നിശ്ചിത Preset ഉള്ള ഡോക്യുമെന്റ് തുറക്കുക.(HD 1080p 25 fps ആണ് ഡിഫോൾട്ടായി സെറ്റ് ചെയ്തിരിക്കുന്നത്)
- Project മെനുവിൽ Add Clip ഉപയോഗിച്ച് ശബ്ദ–ചലചിത്രഫയലുകൾ പ്രൊജക്ടിലേക്ക് ചേർക്കാവുന്നതാണ്.
- വീഡിയോ ഓഡിയോ ഫയലുകൾ ശരിയായ ട്രാക്കിലേക്ക് ചേർക്കുക.
- ട്രാക്കിലേക്കിടാതെ തന്നെ Project Bin ലുള്ള വീഡിയോകൾ Clip Monitor സെലക്ട് ചെയ്ത് എഡിറ്റ് ചെയ്യാവുന്നതാണ്. ട്രാക്കിലുള്ള വീഡിയോ/ഓഡിയോ Project Monitor സെലക്ട് ചെയ്താണ് എഡിറ്റ് ചെയ്യേണ്ടത്.
- Clip ലെ Split Audio വഴി വീഡിയോയിലെ ശബ്ദം വേർതിരിച്ച് മാറ്റങ്ങൾ വരുത്താം.
- Render ക്ലിക്ക് ചെയ്ത് എഡിറ്റിംഗ് പൂർത്തിയാക്കാം.

സബ്ടൈറ്റിലുകൾ ഉൾപ്പെടുത്താൻ (Subtitles)

വീഡിയോകൾ പ്രവർത്തിക്കുന്നതിനോടൊപ്പം താഴെ സബ്ടൈറ്റിലുകൾ കാണുന്നത് പലപ്പോഴും ഉപകാരപ്രദമാകും. ഇതിനായി Sound & Video യിലെ Subtitle Editor എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കാം.



- സോഫ്റ്റ്‌വെയർ തുറന്ന് File ലെ New ക്ലിക്ക് ചെയ്യുക.
- Video → Open വഴി വീഡിയോ ചേർക്കുക.
- കീബോർഡിലെ Ins എന്ന കീ അമർത്തി (Edit →I nsert After) ടൈറ്റിൽ പ്രദർശിപ്പിക്കേണ്ട സമയം കണ്ടെത്തി Start, End, Text എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി File → Save ചെയ്യുക (വീഡിയോ, .srt എന്നിവയ്ക്ക് ഒരേ പേരു തന്നെ നൽകാൻ ശ്രദ്ധിക്കുക).
- HandBrake സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഇവ യോജിപ്പിച്ച് പ്രവർത്തിപ്പിക്കാം.

ഓഡിയോ സി ഡി എക്സ്ട്രാക്റ്റ് ചെയ്യുന്നതിന്. (Extract Audio CD)

Sound &Video മെനുവിലെ Sound Juicer(3.24.0) ഓഡിയോ സി.ഡി യിൽ നിന്ന് ഓഡിയോ എക്സ്ട്രാക്റ്റ് ചെയ്യുവാൻ ഉപയോഗിക്കാം.

വിഡിയോ സി ഡി കോപ്പി ചെയ്യുന്നതിന്. (Copy VCD)

Home ലെ VCD_Copy എന്ന ഫോൾഡറിലെ copy-vcd (Command line Software) എന്നത് വീഡിയോ സി.ഡി യിൽ നിന്ന് വീഡിയോ എക്സ്ട്രാക്റ്റ് ചെയ്യാൻ ഉപയോഗിക്കാം.(*VCD ഡ്രൈവിലിട്ട് copy-vcd യിൽ ഡബിൾ ക്ലിക്ക് ചെയ്യുക*)

വീഡിയോ സിഡി പ്രവർത്തിപ്പിക്കുന്നതിന് (Play VCD)

സിഡി ഡ്രൈവിൽ വിസിഡി / ഡിവിഡി ഇടുക. പ്രത്യക്ഷപ്പെടുന്ന ജാലകം ക്ലോസ് ചെയ്ത് Applications → Sound&Video → Play VCD പ്രവർത്തിപ്പിക്കുക.

വെബ് ക്യാം സോഫ്റ്റ്‌വെയറുകൾ (Web cam)

Cheese Webcam Booth, GTK UVC video viewer എന്നിവയാണ് ഇതിലെ വെബ്ക്യാം സോഫ്റ്റ്‌വെയറുകൾ. GTK UVC video viewer ൽ വിവിധ തരത്തിലുള്ള Image &Video Capturing മോഡുകളുണ്ട്.

പിയാനോ കീ ബോർഡ് (MIDI Piano Keyboard)

Applications → Sound &Video എന്നീ ക്രമത്തിൽ VMPK തുറക്കാം.



MIDI സിന്തെസൈസർ പ്രവർത്തിപ്പിക്കാവുന്ന VMPK (Virtual MIDI Piano Keyboard) എന്ന അപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ Sound & Video യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശബ്ദക്രമീകരണങ്ങൾ - Sound Settings

ഓഡിയോ വീഡിയോ ഫയലുകൾ പ്രവർത്തിപ്പിക്കുക, ഓഡാസിറ്റിയിൽ ശബ്ദം റെക്കോഡ് ചെയ്യുക എന്നീ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുൻപ് സിസ്റ്റത്തിൽ ശബ്ദക്രമീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ഇതിനായി System Settings ലെ Sound ഉപയോഗിക്കുക



പ്രൊജക്ടർ HDMI കേബിൾ വഴി ഘടിപ്പിച്ച സിസ്റ്റത്തിന്റെ ശബ്ദക്രമീകരണജാലകം ചുവടെ കൊടുത്തിരിക്കുന്നു. ശബ്ദം Speaker വഴി ലഭിക്കാൻ Choose a device for sound output എന്നത് Headphones–Built in Audio സെലക്ട് ചെയ്യണം.



ശബ്ദം റിക്കോഡ് ചെയ്യുമ്പോൾ ഇൻപുട്ട് വോള്യം ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ശബ്ദം ഡിസ്റ്റോൾഡഡ് ആകാത്ത തരത്തിൽ Input Level നോക്കി ഇൻപുട്ട് വോള്യം ക്രമീകരിക്കുക. ഇൻപുട്ട് വോള്യം വളരെ കുറച്ച് വച്ചാൽ ശബ്ദം എടുക്കാതിരിക്കുകയും വളരെ കൂട്ടി വച്ചാൽ പുറമെ നിന്നുള്ള ചെറിയ ശബ്ദങ്ങൾ പോലും റിക്കോഡാകുകയും ചെയ്യും.

സ്ക്രീൻ റെക്കോർഡറുകൾ (Screen Recording)

കമ്പ്യൂട്ടറിന്റെ ഡസ്ക്ടോപ്പ് സ്ക്രീനിൽ ചെയ്യുന്ന വിവിധ പ്രവർത്തനങ്ങൾ അതേ പടി റിക്കോർഡ് ചെയ്ത് വീഡിയോ ആക്കി മാറ്റി ട്യൂട്ടോറിയലുകളും മറ്റും നിർമിക്കാറുണ്ടല്ലോ. അത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന വ്യത്യസ്ത സൗകര്യങ്ങളടങ്ങിയ നിരവധി സ്ക്രീൻ റിക്കോർഡിങ് സോഫ്റ്റ്‌വെയറുകൾ ലഭ്യമാണ്. കസം (Kazam), സിമ്പിൾ സ്ക്രീൻ റിക്കോർഡർ (SimpleScreenRecorder), റിക്കോർഡ് മൈ ഡസ്ക്ടോപ്പ് (RecordMyDesktop) എന്നിവ ഈ OS ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ Sound&Video മെനുവിൽ ലഭ്യമാണ്.

കസം (Kazam – Screen Recorder)

ലളിതവും സമഗ്രവും ആയ സ്ക്രീൻ റിക്കോർഡർ ആണ് കസം. സ്ക്രീൻ ഷോട്ടുകൾ എടുക്കാനുള്ള സൗകര്യവും ഇതിൽ ലഭ്യമാണ്. മുഴുവൻ സ്ക്രീൻ, ആവശ്യമുള്ള ജാലകം, ഒരു നിശ്ചിത ഭാഗം മാത്രം എന്നിങ്ങനെ വ്യത്യസ്ത രീതിയിൽ ഇതുപയോഗിച്ച് റിക്കോർഡിങ് നടത്താം. mp4, avi, webm എന്നിങ്ങനെ വ്യത്യസ്ത ഫോർമാറ്റുകളിൽ വീഡിയോ ഔട്ട്പുട്ട് ലഭ്യമാക്കാം. മൈക്രോഫോണിൽ നിന്നോ സ്പീക്കറിൽ നിന്നോ ഉള്ള ശബ്ദം റിക്കോർഡ് ചെയ്യാം.



റിക്കോർഡ് മൈ ഡെസ്ക്ടോപ്പ് (RecordMyDesktop - Screen Recorder)

വിവിധ തരത്തിലുള്ള റിക്കോർഡിങ് സാധ്യമായ ഒരു സ്ക്രീൻ കാസ്റ്റിങ് സോഫ്റ്റ് വെയർ. recordmydesktop എന്ന കമാൻഡുപയോഗിച്ച് ടെർമിനലിലും പ്രവർത്തിപ്പിക്കാം.

ശബ്ദം റിക്കോർഡ് ചെയ്യാനും ഒരു ജാലകം മാത്രമോ സ്ക്രീനിന്റെ നിശ്ചിത ഭാഗം മാത്രമോ റിക്കോർഡ് ചെയ്യാനും ഇതിൽ സൗകര്യം ലഭ്യമാണ്. ogv ഫോർമാറ്റിലാണ് ഇവിടെ വീഡിയോ സേവ് ചെയ്യപ്പെടുന്നത്.

Advanced ബട്ടണിൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ സൗകര്യങ്ങൾ ലഭ്യമാണ്.



സിമ്പിൾ സ്ക്രീൻ റിക്കോർഡർ (SimpleScreenRecorder)

സ്ക്രീൻ റിക്കോർഡിങ്ങിനുള്ള മറ്റൊരു ലളിതമായ ആപ്ലിക്കേഷൻ. MKV, MP4, WebM, OGG തുടങ്ങിയ വ്യത്യസ്തങ്ങളായ വീഡിയോ ഫോർമാറ്റുകളെ പിൻതുണയ്ക്കുന്നു. സൗകര്യമനുസരിച്ച് വിവിധ സോഴ്സുകളിൽനിന്നും ശബ്ദം റിക്കോർഡു ചെയ്യാം. ആവശ്യമായ ഭാഗം മാത്രം സെലക്റ്റ് ചെയ്യാനും ലൈവ് ആയി റിക്കോർഡിങ് കാണാനും സൗകര്യം.



വോക്കോസ്ക്രീൻ (vokoscreen)

വ്യത്യസ്ത ഫോർമാറ്റുകളെ പിൻതുണയ്ക്കുന്ന ലളിതമായ ഈ അപ്ലിക്കേഷന്റെ ഏറ്റവും വലിയ പ്രത്യേകത സ്ക്രീൻ റിക്കോർഡിങ്ങിനോടൊപ്പം വെബ്കാം റിക്കോർഡിങ് കൂടി നടത്താൻ സാധിക്കും എന്നതാണ്.



യൂട്ടിലിറ്റികൾ (Utilities)

ആപ്ലിക്കേഷൻസ് മെനു ക്രമീകരിക്കാം (Menu Editor)

- Applications മെനുവിലെ വിവിധ എൻട്രികൾ ഒഴിവാക്കുന്നതിനും ക്രമീകരിക്കുന്നതിനും പുതിയവ ചേർക്കുന്നതിനുമുള്ള സൗകര്യം ഓപ്പറേറ്റിങ് സിസ്റ്റം നൽകുന്നുണ്ട്.



- ഡസ്ക്ടോപ്പിലെ മുകളിലെ പാനലിലെ മെയിൻമെനുവിൽ മൗസിന്റെ വലതുബട്ടൺ ക്ലിക്ക് ചെയ്ത് Edit Menus ക്ലിക്ക് ചെയ്യുക. മെനു എഡിറ്റ് ചെയ്യുന്നതിനുള്ള ജാലകം ലഭിക്കും. (Applications > Accessories > Main Menu എന്ന ക്രമത്തിലും ഈ ജാലകത്തിലെത്താം).

ഫയലുകൾ തിരയാം (File / Folder Search)

- ഓപ്പറേറ്റിങ് സിസ്റ്റത്തിൽ ഉപയോഗിച്ചിരിക്കുന്നത് Nautilus ഫയൽ മാനേജരാണ്. ഫോൾഡർ / ഡ്രൈവ് തുറന്ന് മുകളിലുള്ള Search ഐക്കണിൽ ക്ലിക്ക് ചെയ്ത് File Name / File Extension എന്നിവ ഏതെങ്കിലും ടൈപ്പ് ചെയ്ത് Search ചെയ്യാം. എന്നാൽ ഇവിടെ ഫയൽ last modified date വെച്ച് search ലഭ്യമല്ല Search Result നെ സോർട്ട് ചെയ്യാനും കഴിയില്ല.



- Advanced Search
  - Applications > Accessories > Catfish File Search തുറന്ന് കൂടുതൽ സൗകര്യങ്ങളോടെ Search സാധ്യമാണ്. Catfish File Search തുറന്ന് ഫോൾഡർ / ഡ്രൈവ് തിരഞ്ഞെടുക്കുക (മൗണ്ട് ചെയ്ത ഡ്രൈവുകൾ മാത്രമേ ഇവിടെ ലഭ്യമാകൂ). Search ബോക്സിൽ File Name / File Extension എന്നിവ ഏതെങ്കിലും ടൈപ്പ് ചെയ്ത് Search ബട്ടൺ ക്ലിക്ക് ചെയ്യുക.
  - Name wise, Date wise, size wise, location name wise എന്നിങ്ങനെ സോർട്ടിങ് സൗകര്യവും Catfish File Search ൽ ലഭ്യമാണ്.



ഫയലുകൾ കംപ്രസ് ചെയ്യാൻ (File Compression): ആർക്കൈവ് മാനേജർ (Archive manager)

ഫയലുകളെയോ ഫോൾഡറുകളെയോ ചേർത്ത് സൈസ് കുറച്ച്, കംപ്രസ് ചെയ്ത് ആർക്കൈവുകൾ ഉണ്ടാക്കാനുള്ള അപ്ലിക്കേഷൻ ആണ് ഇത്. ആർക്കൈവുകൾ ഉണ്ടാക്കാനോ, നേരത്തേയുള്ള ആർക്കൈവുകളിലെ ഫയലുകൾ എക്സ്ട്രാക്ട് ചെയ്യെടുക്കാനോ, ആർക്കൈവുകൾക്ക് മാറ്റം വരുത്താനോ ഒക്കെ ഈ അപ്ലിക്കേഷൻ ഉപയോഗിക്കാം. തയ്യാറാക്കുന്ന ആർക്കൈവുകൾക്ക് പാസ് വേർഡ് നൽകി സുരക്ഷിത മാക്കാനും കഴിയും.

പ്രധാനമായും രണ്ട് രീതിയിൽ ആർക്കൈവ് മാനേജർ പ്രവർത്തിപ്പിക്കാം.

രീതി 1.

Compress ചെയ്യേണ്ട ഫയലുകളെയും ഫോൾഡറുകളെയും ഒരേ ഫോൾഡറിൽ കൊണ്ടുവച്ച്, ഫോൾഡറിനുമുകളിൽ മൗസിന്റെ വലതു ബട്ടൻ ക്ലിക്ക് ചെയ്ത് compress എന്ന ഓപ്ഷൻ എടുക്കുക. തുറന്ന് വരുന്ന വിൻഡോയിൽ പേരും ഫയൽ ടൈപ്പും കൂടി നൽകി Create ബട്ടൺ അമർത്തുമ്പോൾ അതേ ഫോൾഡറിന്റെ ആർക്കൈവ് സൃഷ്ടിക്കപ്പെട്ടിട്ടുണ്ടാകും.



ഈ രീതിയിൽ ആർക്കൈവുണ്ടാക്കുമ്പോൾ .zip, .tar.xz, .7z എന്നീ മൂന്ന് ഫയൽ ടൈപ്പുകൾ മാത്രമേ ലഭ്യമാവൂ. പാസ് വേഡ് നൽകാനും സാധിക്കില്ല. അത്തരം ആവശ്യങ്ങൾക്ക് താഴെ കൊടുത്ത രണ്ടാമത്തെ രീതി അവലംബിക്കുന്നതാവും ഉചിതം. അല്ലെങ്കിൽ ഈ ആർക്കൈവ് ഡബിൾ ക്ലിക് ചെയ്ത് തുറന്ന് മുകളിലെ ഓപഷൻ ബട്ടനിൽ ക്ലിക്ക് ചെയ്ത് save as നൽകി ഫയൽ ടൈപ്പ് മാറ്റുകയോ , Password നൽകുകയോ ചെയ്യാം



- ആർക്കൈവുകൾ തുറക്കുകയും കാണുകയും ചെയ്യുന്നതിന്: ആർക്കൈവ് ഫയലിനുമുകളിൽ ഡബിൾ ക്ലിക് ചെയ്തോ റൈറ്റ് ക്ലിക് ചെയ്ത് Open With Archive Manager സെലക്ട് ചെയ്തോ ഇവ തുറക്കാം. അതിനുശേഷം പുതിയ ഫയലുകൾ ചേർക്കുകയോ നിലവിലുള്ളവ delete ചെയ്യുകയോ ചെയ്യാം. എക്സ്ട്രാക്ട് ചെയ്യാം. F9 കീ അമർത്തിയാൽ എളുപ്പത്തിൽ തിരയാം.
- ആർക്കൈവുകൾ എക്സ്ട്രാക്ട് ചെയ്യുന്നതിന് : ആർക്കൈവ് ഫയലിനുമുകളിൽ റൈറ്റ് ക്ലിക് ചെയ്യുക. Open With Archive Manager. Extract Here, Extract to... എന്നീ ഓപ്ഷനുകളിൽ ഏതെങ്കിലും സെലക്ട് ചെയ്ത് ആർക്കൈവ് ചെയ്ത ഫയലുകളെ എക്സ്ട്രാക്ട് ചെയ്യാം.

രീതി 2.

Applications→ Accessories→ Archive manager എന്ന ക്രമത്തിൽ അപ്ലിക്കേഷൻ തുറക്കുക.

കമ്പ്രസ് ചെയ്യേണ്ട ഫോൾഡർ അല്ലെങ്കിൽ ഫയൽ Archive Manager ജാലകത്തിലേക്ക് ഡ്രാഗ് ചെയ്യുക.



അപ്പോൾ പ്രത്യക്ഷപ്പെടുന്ന മെസേജ് ജാലകത്തിലെ Create Archive ൽ ക്ലിക്ക് ചെയ്യുക.



Filename, Location എന്നിവ സെലക്ട് ചെയ്ത് ആവശ്യമായ ഫോർമാറ്റ് (tar.gz, tar മുതലായവ) തിരഞ്ഞെടുത്ത് Save ബട്ടൺ ക്ലിക്ക് ചെയ്യുക.

Title bar ന്റെ ഏറ്റവും ഇടതുവശത്തുള്ള ബട്ടൺ ക്ലിക്ക് ചെയ്ത് New Archive എടുത്തും കമ്പ്രസ് ചെയ്യാം

ഇവിടെ ക്ലിക്ക് ചെയ്ത് പുതിയ ആർക്കൈവ് സൃഷ്ടിക്കാം



ടാസ്കുകൾ ക്രമീകരിച്ചുവെക്കാൻ - To Do ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ

നമ്മളുടെ ഓരോ ദിവസവും വളരെ തിരക്ക പിടിച്ചതാണല്ലോ? ഓരോ ദിവസവും ചെയ്തുതീർക്കേണ്ട കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തിവെക്കാൻ കഴിഞ്ഞാൽ നന്നാവില്ലേ? To Do എന്ന സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ എങ്ങനെയാണ് അത് ചെയ്യുന്നതെന്ന് നോക്കാം.

- Applications – Accessories – To Do എന്ന ക്രമത്തിൽ To Do തുറക്കുക.
- മുകളിൽ കാണുന്ന Lists എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ഇടതുവശത്ത് പ്രത്യക്ഷമാവുന്ന New List ബട്ടൺ ക്ലിക്ക് ചെയ്ത് ഒരു പേര് നൽകി പുതിയ ലിസ്റ്റ് നിർമിക്കുക. (മുകളിൽ Lists ബട്ടൺ കാണുന്നില്ലെങ്കിൽ ഇടതുവശത്തെ Lessthan ബട്ടൺ ക്ലിക്ക് ചെയ്ത് Lists ദൃശ്യമാക്കാം)
- തുടർന്ന് പുതിയലിസ്റ്റിൽ ക്ലിക്ക് ചെയ്യുമ്പോൾ പ്രത്യക്ഷമാവുന്ന + അടയാളത്തോടുകൂടിയ ബോക്സിൽ ചെയ്യാനുള്ള ടാസ്കിന്റെ തലക്കെട്ട് മാത്രം ടൈപ്പ് ചെയ്ത് (ഉദാ: Meeting) എന്റർ കീ അമർത്തുക.
- ഇപ്പോൾ നാം നൽകിയ ടാസ്ക് ഹെഡിങ് ദൃശ്യമാവുകയും അടുത്ത ടാസ്കിന്റെ പേര് കൊടുക്കാനുള്ള ബോക്സും വന്നിട്ടുണ്ടാവും.
- ടാസ്ക് ഹെഡിങ്ങിന്റെ ഇടതുവശത്തായി കാണുന്ന മൂന്ന് വരകൾ കാണിക്കുന്ന ബട്ടണോ വലതുവശത്തായി കാണുന്ന എക്സ്പാൻഷൻ ബട്ടണോ ക്ലിക്ക് ചെയ്ത് ഓരോ ടാസ്കിന്റേയും വിശദാംശങ്ങൾ (Notes, Due Date, Priority) കൊടുക്കുക.
- ഇതേപോലെ ഓരോ ടാസ്കും അതിന്റെ വിശദാംശങ്ങളും ചേർക്കുക.
- ഏതെങ്കിലും ടാസ്ക് ഡിലിറ്റ് ചെയ്യണമെങ്കിൽ ടാസ്കിന്റെ ഇടതുവശത്തുള്ള ചെറിയ സമചതുരം ക്ലിക്ക് ചെയ്യുക.
- മുകളിൽ കാണുന്ന Scheduled ബട്ടൺ ക്ലിക്ക് ചെയ്ത് ഷെഡ്യൂൾ ചെയ്ത ടാസ്കുകൾ തീയതി ക്രമത്തിൽ (തീയതികൾ കൊടുത്തിട്ടുണ്ടെങ്കിൽ) ലിസ്റ്റ് ചെയ്യപ്പെടും.
- ഇന്ന് ചെയ്യേണ്ട ടാസ്കുകൾ മാത്രം കാണാൻ Today ബട്ടൺ ക്ലിക്ക് ചെയ്താൽ മതിയാകും.



ടാസ്കുകൾ ക്രമീകരിച്ചുവെക്കാൻ - Calendar ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ

ഓരോ ദിവസവും ചെയ്തുതീർക്കേണ്ട കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തിവെക്കാൻ Calendar എന്ന സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ എങ്ങനെയാണ് അത് ചെയ്യുന്നതെന്ന് നോക്കാം.

- Applications – Office – Calendar എന്ന ക്രമത്തിൽ calendar തുറക്കുക.
- നിലവിലുള്ള മാസത്തിന്റെ കലണ്ടർ ദൃശ്യമാവും.
- തീയതികളിൽ ക്ലിക്ക് ചെയ്ത് ആ ദിവസത്തെ Event ടൈപ്പ് ചെയ്ത് കൂടുതൽ വിശദാംശങ്ങൾ ചേർക്കാൻ Edit Details ക്ലിക്ക് ചെയ്യുക. തുടർന്ന് ഈവന്റുമായി ബന്ധപ്പെട്ട വിവരങ്ങൾ അതത് ബോക്സുകളിൽ ചേർത്ത് Done ബട്ടൺ ക്ലിക്ക് ചെയ്യുക.
- ഈവന്റുകൾ ഡിലിറ്റ് ചെയ്യാൻ ഈവന്റ് ക്ലിക്ക് ചെയ്താൽ വരുന്ന ജാലകത്തിലെ Delete Event ബട്ടൺ ക്ലിക്ക് ചെയ്യുക.


Today
Week
Month
Year
March
2019
SUN
MON
TUE
WED
THU
FRI
SAT
Workshop
DC Meeting
Sunday - Holi...

ഡിസ്ക്പാർട്ടീഷനുകളെക്കുറിച്ചറിയാം (Disk Utility)

സിസ്റ്റം പാർട്ടീഷനുകളെയും എക്സ്റ്റേണൽ മീഡിയാ ഡ്രൈവുകളെയും കൈകാര്യം ചെയ്യാൻ സഹായിക്കുന്ന ഗ്രാഫിക്കൽ യൂട്ടിലിറ്റിയാണ് ഗ്നോം-ഡിസ്ക്സ്. gnome-disk-utility എന്ന പാക്കേജിന്റെ ഭാഗമായുള്ള ടൂളാണിത്. gnome-disk-utility യുടെ 3.28.3 പതിപ്പാണിവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സംവിധാനമുപയോഗിച്ച്,

- സിസ്റ്റത്തിൽ ലഭ്യമായ വിവര സംഭരണോപാധികൾ എതെല്ലാമെന്ന് കാണാം.
- ഡ്രൈവ് പാർട്ടീഷനുകളെ കുറിച്ചുള്ള വിവരങ്ങൾ (File Type,Size, etc...)അറിയാം.
- ഡ്രൈവ് പാർട്ടീഷനുകൾ മൗണ്ട് (Mount) ചെയ്യാം അൺ-മൗണ്ട് (UnMount) ചെയ്യാം.
- ഡ്രൈവ് ഫോർമാറ്റ് ചെയ്യാം, പാർട്ടീഷനുകൾ നിർമ്മിക്കാം ഡിലീറ്റ് ചെയ്യാം, എഡിറ്റ് ചെയ്യാം.

Applications > Accessories > Disks എന്ന ക്രമത്തിൽ ഈ ടൂൾഉപയോഗിക്കാം.



ഡിസ്ക് പാർട്ടീഷൻ ചെയ്യാം (GParted Partition Editor)

ഫയൽസിസ്റ്റം പാർട്ടീഷൻ ടേബിളുകളെയും എക്സ്റ്റേണൽ മീഡിയാ ഡ്രൈവുകളെയും കൈകാര്യം ചെയ്യാൻ ഐ.ടി@സ്കൂൾ ഗ്നു/ലിനക്സിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട ഒരു ഗ്രാഫിക്കൽ യൂട്ടിലിറ്റിയാണ് ജിപാർട്ടഡ്. ഡിസ്ക് പാർട്ടീഷനുകൾ ഫോർമാറ്റ് ചെയ്യുക, പുതിയ പാർട്ടീഷൻ ടേബിൾ നിർമ്മിക്കുക, പാർട്ടീഷനുകൾ റീസൈസ് ചെയ്യുക, ഫയൽസിസ്റ്റം/പാർട്ടീഷൻ മൗണ്ട് ചെയ്യുക-അൺമൗണ്ട് ചെയ്യുക, MBR പാർട്ടീഷൻ തയാറാക്കുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് ഈ ടൂൾ

വളരെ ഉപയോഗപ്രദമാണ്. Applications > System Tools > GParted Partition Editor എന്ന ക്രമത്തിൽ ഈ ടൂൾ ഉപയോഗിക്കാം.



ഫയൽ ചെക്ക്സം പരിശോധിക്കാം (checksum)

ഒരു ഡിജിറ്റൽ ഫയലിന്റെ checksum അളവുകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കണ്ടെത്തുന്നതിന് ഐ.ടി@സ്കൂൾ ഗ്നു/ലിനക്സിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു യൂട്ടിലിറ്റിയാണ് ജി.ടി.കെ.ഹാഷ്. ഫയലുകൾ ഒരു ഡ്രൈവിൽനിന്ന് മറ്റൊന്നിലേക്ക് പകർത്തുമ്പോഴോ സംഭരിക്കുമ്പോഴോ വരാവുന്ന പിശകുകൾ കണ്ടെത്തുന്നതിന് ആ ഫയലിന്റെ checksum പരിശോധിക്കാം. ഫയൽ പൂർണമായും ഡൗൺലോഡ്/കോപ്പി ചെയ്തു എന്ന് പരിശോധിക്കുന്നതിന് പ്രസ്തുത ഫയലിന്റെ ചെക്ക്സം പരിശോധിച്ചാണ് ഉറപ്പ് വരുത്തുന്നത്. SHA, MD5 തുടങ്ങിയ നിരവധി checksum അൽഗോരിതങ്ങൾ ജി.ടി.കെ.ഹാഷ് പിന്തുണയ്ക്കുന്നു.

- Applications --> Accessories --> GtkHash എന്ന ക്രമത്തിൽ ഇത് പ്രവർത്തിപ്പിക്കാം.
- ഫയലിന്റെ ലഭ്യമായ വിവരങ്ങൾ നൽകി checksum പരിശോധിക്കാം.



- Edit –> Preferences വഴി വിവിധ checksum ഫങ്ഷനുകൾ സെലക്ട് ചെയ്യാം.

ബൂട്ട്‌ലോഡർ ക്രമീകരിക്കാം (Boot loader)

ഗ്നു/ലിനക്സിലെ ബൂട്ട് ലോഡർ സംവിധാനമായ Grub2 വിന്റെ ക്രമീകരണങ്ങളിൽ മാറ്റം വരുത്താൻ സഹായിക്കുന്ന ഒരു GUI സംവിധാനമാണ് ഗ്രബ് കസ്റ്റമൈസർ. ഇതിന്റെ 5.1.0 പതിപ്പാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ സംവിധാനമുപയോഗിച്ച്,

- ബൂട്ട് ലോഡർ ക്രമീകരിക്കാം
- ബൂട്ട് ലോഡർ എൻട്രി ക്രമീകരിക്കാം/എൻട്രി ഒഴിവാക്കാം-ഉൾപ്പെടുത്താം.
- ബൂട്ട് ലോഡർ റെസൊല്യൂഷൻ ക്രമീകരിക്കാം
- ബൂട്ട് ലോഡർ പശ്ചാത്തലചിത്രം ക്രമീകരിക്കാം
- Applications-System Tools -Administration- Grub Customizer എന്ന ക്രമത്തിൽ ഇത് പ്രവർത്തിപ്പിക്കാം.



ഈ ടൂൾ ഉപയോഗിച്ച് ബൂട്ട്‌ലോഡർ എൻട്രി ക്രമീകരിക്കുന്ന വിധം താഴെ നൽകുന്നു.

- Grub Customizer തുറക്കുക.
- തുറന്നു വരുന്ന ജാലകത്തിൽ നിന്നും General Settings തുറക്കുക.
- Default entry എന്നതിനു താഴെയുള്ള Predefined ലിസ്റ്റിൽ നിന്നും ഡീഫാൾട്ട് ആയി ബൂട്ട് ചെയ്യേണ്ട OS/ kernal എൻട്രി തിരഞ്ഞെടുക്കുക.
- Save ചെയ്ത് ജാലകം ക്ലോസ് ചെയ്യുക.

ബൂട്ടബിൾ ഡിസ്ക് തയാറാക്കാം (Bootable Disc)

ഉബുണ്ടു ഒ.എസ്. ഇൻസ്റ്റാൾ ചെയ്യുന്നതിന് സഹായിക്കുന്ന ബൂട്ടബിൾ ലൈവ് (യുഎസ്ബി) ഡിസ്ക് തയാറാക്കുന്നതിനായി ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്ന യൂട്ടിലിറ്റിയാണ് സ്റ്റാർട്ടപ്പ് ഡിസ്ക് ക്രിയേറ്റർ. ഉബുണ്ടു ഒ.എസിന്റെ ലൈവ് സിഡി ഉപയോഗിച്ചോ iso ഇമേജ് ഫയൽ ഉപയോഗിച്ചോ ബൂട്ടബിൾ സിഡി തയാറാക്കാം. Applications-System Tools -Administration- Startup Disk Creator എന്ന ക്രമത്തിൽ ഇത് പ്രവർത്തിപ്പിക്കാം.

പ്രത്യേക ശ്രദ്ധക്ക്: ഈ ടൂൾ ഉപയോഗിച്ച് ബൂട്ടബിൾ ഡിസ്ക് തയാറാക്കാൻ എക്സ്റ്റേണൽ ഹാർഡ് ഡിസ്കോ ഒന്നിൽകൂടുതൽ പാർട്ടീഷ്യനുകളുള്ള പെൻഡ്രൈവോ ഉപയോഗിക്കരുത്. ഡിസ്ക് പൂർണമായും ഫോർമാറ്റ് ആവുന്നതാണ്.



യൂസർ അക്കൗണ്ട് സജ്ജീകരിക്കാം (Users and Groups)

പുതിയ യൂസർ അക്കൗണ്ട് നിർമ്മിക്കുക, നിലവിലുള്ള യൂസർ അക്കൗണ്ട് ഡിലിറ്റ് ചെയ്യുക, Account Type, Login Options എന്നിവ സജ്ജീകരിക്കുക, Password മാറ്റൽ, യൂസർ ഗ്രൂപ്പ് ക്രമീകരണം എന്നിവയ്ക്കായി ഉപയോഗിക്കുന്ന സംവിധാനമാണ് Users and Groups.

Applications → System Tools → Administration → Users and Groups എന്ന രീതിയിൽ ക്ലിക്ക് ചെയ്ത് ഈ സംവിധാനം ഉപയോഗിക്കാം.

ഈ ജാലകത്തിൽ ലഭ്യമായ Advanced Settings സൗകര്യം ഉപയോഗിച്ച് യൂസർ പ്രിവിലെജുകൾ സജ്ജീകരിക്കാം.

ഇവിടെ വരുത്തുന്ന ഓരോ ക്രമീകരണത്തിനും അഡ്മിനിസ്ട്രേറ്റീവ് പാസ്‌വേഡ് ആവശ്യമായി വരുന്നതാണ്.



Backups

ഫയലുകളോ ഫോൾഡറുകളോ അപ്രതീക്ഷിതമായി നഷ്ടപ്പെട്ടാലോ കംപ്യൂട്ടറിന് അപ്രതീക്ഷിതമായി ഘടനാ മാറ്റം സംഭവിച്ചാലോ അവ തിരിച്ചെത്തിക്കാവുന്ന മാർഗമാണ് Backups. Applications → Accessories → Backups എന്ന രീതിയിൽ ഇവിടെയെത്താം. ബാക് അപ് ഓൺ ചെയ്ത് വയ്ക്കാനോ ഓഫ് ചെയ്യാനോ കഴിയും. Deja Dup Backup tool എന്ന സോഫ്റ്റ് വെയറാണ് ഇതിൽ പ്രവർത്തിക്കുന്നത്. സോഫ്റ്റ് വെയർ തുറന്നാൽ താഴെപറയുന്ന സംവിധാനങ്ങൾ കാണാം.

- Overview : അവസാനമായി ബാക്അപ് ചെയ്തതിന്റെ വിവരങ്ങളും അടുത്ത ബാക്അപിന്റെ വിവരങ്ങളും ഇവിടെ ഉണ്ടാവും. ഇത് ആദ്യമായി ഉപയോഗിക്കുമ്പോൾ duplicity എന്ന സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യാൻ ആവശ്യപ്പെടും. കംപ്യൂട്ടർ ഇന്റർനെറ്റിൽ ആണെങ്കിൽ ഈ സോഫ്റ്റ് വെയർ സ്വയമേവ ഇൻസ്റ്റാൾ ആവും.
- Folders to save : ഏതൊക്കെ ഫയലുകളാണ് സംരക്ഷിക്കപ്പെടേണ്ടത് എന്ന് ഇവിടെ തീരുമാനിക്കാം. സാധാരണഗതിയിൽ ഹോം ഫോൾഡർ മുഴുവനായും ബാക്അപിൽ സംരക്ഷിക്കപ്പെടും
- Folders to ignore : ഏതൊക്കെ ഫയലുകൾ ഒഴിവാക്കണമെന്ന് തീരുമാനിക്കാം. ഫോൾഡറുകൾ നഷ്ടപ്പെട്ടാൽ തിരിച്ചെടുക്കപ്പെടേണ്ടതില്ലാത്ത ഫോൾഡറുകൾ ഇവിടെ ചേർക്കുക
- Storage Location : എവിടെയാണ് നമ്മുടെ ബാക്അപ് ഡാറ്റ സൂക്ഷിക്കേണ്ടത് എന്ന് ഇവിടെ നൽകാം. ഓൺലൈനായോ ഓഫ് ലൈനായോ ഡാറ്റാ ബാക്അപ് സൂക്ഷിക്കാം.
- Scheduling : ബാക്അപ് നടത്തപ്പെടേണ്ട ഇടവേളകൾ തീരുമാനിക്കാം.

ഡോക്യുമെന്റുകൾ വായിക്കുന്നതിനും തയാറാക്കുന്നതിനും

(Documents and Office Packages)

വിവധ ഭാഷകളിൽ ഡോക്യുമെന്റുകൾ തയാറാക്കുന്നതിനുള്ള സൗകര്യങ്ങൾ ഈ ഓപ്പറേറ്റിങ് സിസ്റ്റത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷിനു പുറമെ, മലയാളം, ഹിന്ദി, തമിഴ്, കന്നട, സംസ്കൃതം, അറബി, ഉറുദു മുതലായ ഭാഷകൾക്കാവശ്യമായ ഫോണ്ടുകൾ ലഭ്യമാക്കിയിട്ടുണ്ട്.

മലയാളം ടെകസ്റ്റ് ഇൻപുട്ട് ചെയ്യുന്നതിന്

1. Keyboards

മലയാളത്തിലുള്ള വിവരങ്ങൾ ടൈപ്പ് ചെയ്യുന്നതിനായി ഇൻസ്ക്രിപ്റ്റ് എൻഹാൻസ്ഡ് കീബോർഡ് ലേഔട്ടാണ് സ്വീകരിച്ചിരിക്കുന്നത്. ഈ ലേഔട്ടിൽ ചില്ലക്ഷരങ്ങൾ താഴെ പറയുന്ന രണ്ടു രീതികളിലും ടൈപ്പ് ചെയ്യാം.

- ചില്ലക്ഷരങ്ങൾ ടൈപ്പ് ചെയ്യുന്നതിന് സ്വന്തമായി നിയോഗിച്ചിട്ടുള്ള കീകൾ ഉപയോഗിച്ച് (ആണവ ചില്ല്)
- ന + ് + Joiner → ൻ എന്ന രീതിയിൽ പല കീകൾ ഉൾപ്പെടുന്ന കോമ്പിനേഷൻ ഉപയോഗിച്ച് (വിഘടിത ചില്ല്)

എങ്കിലും, ഒരു കീ മാത്രം ടൈപ്പ് ചെയ്ത് ചില്ലക്ഷരം ഇൻപുട്ട് ചെയ്യുന്ന രീതിയിലേക്ക് മലയാളം ഭാഷാ ഇൻപുട്ട് മാനകീകരിച്ചിരിക്കുന്നതിനാൽ ആദ്യ രീതിയിലുള്ള ഇൻപുട്ട് രീതിതന്നെ സ്വീകരിക്കേണ്ടതാണ്.

2. കീബോർഡ് ലേ-ഔട്ട് ആവശ്യമായ ഭാഷയിലേക്ക് സജ്ജീകരിക്കാൻ

ഇംഗ്ലീഷിനു പുറമെ മലയാളം ഇൻസ്ക്രിപ്റ്റ് കീബോർഡ് ലേഔട്ടും ഡിഫോൾട്ടായി ഈ OS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയത് ചേർക്കാനും നിലവിലുള്ളവയിൽ മാറ്റം വരുത്താനുമുള്ള സൗകര്യം System Settings ലെ Region & Language ൽ ആണുള്ളത്.

പുതിയ ഭാഷ (ഉദാ. ഹിന്ദി) ഉൾപ്പെടുത്താൻ Input Sources എന്നതിനു താഴെയുള്ള + ബട്ടണിൽ ക്ലിക്ക ചെയ്യുക (ചിത്രം നോക്കുക).



തുറന്നുവരുന്ന ജാലകത്തിന്റെ താഴെ ക്ലിക്ക് ചെയ്യുക. ഇപ്പോൾ ജാലകത്തിന്റെ താഴെയുള്ള Other ൽ ക്ലിക്ക് ചെയ്യുക. ഉൾപ്പെടുത്തേണ്ട ഭാഷ സെർച്ച് ചെയ്യുക. (ഹിന്ദി ആണെങ്കിൽ Indian ആണ് ഉൾപ്പെടുത്തേണ്ടത്). ഭാഷ സെലക്ട് ചെയ്ത് ജാലകത്തിനു മുകളിലുള്ള Add ക്ലിക്ക് ചെയ്യുക.





പ്രത്യേക ശ്രദ്ധയ്ക്ക്

ചില ലേഔട്ടുകൾ (ഉദാ. Malayalam Mozhi) ഇതുപോലെ Add ചെയ്താലും പാനലിലെ Keyboard Indicator ൽ ദൃശ്യമാകണമെന്നില്ല. ഇത്തരം കമ്പ്യൂട്ടറുകളിൽ Gnome Flashback സെഷനിൽനിന്ന് ലോഗൗട്ട് ചെയ്ത് Ubuntu സെഷനിൽ ലോഗിൻ ചെയ്താൽ മാത്രമേ ഇവ ദൃശ്യമാവുകയുള്ളൂ.

3. ഓൺസ്ക്രീൻ കീബോർഡ് ഉപയോഗിക്കുന്നതിന്

സാധാരണ കീബോർഡ് ഉപയോഗിച്ച് ടൈപ്പ് ചെയ്യുന്നതിൽ പ്രയാസമുള്ളവർക്കായി മൗസ് ഉപയോഗിച്ച് ക്ലിക്ക് ചെയ്ത് പ്രവർത്തിപ്പിക്കാവുന്ന ഓൺസ്ക്രീൻ കീബോർഡ് ഉപയോഗിക്കാം. Applications → Universal Access → Onboard എന്ന പേരിൽ ഓൺ സ്ക്രീൻ കീബോർഡ് ലഭ്യമാക്കിയിട്ടുണ്ട്.



4. പുസ്തകങ്ങളിലെ ടെക്സ്റ്റ് ടൈപ്പ് ചെയ്യാതെതന്നെ ഇൻപുട്ട് ചെയ്യുന്നതിന്

ഒരു ചിത്രത്തിൽ ഉൾപ്പെട്ട അക്ഷര രൂപങ്ങൾ തിരിച്ചറിഞ്ഞ്, ആ രൂപങ്ങളെ യഥാർത്ഥ അക്ഷരങ്ങളാക്കി മാറ്റുന്ന ആധുനികമായ ഒരു ഇൻപുട്ട് രീതിയാണ് ഓപ്റ്റിക്കൽ കാരക്റ്റർ റീഡിങ്ങ് (OCR). ചരിത്ര പ്രാധാന്യമുള്ള പുസ്തകങ്ങളും മറ്റും ഡിജിറ്റൈസ് ചെയ്യുന്നതിൽ ഈ രീതി വളരെ സഹായകരമാണ്.

gImage Reader ഗ്നു/ലിനക്സ് സിസ്റ്റത്തിൽ ലഭ്യമാക്കിയിരിക്കുന്ന OCR സോഫ്റ്റ്‌വെയറാണ്. TESSARACT എന്ന അടിസ്ഥാന ട്രാൻസ്ലേറ്റിങ്ങ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. അക്ഷരങ്ങൾ ട്രാൻസ്കോഡ് ചെയ്തെടുക്കേണ്ട പേജുകൾ പിഡിഎഫ് ഡോക്യുമെന്റുകളായോ (ഒന്നിലധികം പേജുകളുള്ള ഡോക്യുമെന്റും ആകാം.) ചിത്രങ്ങളായോ ഇൻപുട്ട് ചെയ്യാം. ഇവ പ്രധാന കാൻവാസിലേക്ക് ഡ്രാഗ് ചെയ്തിട്ടാൽ മതിയാകും.

മലയാളത്തിലുള്ള ടെക്സ്റ്റ് മാത്രമടങ്ങിയ ഡോക്യുമെന്റുകളിൽ, തിരിച്ചറിയേണ്ട അക്ഷര രൂപം ഏതു ഭാഷയുടേതാണ് എന്ന് Select Language → മലയാളം എന്ന് നിർദേശിക്കുക. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അക്ഷര രൂപങ്ങൾ അടങ്ങിയ ഡോക്യുമെന്റുകളാണ് ട്രാൻസ്കോഡ് ചെയ്യേണ്ടത് എങ്കിൽ Select Language → Multi lingual എന്നായിടത്ത് മലയാളവും ഇംഗ്ലീഷും തിരഞ്ഞെടുക്കുക.

ട്രാൻസ്ലേറ്റിങ്ങ് തുടങ്ങാനായി Recognise എന്ന ടാബ് ക്ലിക്ക് ചെയ്യുക. ഇതോടെ നാം ഇൻപുട്ട് ചെയ്ത ഡോക്യുമെന്റിൽ ഉൾപ്പെട്ട തിരിച്ചറിയപ്പെട്ട അക്ഷരങ്ങൾ അടങ്ങിയ ടെക്സ്റ്റ് വലതുവശത്ത് നിർമിക്കപ്പെടുന്നു.

നിർമിക്കപ്പെട്ട ടെക്സ്റ്റ് കൃത്യമല്ലെങ്കിൽ, ഇൻപുട്ട് ചെയ്ത ഡോക്യുമെന്റിന്റെ റെസൊല്യൂഷൻ, കോൺട്രാസ്റ്റ്, ബ്രൈറ്റ്നെസ്സ് എന്നിവ വ്യത്യാസപ്പെടുത്തി വീണ്ടും Recognise ക്ലിക്ക് ചെയ്യാം. ശരിയായി റെന്റർ ചെയ്യാത്ത അക്ഷരങ്ങൾ ശരിയായി ടൈപ്പ് ചെയ്ത് ചേർക്കേണ്ടി വരും.



തമിഴ്, കന്നട, ഹിന്ദി തുടങ്ങിയ ഭാഷകളിലെ അക്ഷരരൂപങ്ങൾ തിരിച്ചറിഞ്ഞ് ട്രാൻസ് കോഡിങ്ങ് നടത്താനും ടെസറാക്റ്റ് അടിസ്ഥാന സോഫ്റ്റ്‌വെയറിന് സാധിക്കും. അതിനായി, ഓരോ ഭാഷയുടേയും OCR പാക്കേജുകൾ ഇൻസ്റ്റാൾ ചെയ്താൽ മതിയാകും. ഉദാഹരണമായി, തമിഴ് ലഭിക്കുന്നതിന് tesseract-ocr-tam എന്ന പാക്കേജ് ആണ് ഇൻസ്റ്റാൾ ചെയ്യേണ്ടത്.

ടെക്സ്റ്റ് ഡോക്യുമെന്റുകൾ നിർമിക്കാം

ലളിതമായ ടെക്സ്റ്റ് ഡോക്യുമെന്റുകൾ നിർമ്മിക്കാം (Text Editor)

ലളിതമായ ടെക്സ്റ്റ് ഡോക്യുമെന്റുകൾ gedit Text Editor സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കാം. Accessories → gedit Text Editor എന്ന മെനുവിൽനിന്ന് gedit സോഫ്റ്റ്‌വെയർ തുറന്ന് ടെക്സ്റ്റ് ടൈപ്പ് ചെയ്ത് ആവശ്യമായ ഫോൾഡറിൽ സേവ് ചെയ്യാം.

ഇതേ പ്രവർത്തനം കമ്പ്യൂട്ടറിൽ നാം പ്രവർത്തിക്കുന്ന ഏതൊരു ഫോൾഡറിൽവെച്ചും മൗസ് വലതു ബട്ടൻ ക്ലിക്ക് ചെയ്ത് Create Document എന്ന ഓപ്ഷൻ ഉപയോഗിച്ച് ചെയ്യാനാകും. ഇങ്ങനെ ലഭിക്കുന്ന കാലിയായ Text Document എന്ന ഫയൽ Gedit സോഫ്റ്റ്‌വെയറിൽ തുറന്ന് ആവശ്യമായ ടെക്സ്റ്റ് ചേർക്കാവുന്നതാണ്. നിർമിക്കപ്പെട്ട ഫയൽ പുനർനാമകരണം നടത്തേണ്ടതുമുണ്ട്.

മുകളിൽ പറഞ്ഞ രണ്ടു രീതിയും പ്രവർത്തനഫലത്തിൽ സമാനമാണ്. ലളിതമായ (plain) ഇത്തരം ടെക്സ്റ്റ് ഫയലുകൾ txt എന്ന ഫോർമാറ്റിൽ ആണ് ഉണ്ടായിരിക്കുക.

പരമ്പരാഗതമായ ടെക്സ്റ്റ് എഡിറ്റർ സോഫ്റ്റ്‌വെയറുകളുടെ ഇന്റർഫേസ് ഇഷ്ടപ്പെടുന്നവർക്കായി Xed എന്ന മറ്റൊരു സോഫ്റ്റ്‌വെയർ കൂടി ഈ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Accessories മെനുവിൽ Text editor എന്ന പേരിൽ ഇത് കാണാവുന്നതാണ്. കമ്പ്യൂട്ടർ പ്രോഗ്രാം പേജുകൾ തയ്യാറാക്കുമ്പോൾ ഉപകാരപ്രദമായ സിന്റാക്സ് ഹൈലൈറ്റിങ്ങ്, വരികൾക്ക് ക്രമനമ്പർ, എളുപ്പത്തിലുള്ള Find &Replace ഫീച്ചറുകൾ തുടങ്ങിയ സംവിധാനങ്ങൾ ഈ രണ്ടു ടെക്സ്റ്റ് എഡിറ്റർ സോഫ്റ്റ്‌വെയറുകളും ലഭ്യമാണ്. സോഫ്റ്റ്‌വെയറിന്റെ Preference സജ്ജീകരിക്കുക വഴി ഇവ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും.




```
#Python Program for Raspberry Pi, 3 LEDs - Lightup on command
import RPi.GPIO as GPIO
GPIO.setmode(GPIO.BCM)          #use board numbering
GPIO.setwarnings(False)         #disable warnings
GPIO.setup(14,GPIO.OUT)         #red LED
GPIO.setup(15,GPIO.OUT)         #green LED
GPIO.setup(18,GPIO.OUT)         #yellow LED

while True:

        a=input("Enter a colour 'red','green' or 'yellow' to lightup
an LED bulb or enter 'alloff' to put all lights off")
        if a=="red":
                print("red LED is on")
                GPIO.output(14,True)
        if a=="green":
                print("green LED is on")
                GPIO.output(15,True)
        if a=="yellow":
                print("yellow LED is on")
                GPIO.output(18,True)
        if a=="alloff":
                print("all lights are set off")
```

വേഡ് പ്രോസസ്സർ (Word Processor)

ലിബർ ഓഫീസ് റൈറ്ററാണ് ഈ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയ വേഡ് പ്രോസസ്സർ. മറ്റൊരു വേഡ് പ്രോസസ്സറായ അബിവേഡും ഉൾപ്പെടുത്തിയിട്ടുണ്ട്. Applications → Office → LibreOffice Writer എന്ന ക്രമത്തിലാണ് റൈറ്റർ പ്രവർത്തിപ്പിക്കേണ്ടത്

ലിബർ ഓഫീസും ഡോക്യുമെന്റ് ഫയൽ ഫോർമാറ്റുകളും

odt യാണ് ലിബർ ഓഫീസ് റൈറ്റർ ഫയലുകളുടെ തനതു ഫയൽ ഫോർമാറ്റ്. ഈ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന ടെംപ്ലേറ്റുകൾക്ക് ott ആയിരിക്കും ഫോർമാറ്റ്. ഇവ കൂടാതെ മൈക്രോസോഫ്റ്റ് വിൻഡോസ് ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് പാക്കേജുകളുള്ള കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കുന്നതിനായി doc (word 97–03), docx (Word 2007–19) തുടങ്ങിയ ഫോർമാറ്റുകളിലും റൈറ്റർ ഡോക്യുമെന്റുകൾ സേവ് ചെയ്യാനാകും. rtf, uot, txt തുടങ്ങി മറ്റുചില പൊതുഫോർമാറ്റുകളിലും റൈറ്ററിൽ തയ്യാറാക്കിയ ഫയലുകൾ സേവ് ചെയ്യാം.

ലിബർ ഓഫീസ് റൈറ്റർ ഉപയോഗിച്ച് PDF, e-pub ഫോർമാറ്റുകളിലുള്ള ഫയലുകൾ നിർമിക്കാം

നാം തയ്യാറാക്കുന്ന ഫയലുകൾ മറ്റൊരു പോർട്ടബിൾ ഫയൽ ഫോർമാറ്റായ pdf ലേക്കും എക്സ്പോർട്ട് ചെയ്ത് വ്യത്യസ്ത ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങളുള്ള കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കാനാവുന്ന രീതിയിൽ തയ്യാറാക്കാൻ സാധിക്കും.

റൈറ്റർ സോഫ്റ്റ്‌വെയറിലെ Export as PDF, Export directly as PDF എന്നീ ഓപ്ഷനുകൾ ഇതിനായി ഉപയോഗിക്കാം.

മൊബൈൽഫോണുകൾ, ടാബ്‌ലെറ്റുകൾ, ഇ–ബുക്ക് റീഡറുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയ സ്മാർട്ട് ഉപകരണങ്ങളിൽ വായിക്കപ്പെടുന്നതിനുള്ള പുസ്തകങ്ങളും ഡോക്യുമെന്റുകളും സാധാരണയായി e–pub ഫോർമാറ്റിലാണ് തയ്യാറാക്കുന്നത്. പല വലിപ്പത്തിലുള്ള ഗ്രാഫിക് ഡിസ്‌പ്ലേകൾക്ക് അനുയോജ്യമായ രീതിയിൽ സ്വയം ക്രമീകരിക്കുക, ചിത്രങ്ങളും പട്ടികകളും ഹൈപർ ലിങ്കുകളും പേജ് ബുക്ക് മാർക്കുകളും പേജിൽ ഉൾചേർന്നിരിക്കുക തുടങ്ങി സ്മാർട്ട് ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്ക് ആവശ്യമായ പല സൗകര്യങ്ങളും ഈ ഫയൽ ഫോർമാറ്റിൽ ഉണ്ട്.

ലിബർ ഓഫീസ് റൈറ്ററിൽ തയ്യാറാക്കുന്ന ഡോക്യുമെന്റുകൾ e–pub ഫോർമാറ്റിലേക്ക് എക്സ്പോർട്ട് ചെയ്യാൻ സാധിക്കും. ആവശ്യമായ ഡോക്യുമെന്റ് തയ്യാറാക്കിയ ശേഷം Export as EPUB എന്ന മെനു ഉപയോഗിച്ച് ഫയൽ e–pub ഫോർമാറ്റിലേക്ക് മാറ്റാം.

PDF, e-pub ഡോക്യുമെന്റുകൾ കൈകാര്യം ചെയ്യുമ്പോൾ

PDF ഫോർമാറ്റിലുള്ള ഫയലുകൾ തുറന്ന് വായിക്കുന്നതിന് 3 ആപ്ലിക്കേഷനുകൾ സിസ്റ്റത്തിലുണ്ട്. (Evince, Okular, Xreader).

PDF ഫയലുകളിൽ അടിവരയിടുക, വരികൾ ഹൈലൈറ്റ് ചെയ്യുക തുടങ്ങിയ ചെറിയ രീതിയിലുള്ള എഡിറ്റുകൾ നടത്തുന്നതിന് Xournal (Applications →Acessories→Xournal) ഉപയോഗിക്കാം.

ഒന്നിലധികം PDF പേജുകൾ ചേർത്ത് ഒരൊറ്റ ഫയൽ തയ്യാറാക്കുന്നതിന് PDF Shuffler (application →Office→PDF Shuffler) ഉപയോഗിക്കാം. PDF Shuffler തുറന്ന് ഒന്നിച്ച് ചേർക്കേണ്ട പേജുകൾ ആവശ്യമായ ക്രമത്തിൽ സോഫ്റ്റ്‌വെയറിലേക്ക് വലിച്ചിടുക. (ആവശ്യമെങ്കിൽ പേജുകൾ ഡ്രാഗ് ചെയ്ത് വീണ്ടും ക്രമീകരിക്കാം.) ക്രമപ്പെടുത്തിയ പേജുകൾ വീണ്ടും സേവ് ചെയ്യുമ്പോൾ PDF ഡോക്യുമെന്റ് ഒറ്റ ഫയലായി സമാഹരിക്കപ്പെടുന്നു.

e–pub ഫോർമാറ്റിലുള്ള ഫയലുകൾ E–book reader (Applications → Office→ E–book reader) ഉപയോഗിച്ച് വായിക്കാനാകും. Sigil (Applications → Office→Sigil) എന്ന സോഫ്റ്റ്‌വേർ ഉപയോഗിച്ച് e–pub ഫയലുകളിൽ നിർമ്മിക്കാനും എഡിറ്റ് ചെയ്യാനും സാധിക്കും.

യുണികോഡ് ഫോണ്ടുകൾ (Unicode Fonts)

IT@School GNU/Linux ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ യൂനികോഡ് ഫോണ്ടുകൾ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. മലയാളത്തിനുവേണ്ടി രചന, ഗായത്രി, ദേശാഭിമാനി, മീര, മഞ്ജരി, രാഖി, സമത്വ(ഔപചാരിക ഫോണ്ടുകൾ), നിള, ചിലങ്ക, കുറുമ്പി (മാനുസ്ക്രിപ്റ്റ്

ഫോണ്ടുകൾ) സുന്ദർ, ദ്യുതി, കേരളീയം, ഉറൂബ് (തലക്കെട്ട്) കതിർ, മാടായി (ആലങ്കാരികം), ദേശാഭിമാനി, രഘു, നോട്ടോ സാൻസ്, സെരീഫ്, നിള (പുതിയ ലിപി) തുടങ്ങി 15 ലധികം മലയാളം ഫോണ്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹിന്ദി(ദേവനാഗരി), തമിഴ്, കന്നട, ഉറുദു, അറബി, തുടങ്ങിയ ഭാഷകൾക്കാവശ്യമായ ഫോണ്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇമോജികളും പ്രത്യേക കാരക്റ്ററുകളും ടെക്സ്റ്റ് ഡോക്യുമെന്റിൽ ലഭ്യമാക്കാൻ (Emojis and Special Characters)

ഒട്ടേറെ ഇമോജികളും പ്രത്യേക കാരക്റ്ററുകളും ഇക്കാലത്ത് നിർമിക്കപ്പെടുന്ന ടെക്സ്റ്റ് ഡോക്യുമെന്റിൽ ഇടംപിടിക്കാറുണ്ട്. ആധുനിക കാരക്റ്റർ എൻകോഡിങ്ങ് സ്കീമായ യുനികോഡിൽ ഇവയ്ക്ക് പ്രത്യേകമായി കോഡുകളും അനുവദിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി U+263A എന്ന യുനികോഡ് കാരക്റ്റർ ☺ എന്ന ഇമോജിയെ കുറിക്കുന്നതാണ്.

Applications → Accessories → Character എന്ന മെനുവിൽ ഇത്തരത്തിലുള്ള ഇമോജികളുടെ ശേഖരം ചേർത്തിട്ടുണ്ട്. ഇവയിൽ ആവശ്യമായവ കോപ്പി ചെയ്ത് വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളിലേക്ക് പേസ്റ്റ് ചെയ്യാനാകും. എന്നാൽ, gedit പോലുള്ള സോഫ്റ്റ്‌വെയറുകൾ ഇമോജികളെ തനതു നിറങ്ങളിൽ തന്നെ പ്രദർശിപ്പിക്കുമ്പോൾ, ലിബർഓഫീസ് ആപ്ലിക്കേഷനുകളിൽ രണ്ടു നിറങ്ങൾ മാത്രമേ ഇമോജികൾക്ക് നല്കാനാകുകയുള്ളൂ.

മേൽപറഞ്ഞ രീതിയിലല്ലാതെയും ലിബർഓഫീസ് റൈറ്ററിലേക്ക് ഒരു പ്രത്യേക യുനികോഡ് കാരക്റ്റർ ചേർക്കാനാകും.

- Applications → Accessories → Character എന്ന രീതിയിൽ ആവശ്യമായ കാരക്റ്ററിന്റെ/ഇമോജിയുടെ യുനികോഡ് ഹെക്സാ ഡെസിമൽ കോഡ് കണ്ടെത്തുക. ഉദാഹരണമായി U+263A (☺) എന്ന കോഡുള്ള ഇമോജി ലഭിക്കാൻ shift+Ctrl അമർത്തിപ്പിടിച്ച് U263A എന്ന് ടൈപ്പ് ചെയ്യുക.

- ലിബർഓഫീസ് റൈറ്ററിന്റെ Insert മെനുവിൽ Special Character എന്ന ഇനം തിരഞ്ഞെടുക്കുക. അതിൽ ഫോണ്ട് EmojiOne എന്ന് തിരഞ്ഞെടുക്കുക. ആവശ്യമായ കാരക്റ്ററിന്റെ മുകളിൽ രണ്ടു തവണ ക്ലിക്കു ചെയ്യുക.

പേജ് ലേ-ഔട്ടും ഡെസ്ക് ടോപ്പ് പബ്ലിഷിങ്ങും (Desktop Publishing - DTP)

സ്ക്രൈബസ്

(ഇത് റിസോഴ്സ് ഡിവിഡിയിൽനിന്ന് പ്രത്യേകം ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ട്)

മാഗസിനുകൾ, ന്യൂസ് ലെറ്ററുകൾ, ബ്രോഷറുകൾ, പുസ്തകങ്ങൾ തുടങ്ങിയ പ്രിന്റ് ചെയ്യുന്നതിനുള്ള ഡോക്യുമെന്റുകളുടെ ലേഔട്ട്, ടൈപ്പ് സെറ്റിങ്ങ് തുടങ്ങിയവ സ്ക്രൈബസ് ഉപയോഗിച്ച് തയ്യാറാക്കാം.

തയ്യാറാക്കുന്ന ഓരോ പേജിലും ഏറ്റവും ആകർഷകമായ രീതിയിൽ ചിത്രങ്ങളും ടെക്സ്റ്റും ക്രമപ്പെടുത്തുന്നതിനെയാണ് പേജ് ലേ ഔട്ട് ഡിസൈൻ എന്നു പറയുന്നത്. ഡിസൈൻ ചെയ്യുന്ന ഒരു പേജിൽ ഒരു ചിത്രം ചേർക്കണമെങ്കിൽ, ആ ചിത്രത്തിന് ഒരു ഇമേജ് ഫ്രെയിം ചേർത്ത് അതിലേക്ക് ചിത്രങ്ങൾ ബ്രൗസ് ചെയ്ത് ചേർക്കുകയാണ് വേണ്ടത്. ചിത്രങ്ങളുടെ Properties ജാലകം F2 അമർത്തിയാൽ ലഭ്യമാണ്.

പേജിലേക്ക് ടെക്സ്റ്റ് ചേർക്കണമെങ്കിൽ ഒരു ടെക്സ്റ്റ് ഫ്രെയിമും ചേർക്കേണ്ടതുണ്ട്. ഈ ഫ്രെയിമിലേക്ക് ഒരു ടെക്സ്റ്റ് എഡിറ്റർ ഉപയോഗിച്ച് ടെക്സ്റ്റ് ചേർക്കാം. ടെക്സ്റ്റിന്റെ ഫോണ്ട്, വലിപ്പം മറ്റു പ്രത്യേകതകൾ എന്നിവ ക്രമീകരിക്കുന്നത് ഈ എഡിറ്റർ ജാലകത്തിൽ വെച്ചാണ്. മേൽപറഞ്ഞതുപോലെയുള്ള ഫ്രെയിമുകളെ പേജിൽ ഏറ്റവും സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കാൻ എളുപ്പമാണ് എന്നതാണ് ഡിടിപി സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനാടിസ്ഥാനം.

ലാടെക് ടൈപ്പ് സെറ്റിങ്ങ് രീതിയും ലാടെക് എഡിറ്ററുകളും (Latex)

സ്ക്രൈബസ് ഒരു ടൈപ്പ് സെറ്റിങ്ങ് സോഫ്റ്റ്‌വെയർ ആണ്. ഈ സോഫ്റ്റ് വെയറുപയോഗിച്ച് ഒരു പേജിൽ ടെക്സ്റ്റും, ചിത്രങ്ങളും, പട്ടികകളും ചേർക്കാനും ഡോക്യുമെന്റിൽ ആവശ്യമായ മറ്റ് സജ്ജീകരണങ്ങൾ വരുത്താനും സാധിക്കും. എന്നാൽ, ശാസ്ത്ര-ഗണിത പാഠപുസ്തകങ്ങൾ, സങ്കീർണമായ ടൈപ്പ് സെറ്റിങ്ങ് ആവശ്യമായി വരുന്ന മറ്റ് പേജുകൾ തുടങ്ങിയവ നിർമിക്കുന്നത് ഇത്തരം സോഫ്റ്റ് വെറുകളിൽ ബുദ്ധിമുട്ടാണ്.

ലാടെക് ഒരു ടൈപ്പ് സെറ്റിങ്ങിനുള്ള ഒരു രീതിയാണ്. പേജിൽ ആവശ്യമായ സജ്ജീകരണങ്ങളും (ഏതു വലിപ്പമുള്ള പേജ്, ഏതു തരം ഡോക്യുമെന്റ്, ഏത് ഭാഷ, ഏത് ഫോണ്ട്, എത്ര മാർജിൻ തുടങ്ങിയവ) ഉള്ളടക്കവും പ്രത്യേക രീതിയിൽ എഴുതിയ നിർദേശങ്ങളായി (മാർക്ക് അപ്പ്) കൊടുക്കുകയാണ് ചെയ്യുന്നത്.

ഇത്തരത്തിലുള്ള ഒരു പേജ് കമ്പോസ് ചെയ്യുന്നതിന്, ഒരു ടെക്സ്റ്റ് എഡിറ്റർ സോഫ്റ്റ് വെയർ തുറന്ന് (gedit ആകാം) അതിൽ മാർക്ക് അപ്പ് നിർദേശങ്ങൾ എഴുതുക. നിർമിച്ച സോഴ്സ് ഫയൽ .tex എന്ന ഫോർമാറ്റിൽ സേവ് ചെയ്യുക.

<table>
<tr><td>മാർക്ക് അപ് നിർദേശം</td><td>ഫലമായി വന്ന പേജ്</td></tr>
<tr><td>
</td><td>
</td></tr>
<tr><td colspan="2">Kite.tex എന്ന പേരിൽ സേവ് ചെയ്തിട്ടുള്ള മാർക്ക് അപ്പ് നിർദേശങ്ങളെ വലതു വശത്തുള്ള പേജായി കമ്പൈൽ ചെയ്തെടുക്കാൻ, ഒരു ടെർമിനൽ എടുത്ത്
$xeletex kite.tex
എന്ന കമാന്റ് ടൈപ്പ് ചെയ്ത് എന്റർ അമർത്തുക. (kite.tex ഹോമിൽ സേവ് ചെയ്തിരിക്കുമ്പോൾ)</td></tr>
</table>

പട്ടികകളും രജിസ്റ്ററുകളും നിർമിക്കാം -സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്വെയറുകൾ (Spreadsheet Software)

ലിബർഓഫീസ് കാൽക് (LibreOffice Calc)

ലിബർഓഫീസിന്റെ ഭാഗമായ കാൽക് ഈ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയ സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്വെയറാണ്. കാൽകിൽ ods (ലിബർ/ഓപൺഓഫീസ് ഫയൽ ഫോർമാറ്റ്), xls, xlxs, (മൈക്രോസോഫ്റ്റ് എക്സൽ ഫയൽ ഫോർമാറ്റുകൾ) csv (ടെക്സ്റ്റ് ഡാറ്റാ ഫോർമാറ്റ്) തുടങ്ങിയ ഫോർമാറ്റുകളിൽ ഫയൽ സേവ് ചെയ്യാനാകും.

ലിബർ ഓഫീസ് കാൽകിൽ തയ്യാറാക്കിയ ഡോക്യുമെന്റ് നേരിട്ട് pdf രൂപത്തിലേക്ക് എക്സ്പോർട്ട് ചെയ്യാനാകും.

ഗ്നൂമെറിക് (Gnumeric)

സ്റ്റാറ്റിസ്റ്റിക്സ്, സയൻസ് എക്സ്പിരിമെന്റുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഡാറ്റയുടെ കൃത്യതയാർന്ന വിശകലനത്തിന് ഗ്നൂമെറിക് ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഗ്നൂമെറികിൽ ഡോക്യുമെന്റ് പ്രിന്റ് യൂട്ടിലിറ്റി ഉപയോഗിച്ച് pdf രൂപത്തലേക്ക് മാറ്റാം.

ഡിജിറ്റൽ സ്ലൈഡ് പ്രസന്റേഷനുകൾ തയ്യാറാക്കാം (Presentation Software)

ലിബർഓഫീസ് ഇംപ്രസ്

ലിബർഓഫീസ് പാക്കേജിന്റെ ഭാഗമായ ഇംപ്രസ് ആണ് IT@School GNU/Linux സിസ്റ്റത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രധാന പ്രസന്റേഷൻ സോഫ്റ്റ്വെയർ.



മറ്റു പ്രസന്റേഷൻ നിർമാണ സോഫ്റ്റ്‌വെയറുകൾ - സോസി (sozi), ജെസിഇങ്ക്

കൂടുതൽ ദൃശ്യാവിഷ്കാര സാധ്യതകളുള്ള പ്രസന്റേഷനുകൾ ഇങ്ക്സ്കേപ് സോഫ്റ്റ് വെയറിന്റെ എക്സ്റ്റൻഷനുകളായ സോസി, ജെസ്സിഇങ്ക് തുടങ്ങിയവ ഉപയോഗിച്ച് തയ്യാറാക്കാം.

ഡാറ്റാബേസ്

ലിബർഓഫീസ് പാക്കേജിന്റെ കൂടെ ലഭ്യമാകുന്ന ഡാറ്റാബേസ് സോഫ്റ്റ്‌വെയറാണ് ബേസ്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാബേസ് നിർമിക്കുന്നതിനും നിലവിലുള്ളവ എഡിറ്റ് ചെയ്യുന്നതിനും സാധിക്കും. ഡാറ്റാബേസിൽ ഉൾചേർത്തിരിക്കുന്ന ഡാറ്റാ പരിശോധിക്കുന്നതിനും മറ്റ് എഡിറ്റുകൾ ചെയ്യുന്നതിനും ലിബർഓഫീസ് ബേസിൽ ഒരു കാഴ്ചപ്പുറം (graphical front end) കൂടി ലഭ്യമാക്കിയിട്ടുണ്ട്.

വെക്റ്റർ ഡ്രോയിങ്ങുകൾ (LibreOffice Draw)

വെക്റ്റർ ചിത്രങ്ങൾ നിർമിക്കുന്നതിന് ലിബർഓഫീസ് പാക്കേജിന്റെ ഉൾപ്പെടുത്തിയിട്ടുള്ള സോഫ്റ്റ്‌വെയറാണ് ഡ്രോ.

ടൈംടേബിൾ ജനറേറ്റർ (Timetable Generator)

വിദ്യാലയങ്ങളിലെ ടൈംടേബിൾ നിർമിക്കാൻ സഹായകമായ ഒരു അപ്ലിക്കേനാണ് FET Free Timetable Generator. Fet ന്റെ 5.35.5 വേർഷനാണ് ഇവിടെ ലഭ്യമായിട്ടുള്ളത്. Applications മെനുവിലെ Office സബ്മെനുവിൽ നിന്നും ഇതുപയോഗിക്കാം. വിദ്യാലയത്തിലെ ക്ലാസ്സുകൾ, അധ്യാപകർ, വിവിധ വിഷയങ്ങൾ, ക്ലാസ്സ് മുറികൾ തുടങ്ങിയവയെക്കിച്ചുള്ള അടിസ്ഥാന വിവരങ്ങൾ നൽകിയാൽ വിവിധ തരത്തിലുള്ള

ടൈംടേബിൾ ജനറേറ്റ് ചെയ്യാനുള്ള സൗകര്യം ഇതിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് https://lalescu.ro/liviu/fet/

Gespeaker (Text to speech)

ടെക്സ്റ്റ് രൂപത്തിലുള്ള വിവരങ്ങൾ വായിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറാണ് ജിസ്പീക്കർ. (Applications → Sound&Video → Gespeaker) ഇംഗ്ലീഷ്, മലയാളം തുടങ്ങി വിവിധ ഭാഷകളിലുള്ള ടെക്സ്റ്റിനെ ശബ്ദമാക്കി മാറ്റുന്നിതിനും wav ഫോർമാറ്റിലേയ്ക്ക് മാറ്റി സൂക്ഷിക്കുന്നതിനും ഇതിന് സാധിക്കും. സോഫ്റ്റ്‌വെയർ തുറന്നുവരുമ്പോൾ കാണുന്ന ജാലകത്തിൽ, Insert text to play എന്ന നിർദ്ദേശത്തിനു ചുവടെ നമുക്ക് ശബ്ദമായി കേൾക്കേണ്ട ടെക്സ്റ്റുകൾ ചേർത്ത്, Play ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ടെക്സ്റ്റുകൾ കേൾക്കുവാൻ സാധിക്കും. നേരത്തേ തയ്യാറാക്കിയ ടെക്സ്റ്റ് ഫയലുകൾ open മെനു ഉപയോഗിച്ച് തുറന്നോ ഉള്ളടക്കം Copy / Paste ചെയ്തോ ഇത് പ്രവർത്തിപ്പിക്കാവുന്നതാണ്. ചേർത്ത ടെക്സ്റ്റുകളെ ആൺ, പെൺ ശബ്ദങ്ങളിൽ വേറിട്ട് കേൾക്കുവാനുള്ള സൗകര്യവും ഇതിലുണ്ട്.

ഇന്ന് ലോകത്ത് ഉപയോഗിക്കുന്ന നിരവധി ഭാഷകൾ കൈകാര്യം ചെയ്യുന്നതിന് ഈ സോഫ്റ്റ്‌വെയർ പര്യാപ്തമാണ്. Pitch, Volume, Speed, Delay എന്നിവയിൽ മാറ്റം വരുത്താനുള്ള സംവിധാനവും നിലവിലുണ്ട്. ടെക്സ്റ്റുകളെ wav ഫോർമാറ്റിലേയ്ക്ക് മാറ്റി സൂക്ഷിക്കാനായി, Record ബട്ടൺ ക്ലിക്ക് ചെയ്ത്, ഫയൽനാമം നൽകി സേവ് ചെയ്ത്, Play ബട്ടൺ അമർത്തിയാൽ, ഉൾപ്പെടുത്തിയ ടെക്സ്റ്റ് ശബ്ദഫയലായി Home ഫോൾഡറിൽ സൂക്ഷിക്കപ്പെടും.

Character Map

ഏതെങ്കിലും പ്രത്യേക ചിഹ്നങ്ങളോ കീബോർഡിൽ ലഭിക്കാത്ത അക്ഷരങ്ങളോ മറ്റോ നമ്മുടെ വിവരണത്തിൽ ചേർക്കേണ്ടിവരുമ്പോൾ Character Map നെ ആശ്രയിക്കാം. ഗണിത ചിഹ്നങ്ങൾ, അന്യഭാഷയിലെയും വിദേശഭാഷയിലെയും അക്ഷരങ്ങൾ എന്നിവ ടൈപ്പ് ചെയ്യേണ്ട അവസരങ്ങളിലും Character Map ഉപകാരപ്പെടും. Applications → Accessories → Character Map ആണ് ഇതിലേക്കുള്ള വഴി. ഇതിലെ Unicode Block ൽ നാം സെലക്ട് ചെയ്യുന്ന കാരക്ടർ സെറ്റിൽ ൽ ലഭ്യമാവുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും വലതുഭാഗത്തെ Character Table ൽ പ്രത്യക്ഷപ്പെടും. തിരഞ്ഞെടുക്കുന്ന കാരക്ടറിന്റെ വിശദവിവരങ്ങൾ Character details എന്ന ടാബിലും കാണാം. കാരക്ടറുകൾ Find ചെയ്ത് കണ്ടെത്താനും കഴിയും. ആവശ്യമുള്ള അക്ഷരങ്ങൾക്കു മേൽ ഡബിൾ ക്ലിക്ക് ചെയ്താൽ അവ താഴെയുള്ള Text to copy ഭാഗത്ത് എത്തും. ഇത് ഇവിടെ നിന്നും Copy ചെയ്ത് നമുക്കാ ആവശ്യമുള്ളിടത്ത് പേസ്റ്റ് ചെയ്ത് ചേർക്കാം.

characters

നവ മാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയത്തിന് അവിഭാജ്യമായി തീർന്നിരിക്കുന്ന ഒന്നാണ് ഇമോജികളും സ്മൈലികളും പോലുള്ള കുഞ്ഞുചിത്രങ്ങൾ. ഇത്തരം ചിത്രാക്ഷര സങ്കേതങ്ങളെ കാരക്ടേർസ് എന്നു വിളിക്കുന്നു. യൂനികോഡ് ഫോണ്ട് സപ്പോർട്ട് ചെയ്യുന്നവയാണ് ഇവ. Applications → Accessories → Characters എന്ന വഴിയിൽ

തുറന്നാൽ വിവിധ വിഭാഗങ്ങളിലായി ധാരാളം ആകർഷക ചിത്രാക്ഷരങ്ങൾ കാണാം. ഇവിടെ നിന്നും റൈറ്റ് ക്ലിക്ക് ചെയ്ത് കോപ്പി ചെയ്യോ , ഇതോടൊപ്പമുള്ള കോഡ് shift+ Ctrl + u എന്നിവ ഒരുമിച്ച് അമർത്തിയ ശേഷം ടൈപ്പ് ചെയ്യോ കാരക്ടറുകൾ ഉപയോഗിക്കാം.

Font Viewer

Applications → Accessories → Fonts എന്ന ക്രമത്തിൽ ഫോണ്ട് വ്യൂവർ തുറക്കാം. നമ്മുടെ കംപ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയയ്തിട്ടുള്ള എല്ലാ ഫോണ്ടുകളുടെയും പ്രീ വ്യൂ ഇതുവഴി കാണാം.

ഡിക്ഷണറികൾ (Dictionaries)

Artha

Applications മെനുവിലെ Accessories ൽ Artha എന്ന പേരിൽ ഒരു ഇംഗ്ലീഷ് ഡിക്ഷ്നറി ഉൾപ്പെടുത്തിയിട്ടുണ്ട്. വാക്കുകളുടെ അർത്ഥവും, പര്യായവും, പ്രയോഗവും പഠിക്കാൻ ഇത് ഉപകരിക്കും. പകരം ഉപയോഗിക്കാവുന്ന മറ്റ് പദങ്ങൾ – thesaurus, synonyms എന്നിവയെക്കൂടാതെ പദത്തിന്റെ മറ്റ് വിശദാംശങ്ങളും അർ ത്ഥയിൽ ലഭിക്കും.



കംപ്യൂട്ടറിൽ നാം പ്രവൃത്തി ചെയ്ത് കൊണ്ടിരിക്കുമ്പോൾ ഒരു ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം ലഭിക്ക ന്നതിന് പ്രസ്തുത വാക്ക് സെലക്ട് ചെയ്ത് Alt+Ctrl+W കീകൾ ഒരുമിച്ച് അടിച്ചാൽ ഉടൻ അർത്ഥയിലെ വിശദാംശങ്ങൾ ലഭിക്കും.

Theeram



Applications → Accessories → Theeram എന്ന രീതിയിൽ ഇത് പ്രവർത്തിപ്പിക്കാൻ സാധിക്കും. ഇംഗ്ലീഷ് വാക്കിന്റെ മലയാള അർത്ഥങ്ങളും, മലയാള വാക്കിന്റെ ഇംഗ്ലീഷ് പദങ്ങളും, പര്യായ പദങ്ങളും ഇതിൽ ലഭിക്കും. speech ലെ Read the Results കൊടുത്താൽ തിരച്ചിൽ ഫലം മുഴുവനും വായിച്ച് കേൾക്കാം. Auto read ഓൺ ചെയ്യാനും ഓഫ് ചെയ്യാനും സൗകര്യമുണ്ട്. Data set, Search type എന്നിവ മാറ്റിക്കൊടുത്താൽ വ്യത്യസ്ത ഫലങ്ങൾ കിട്ടും. ഓളം എന്ന ഓൺലൈൻ ഡിക്ഷ്ണറിയെ അടിസ്ഥാനമാക്കി മലപ്പുറം ജില്ലയിലെ കംപ്യൂട്ടർ വിദ്യാർത്ഥിയായ ശ്രീ നന്ദകുമാർ ആണ് ഇത് തയ്യാറാക്കിയത്.

കാഴ്ചക്കുറവുള്ളവർക്കുള്ള സോഫ്റ്റ്‌വെയറുകൾ (Software Accessibility for Differently abled)

സ്ക്രീൻ റീഡർ (Screen reader)

കാഴ്ചയില്ലാത്തവരെ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് സഹായിക്കുന്ന സ്ക്രീൻ റീഡർ സോഫ്റ്റ്‌വെയർ ഉബുണ്ടുവിൽ ഉൾച്ചേർത്തിട്ടുണ്ട്. super +Alt+ S എന്നിവ ഒരുമിച്ച് അമർത്തിയാൽ സ്ക്രീൻ റീഡർ ഓൺ ആവുകയും വായന തുടങ്ങുകയും ചെയ്യും. ഇതേ കീകൾ വീണ്ടും അമർത്തിയാൽ സ്ക്രീൻ റീഡർ ഓഫ് ആവുകയും വായന നിർത്തുകയും ചെയ്യും.

Lios

കാഴ്ച പരിമിതിയുള്ളവർക്ക് പലതരത്തിൽ പ്രയോജനപ്പെടുന്ന ഒരു സോഫ്റ്റ്‌വെയറാണ് ലിയോസ് (Applications → Graphics →Lios). പ്രിന്റഡ് പുസ്തകങ്ങളിൽനിന്നും text (അക്ഷരങ്ങൾ) വേർത്തിരിക്കാൻ സഹായിക്കുന്ന സോഫ്റ്റ്‌വെയറാണിത്. ഹാർഡ് കോപ്പി ആയി ലഭ്യമായ പുസ്തകങ്ങൾ ഒരു സ്കാനർ ഉപകരണം ഉപയോഗിച്ച് സ്കാൻ ചെയ്ത്

ഇതിൽ വായിപ്പിക്കാം. സ്കാനർ ഇതിനുള്ള സഹായ ഉപകരണമായി ഉപയോഗിക്കാൻ സാധിക്കും. കൂടാതെ പ്രിന്റ് സ്ക്രീൻ എടുത്തോ, കംപ്യൂട്ടറിൽ നേരത്തെയുള്ള ചിത്രങ്ങൾ, പി.ഡി.എഫ് എന്നിവ ഇതുവഴി തുറന്നും വായിപ്പിക്കാം. വായനയുടെ വേഗത കൂട്ടാനും കുറക്കാനും കഴിയും. കാഴ്ചക്കുറവുള്ളവർക്ക് ഉപകാരപ്പെടുന്ന തരത്തിൽ ഫോണ്ട് സൈസ്, കളർ, ഹൈലൈറ്റ് കളർ തുടങ്ങിയവ മാറ്റാം. സ്കാൻ ചെയ്തെടുത്ത ചിത്രത്തെ തിരിക്കാം. വായിച്ചുകേട്ട വരികളെ ശബ്ദമാക്കി സേവ് ചെയ്യാം (Tools > Audio Converter). ചിത്രങ്ങളിലെ എഴുത്തുകളെ ടെക്സ്റ്റ് ആയോ പി.ഡി.എഫ് ആയോ സേവ് ചെയ്യാൻ കഴിയും. മലയാളിയായ സത്യശീലൻ മാസ്റ്ററുടെയും മകൻ നളിൻ സത്യന്റെയും സംഭാവനയാണ് ഈ സോഫ്റ്റ് വെയർ.

ibus-braille-language-editor

ബ്രെയിൽ ലിപിയിൽ ടൈപ്പ് ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറാണ് ibus-braille-language-editor. ആറു കീകൾ മാത്രം ഉപയോഗിച്ച് ബ്രെയിൽ ലിപിയിൽ ടൈപ്പ് ചെയ്യാം. Applications → Accessories → ibus-braille-language-editor എന്നതാണ് ഇതിലെത്താനുള്ള വഴി. Application → Accessories മെനുവിലെ ibus-braille-abbreviation-editor, ibus-braille-preferences എന്നിവയും ബ്രെയിലി ലിപികൾ തയ്യാറാക്കാൻ സഹായിക്കുന്നവയാണ്. നളിൻ സത്യന്റെ സംഭാവനതന്നെയാണ് ഈ സോഫ്റ്റ് വെയറുകളും.

Universal Access

Applications → System Tools → Preferences → Settings ൽ ക്ലിക്ക് ചെയ്തോ, മുകളിലെ പാനലിൽ സമയം കാണിക്കുന്ന ഇൻഡിക്കേറ്ററിനു മുമ്പേയുള്ള കംപ്യൂട്ടറിന്റെ ഐക്കണിൽ ക്ലിക്കു ചെയ്ത് ലഭിക്കുന്ന ജാലകത്തിന്റെ താഴെയുള്ള System Settings ക്ലിക്ക് ചെയ്തോ Universal Access ഉൾപ്പെടുന്ന മെനുവിൽ എത്താം. വിവിധതരത്തിലുള്ള പരിമിതികൾ അനുഭവിക്കുന്ന വ്യക്തികൾക്ക് കംപ്യൂട്ടർ ഉപയോഗം എളുപ്പമാക്കാനുള്ള ചില സങ്കേതങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. Seeing എന്നതിനുതാഴെ High Contrast , Large Text, Cursor Size, Zoom on, Screen Reader, Sound Keys എന്നിവ എളുപ്പത്തിൽ പ്രയോഗിക്കാവുന്നവയും കാഴ്ചാ പരിമിതിയുള്ളവർക്ക് ഉപകാരപ്പെടുന്നവയുമാണ്. അതുപോലെ Hearing, Visual Alerts, Pointing & Clicking എന്നിവയുടെ താഴെ കൊടുത്തിരിക്കുന്ന ക്രമീകരണങ്ങളിലൂടെ ടൈപ്പ് ചെയ്യുന്നതിന്റെ എളുപ്പവും മൗസ് ക്ലിക്ക് ചെയ്യുന്നതിന്റെ വേഗതയും നിയന്ത്രിക്കാവുന്നതാണ്.

ഇമേജ് എഡിറ്റിംഗ് ടൂളുകൾ (Image Editing)

ജിമ്പ് (GIMP – GNU Image Manipulation Programme)

സ്വതന്ത്ര ലൈസൻസിൽ ലഭ്യമായ ഒരു റാസ്റ്റർ ഇമേജ് എഡിറ്റിംഗ് സോഫ്റ്റ് വെയറാണ് ജിമ്പ്. ജിമ്പിന്റെ 2.8.22 പതിപ്പാണ് ഈ OS ൽ ചേർത്തിരിക്കുന്നത്. xcf ആണ് ജിമ്പിന്റെ തനത് ഫയൽ ഫോർമാറ്റ്. ജിമ്പ് തുറക്കുമ്പോൾ മൂന്ന് ജാലകങ്ങളാണ് പ്രത്യക്ഷപ്പെടുന്നത്. ടൂൾബോക്സ്, ടൂൾ ഓപ്ഷൻസ് എന്നിവ ചേർന്ന ജാലകം ഇടതുവശത്തും ഇമേജ് ജാലകം നടുവിലും ലെയർ, ചാനൽസ്, പാത്ത് തുടങ്ങിയവ ചേർന്ന ജാലകം വലതുവശത്തും കാണപ്പെടുന്നു. ഇവയെ മുഴുവൻ ഒരൊറ്റ ജാലകമായി സജ്ജീകരിക്കാൻ കഴിയുന്ന Single-window Mode ഇതിൽ ലഭ്യമാണ്. Windows മെനുവിലെ Single-Window Mode ആണ് ഇതിനായി തെരഞ്ഞെടുക്കേണ്ടത്. ഇങ്ങനെ ചെയ്തുകഴിഞ്ഞാൽ അടുത്തതവണ മുതൽ ജിമ്പ് Single-Window Mode ൽ ആണ് തുറന്നുവരുക.

- Multi-Window Mode ൽ, ഇമേജ് ജാലകം സജീവമായിരിക്കുമ്പോൾ ടാബ് കീ അമർത്തിയാൽ തുറന്നിരിക്കുന്ന മറ്റെല്ലാ ജാലകങ്ങളും അപ്രത്യക്ഷമാകുന്നതാണ്. വീണ്ടും ടാബ് കീ അമർത്തിയാൽ ഇവ പ്രത്യക്ഷപ്പെടുകയും ചെയ്യും.
- Multi-Window Mode ൽ ജിമ്പ് ക്ലോസ് ചെയ്യാൻ ആദ്യം Image Window ക്ലോസ്സ് ചെയ്യുക. ഇതിനു പകരം മറ്റേതെങ്കിലും ജാലകമാണ് ക്ലോസ് ചെയ്യുന്നതെങ്കിൽ അടുത്തതവണ ജിമ്പ് തുറക്കുമ്പോൾ അവ ദൃശ്യമാകുന്നതല്ല.
- ഈ സാഹചര്യത്തിൽ ജിമ്പ് ജാലകങ്ങളെ റീസെറ്റ് ചെയ്താൽമതി. ഇതിനായി Home ലെ Reset settings ഫോൾഡറിലെ Reset gimp എന്ന ഐക്കണിൽ ഡബിൾക്ലിക്ക് ചെയ്യുക.



Multi-Window Mode



Single-window Mode

ജിമ്പ് –പ്രോജക്റ്റ് സേവ് ചെയ്യലും ഫയൽ എക്സ്പോർട്ട് ചെയ്യലും

2.8 മുതലുള്ള പതിപ്പിൽ File → Save As എന്ന രീതിയിൽ jpg, png തുടങ്ങിയ വിവിധ ഫോർമാറ്റുകളിലേക്ക് എക്സ്പോർട്ട് ചെയ്യാൻ സാധ്യമല്ല. ഇതിനായി file മെനുവിലുള്ള Export, Export as എന്നീ മെനുകളാണ് ഉപയോഗിക്കേണ്ടത്.

ജിമ്പ് പ്ലഗ്ഗിനുകൾ Gimp plugins

ജിമ്പ് എന്ന ആപ്ലിക്കേഷനാൽ നിയന്ത്രിക്കപ്പെടുന്ന ബാഹ്യ ആപ്ലിക്കേഷനുകളെയാണ് പ്ലഗിനുകൾ എന്ന് പറയുന്നത്. പല പ്ലഗിനുകളും ഒരു സ്വതന്ത്ര ആപ്ലിക്കേഷനായി ഉപയോഗിക്കാവുന്നതുമാണ്. ജിമ്പിന്റെ ഓരോ പതിപ്പിറങ്ങുമ്പോഴും പുതിയ പ്ലഗിനുകൾ കൂട്ടിച്ചേർക്കപ്പെടുന്നുണ്ട്. പലപ്പൊഴായി കൂട്ടിച്ചേർക്കപ്പെട്ട ധാരാളം പ്ലഗിനുകളാണ് ജിമ്പിനെ കൂടുതൽ മികവുറ്റതാക്കുന്നത്. gimp-plugin-registry എന്ന പാക്കേജ് ഇത്തരം പ്ലഗിനുകളുടെ സമാഹാരമാണ്. ജിമ്പിലെ പ്രധാനപ്പെട്ട ഏതാനും പ്ലഗിനുകൾ പരിചയപ്പെടാം.

G'MIC



- ജിമ്പ് പ്ലഗ്ഗിനുകളിൽ ഏറെ മികച്ച ഒന്നാണ് ഗിമിക്. ഇമേജ് പ്രോസസ്സിംഗിനുള്ള ഒരു പൂർണ്ണ ഓപ്പൺ സോഴ്സ് ഫ്രെയിംവർക്കാണ് ഇത്. ഇമേജ് കൺവർട്ടറുകളും അഞ്ഞൂറിലധികം ഫിൽട്ടറുകളും ഇതിൽ ലഭ്യമാണ്. G'MIC ജിമ്പിലെ Filters മെനുവിൽ ക്രമീകരിച്ചിരിക്കുന്നു.
- ഈ ഫിൽട്ടർ കൃത എന്ന ആപ്ലിക്കേൽനിലും ഉപയോഗിക്കുന്നുണ്ട്.

ഗിമ്പ്രഷനിസ്റ്റ് (GIMPressionist)

- ആർട്ടിസ്റ്റിക് ഫിൽട്ടറുകളുടെ രാജാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒരു ജിമ്പ് പ്ലഗ്ഗിനാണ് ഇത്. ഫോട്ടുകളെ വ്യത്യസ്തമായ ക്യാൻവാസിൽ, വ്യത്യസ്ത ബ്രഷുകളുപയോഗിച്ച് വരച്ച പെയിന്റിംഗ് രൂപത്തിൽ പരിവർത്തിപ്പിക്കാൻ ഈ പ്ലഗിൻ സഹായിക്കുന്നു. Filters → Artistic → GIMPressionist എന്ന ക്രമത്തിൽ ഈ പ്ലഗിൻ സജ്ജീകരിച്ചിരിക്കുന്നു.

ബാച്ച് പ്രോസസ്സ് (Batch)

- DBP – David's Batch Process എന്നാണ് ഈ പ്ലഗിന്നിന്റെ മുഴുവൻ പേര് . ഡേവിഡ് ഹോഡ്സൺ ആണ് ഈ പ്ലഗ്ഗിൻ വികസിപ്പിച്ചത്. പേര്

സൂചിപ്പിക്കുന്നതുപോലെ ഒന്നിലധികം ചിത്രങ്ങളെ ഒരുമിച്ച് എഡിറ്റ് (ക്രോപ്പ്, റൊട്ടേറ്റ്, റീ നെയിം, റീ സൈസ്, കൺവർട്ട്, തുടങ്ങിയവ) ചെയ്യാൻ സഹായിക്കുന്ന ടൂൾ ആണിത്. പന്ത്രണ്ട് തരം ഫോർമാറ്റുകളിലേക്ക് ഈ പ്ലഗിൻ ഉപയോഗിച്ച് ചിത്രങ്ങൾ കൺവർട്ട് ചെയ്യാം. ചിത്രങ്ങളെ ഗ്രേസ്കെയിലിലേക്ക് മാറ്റാനും ബ്രൈറ്റ്നെസ്, കോൺട്രാസ്റ്റ്, സാച്ചുറേഷൻ തുടങ്ങിയവ വ്യത്യാസപ്പെടുത്തുകയും ചെയ്യാം. Filters → Batch → Batch Process എന്ന ക്രമത്തിൽ ഈ പ്ലഗിൻ സജ്ജീകരിച്ചിരിക്കുന്നു.

ജിമ്പ് അനിമേഷൻ പാക്കേജ് (Gimp Animation Package)

- ജിമ്പിലുള്ള മറ്റൊരു സങ്കേതമാണ് ഗാപ് (GAP - Gimp Animation Package). gimp-gap എന്ന പാക്കേജ് ഇൻസ്റ്റാൾ ചെയ്യുകവഴി ഈ പ്ലഗിൻ സമാഹാരം ജിമ്പിൽ ലഭ്യമാകും. ഈ പ്ലഗ്ഗിൻ ഇൻസ്റ്റാൾ ചെയ്താൽ ജിമ്പ് മെനുബാറിൽ വീഡിയോ എന്ന മെനു പ്രത്യക്ഷപ്പെടുന്നതാണ്. ഇമേജ് ഫ്രെയിമുകൾ ചേർത്ത് വച്ച് ചലച്ചിത്രങ്ങളുണ്ടാക്കാനും അനിമേഷൻ വീഡിയോകൾ തയ്യാറാക്കാനും എഡിറ്റ് ചെയ്യാനും ഈ പ്ലഗിനുകൾ സഹായകമാണ്.

ഇങ്ക്സ്കേപ് - വെക്ടർഗ്രാഫിക്സ് എഡിറ്റർ (Inkscape Vector Graphics Editor)

മികച്ച ഒരു vector graphics software ആണ് inkscape. 0.92 പതിപ്പാണ് ഈ OS ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. Applications → Graphics → Inkscape Vector Graphics Editor എന്ന ക്രമത്തിൽ ഈ സോഫ്റ്റ്‌വെയർ തുറക്കാം. ഇതിന്റെ തനതു ഫോർമാറ്റ് svg ആണ്. ധാരാളം ഫിൽട്ടറുകളും എക്സ്റ്റൻഷനുകളും സ്ക്രിപ്റ്റുകളും ഇങ്ക്സ്കേപ്പിൽ ലഭ്യമാണ്. പ്രമുഖ റാസ്റ്റർ ചിത്ര ഫോർമാറ്റുകൾ കൂടാതെ Adobe Illustrator Artwork (AI), CorelDRAW (CDR), Microsoft Visio Drawing (VSD), SVG Zip (SVGZ), Dia Software (DIA), pdf തുടങ്ങിയ ഒട്ടനവധി ഫോർമാറ്റിലുള്ള ഫയലുകളും ഇങ്ക്സ്കേപ്പിലേക്ക് നേരിട്ട് ഇംപോർട്ട് ചെയ്യാം.



Encapsulated PostScript (EPS), Flash XML Graphics (FXG), Hewlett-Packard Graphics Language (HPGL), HTML5 Canvas, LaTeX (TEX), Portable Document Format (PDF), PostScript (PS) (Level 3 with 0.92+), POV-Ray (POV), Synfig Animation Studio (SIF), Extensible Application Markup Language (XAML)

തുടങ്ങിയ ഫോർമാറ്റുകളിലേക്കും പ്രധാന റാസ്റ്റർ ചിത്ര ഫോർമാറ്റുകളിലേക്കും എക്സ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യവും ഇതിൽ ലഭ്യമാണ്.

Extensions മെനുവിൽ ഇങ്ക്സ്കേപ്പിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട ഒട്ടനവധി പാക്കേജുകൾ കാണാവുന്നതാണ്. ഇങ്ക്സ്കേപ്പ് ഉപയോഗിച്ച് വെബ് ബ്രൗസർ അധിഷ്ഠിത പ്രസന്റേഷൻ നിർമ്മിക്കാനുള്ള എക്സ്റ്റൻഷനുകളാണ് ജെസ്സിഇൻക് (Jessyink), സോസി (sozi) എന്നിവ. ജാവ സ്ക്രിപ്റ്റ് ഉപയോഗിച്ചാണ് ഇവ തയ്യാറാക്കിയത്. ജെസ്സിഇൻക് ഇമേജിന്റെ ലെയറുകളെ സ്ലൈഡുകളാക്കി മാറ്റുകയാണ് ചെയ്യുന്നത്. സ്ലൈഡ് ട്രാൻസിഷൻ, പേജ് സൂമിങ്, ഓട്ടോമാറ്റിക് പേജ് നമ്പറിങ് തുടങ്ങിയ ഒട്ടനവധി സൗകര്യങ്ങൾ ഇതിലുണ്ട്.

സോസി ഇമേജിനെ സ്ലൈഡുകളാക്കുന്നില്ല. സ്ലൈഡ്ഷോയ്ക്ക് പകരം സൂമിങ്, പാനിംഗ്, റൊട്ടേഷൻ തുടങ്ങിയ ട്രാൻസിഷൻ സങ്കേതങ്ങളിലൂടെ ഒരു ചിത്രത്തിന്റെ പല ഭാഗങ്ങളെ അനിമേറ്റ് ചെയ്യുകയാണ് ചെയ്യുന്നത്.

കൂടാതെ LaTeX ഉപയോഗിച്ച് വിവിധ ഗണിതഡയഗ്രങ്ങളും ഇങ്ക്സ്കേപ്പിൽ നിർമ്മിക്കാവുന്നതാണ്.

ബ്ലെൻഡർ (Blender)



ത്രിമാന ഗ്രാഫിക്സ് കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന ഒരു സ്വതന്ത്രസോഫ്റ്റ്‌വെയർ ആണ് ബ്ലെൻഡർ. അനിമേഷൻ സിനിമകൾ, 3D പ്രിന്റിംഗ് മോഡലുകൾ, ഇന്ററാക്ടീവ് വീഡിയോ ഗെയിമുകൾ, ആപ്ലിക്കേഷനുകൾ, വിഷ്വൽ ഇഫക്ടുകൾ എന്നിവ ബ്ലെൻഡറിൽ തയ്യാറാക്കൻ കഴിയും. 3D മോഡലിംഗ്, യു.വി മാപ്പിംഗ്, ടെക്സ്ചറിംഗ്, റാസ്റ്റർ ഗ്രാഫിക്സ് എഡിറ്റിംഗ്, ഫ്ലൂയിഡ് ആൻഡ് സ്മോക്ക് സിമുലേഷൻ, പാർടിക്ക്ൾ സിമുലേഷൻ, സോഫ്റ്റ്ബോഡി സിമുലേഷൻ, വീഡിയോ എഡിറ്റിംഗ് തുടങ്ങി ഒട്ടേറെ സങ്കേതങ്ങൾ ബ്ലൻഡറിൽ ലഭ്യമാണ്. .blend എന്നതാണ് ഇതിന്റെ തനത് ഫയൽഫോർമാറ്റ്.

എലിഫന്റ്സ് ഡ്രീം, ബിഗ് ബക്ക് ബണ്ണി, സിന്റൽ, ടിയേഴ്സ് ഓഫ് സ്റ്റീൽ എന്നീ സ്വതന്ത്രസിനിമകളും പ്ലൂമിഫെറോസ് എന്ന കച്ചവടസിനിമയും യോ ഫ്രാങ്കി (Yo Frankie!) എന്ന ഗെയിമും ബ്ലെൻഡറിൽ നിർമ്മിച്ചതാണ്. കാത്തു (2, 3 പതിപ്പുകൾ), പൂപ്പി(പതിപ്പ് 3) എന്നീ മലയാളം അനിമേഷനുകൾ ബ്ലെൻഡറിൽ തയ്യാറാക്കിയതാണ്.

(മെനു: Applications → Graphics → Blender)

ഇമേജ് മാജിക് (ImageMagick (display)

ചിത്രങ്ങൾ കാണാനും എഡിറ്റ് ചെയ്യാനും മറ്റ് ഫോർമാറ്റുകളിലേക്ക് മാറ്റാനും ഉപയോഗിക്കാവുന്ന ഒരു സ്വതന്ത്രസോഫ്റ്റ്‌വെയറാണ് ഇമേജ് മാജിക്. റാസ്റ്റർചിത്രങ്ങളും വെക്ടർചിത്രങ്ങളും ഒരേപോലെ എഡിറ്റ്ചെയ്യാൻ ഈ സോഫ്റ്റ് വെയർ പര്യാപ്തമാണ്. ഇരുനൂറിലധികം ചിത്രഫോർമാറ്റുകൾ ഇമേജ് മാജിക്ക് പിന്തുണയ്ക്കുന്നുണ്ട്.

ചിത്രത്തിൽ റൈറ്റ്ക്ലിക്ക് ചെയ്ത് Open With Other Application – ImageMagick (display) എന്ന ക്രമത്തിൽ സോഫ്റ്റ്‌വെയർ തുറക്കാം. ചിത്രത്തിന്റെ കൂടെ ഒരു ടെർമിനൽ ജാലകവും തുറന്നുവരും. ഇത് ക്ലോസ് ചെയ്യരുത്. ചിത്രത്തിൽ ക്ലിക്ക് ചെയ്താൽ Commands എന്ന പേരിൽ ഇമേജ് മാജിക് മെനു ലഭ്യമാകും.

ജിമ്പ്, ഇങ്ക്സ്കേപ്പ് എന്നിവയ്ക്ക് ഉള്ളതുപോലെ മികച്ച ഗ്രാഫിക്കൽ യൂസർ ഇന്റർഫെയ്സ് ഇമേജ്മാജിക്കിന് ഇല്ല. കമാന്റ് ലൈൻ വഴിയുള്ള എഡിറ്റിങ്ങിനാണ് ഈ സോഫ്റ്റ് വെയർ മുൻതൂക്കം നൽകുന്നത്. ഉദാഹരണത്തിന് cat.png എന്ന ചിത്രത്തെ അതേപേരിൽ jpg ആക്കിമാറ്റാൻ convert cat.png cat.jpg എന്ന കമാന്റ് ഉപയോഗിച്ചാൽ മതി.

കൃത (Krita)

ജിമ്പിന് സമാനമായ മറ്റൊരു റാസ്റ്റർ ഗ്രാഫിക്സ് എഡിറ്റിംഗ് സോഫ്റ്റ്‌വയറാണ് കൃത. അനിമേഷൻ ക്യാരക്ടറുകൾ നിർമ്മിക്കാനും ഇത് ഉപയോഗിക്കുന്നുണ്ട്. വെക്ടർ ഫയലുകളും കൃത സപ്പോർട്ട് ചെയ്യും. Applications – Graphics – Krita എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ഈ പ്രോഗ്രാം തുറക്കാം. G'MIC എന്ന ജിമ്പ് പ്ലഗിൻ ഉപയോഗിച്ചാണ് കൃതയിലെ ഫിൽട്ടറുകളും



പ്രവർത്തിക്കുന്നത്. .kra എന്നതാണ് കൃതയുടെ സ്വാഭാവിക ഫയൽ ഫോർമാറ്റ്. കൃതയുടെ 4.0.1 പതിപ്പാണ് ഈ OS ൽ ഉപയോഗിച്ചിരിക്കുന്നത്.

Animation Template, Comic Template, Design Template, DSLR Template, Texture Template തുടങ്ങി മുൻകൂട്ടി തയ്യാറാക്കിയ ധാരാളം ടെംപ്ലേറ്റുകൾ കൃതയിൽ ലഭ്യമാണ്. ജിമ്പിനെ അപേക്ഷിച്ച് കുറച്ചുകൂടെ ലളിതമായ യൂസർ ഇന്റർഫെയ്സ് ആണ് കൃതയുടേത്. മാത്രമല്ല അത് നമ്മുടെ സൗകര്യമനുസരിച്ച് കസ്റ്റമൈസ് ചെയ്യാവുന്നതുമാണ്.

കളർപെയിന്റ് (KolourPaint)



ഡിജിറ്റൽ ചിത്രരചനയുടെ ബാലപാഠങ്ങൾ അഭ്യസിക്കാൻ ഉപയോഗിക്കാവുന്ന ലളിതമായ ഒരു പെയിന്റിംഗ് പ്രോഗ്രാമാണ് കളർപെയിന്റ്. Applications – Graphics – Kolorpaint എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ഈ പ്രോഗ്രാം തുറക്കാം. കളർപെയിന്റ് ജാലകത്തിന്റെ ഇടതുവശത്താ ടൂൾ ബോക്സ് ക്രമീകരിച്ചിരിക്കുന്നു. ഓരോ ടൂളിലും ക്ലിക്ക് ചെയ്യുമ്പോൾ അനുബന്ധ ഓപ്ഷനുകൾ ടൂൾബോക്സിനു കീഴെ ദൃശ്യമാകും. ക്യാൻവാസിന് ചുവട്ടിലായി കളർ പാലറ്റ് സജ്ജീകരിച്ചിരിക്കുന്നു. png ഫോമാറ്റിലാണ് ഫയൽ സേവാകുന്നത്. Jpg, bmp തുടങ്ങി എട്ടോളം ഫോർമാറ്റിൽ ഫയൽ സേവ് ചെയ്യാൻ പറ്റും.

കൂടാതെ Resize, Flip, Mirror, Rotate തുടങ്ങിയ സങ്കേതങ്ങളും Emboss, Soften & Sharpen, Reduce color, Invert തുടങ്ങിയ ഏതാനും ഇഫക്ട്കളും ഇതിൽ ലഭ്യമാണ്.

എക്സ്പെയിന്റ് (XPaint)



ലളിതമായ ഒരു ചിത്രരചന/ എഡിറ്റിംഗ് സോഫ്റ്റ്‌വെയറാണ് എക്സ്പെയിന്റ്. ഡിജിറ്റൽ പെയിന്റിംഗിന്റെ ബാലപാഠങ്ങൾ അഭ്യസിക്കാൻ സഹായകമാണ് ഈ സോഫ്റ്റ്‌വെയർ. ഒന്നിലധികം ചിത്രങ്ങൾ എഡിറ്റുചെയ്യാനും ബ്രൗസുചെയ്യാനും ഇത് അനുവദിക്കുന്നു. മാത്രമല്ല ഓരോ പെയിന്റെ ജാലകത്തിലും തനത്കളർ പാലറ്റും ബ്രഷുകളും ഉണ്ടായിരിക്കും. PNG, GIF, TIFF, TGA, PPM, XPM, XBM, BMP, ICO, JPEG, JPEG2000, PGF

തുടങ്ങി ഒട്ടേറെ ഫോർമാറ്റുകൾ ഇത് പിന്തുണക്കുന്നുണ്ട്. കൂടാതെ PostScript, PDF, SVG തുടങ്ങിയ വെക്ടർ ഫോർമാറ്റുകളും എക്സ്പെയിന്റിൽ ഇമ്പോർട്ട് ചെയ്യാൻ സാധിക്കും.

Applications → Graphics →Xpaint എന്ന രീതിയിൽ ഈ സോഫ്റ്റ്‌വെയർ തുറക്കാവുന്നതാണ്.

കെകളർച്ചൂസർ (KColorChooser)



ഉബുണ്ടു 14.06 ൽ ലഭ്യമാക്കിയിരുന്ന ജികളർ 2 എന്ന സോഫ്റ്റ്‌വെയറിനു പകരം ഉൾപ്പെടുത്തിയതാണ് കെകളർച്ചൂസർ. ഇന്റർഫെയ്സിലോ ഉപയോഗക്രമത്തിലോ രണ്ട് സോഫ്റ്റ് വെയറുകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. മിക്ക KDE ആപ്ലിക്കേഷനുകളിലും ഈ കളർ ച്ചൂസറാണ് ഉപയോഗിച്ചിട്ടുള്ളത്.

ഈ സോഫ്റ്റ്‌വെയറിൽ ബേസിക് കളേഴ്സ് എന്ന ഭാഗത്ത് നാൽപ്പത്തിയെട്ട് വ്യത്യസ്ത നിറങ്ങൾ നൽകിയിട്ടുണ്ട്. ഒരു നിറത്തിൽ ക്ലിക്ക് ചെയ്താൽ താഴെയുള്ള വലിയ ചതുരത്തിൽ അതിന്റെ പ്രിവ്യൂ കാണാൻ കഴിയും. കൂടാതെ തിരഞ്ഞെടുത്ത നിറത്തിന്റെ RGB, Hue, Saturation, Value എന്നീ വിലകളും എച്ച്.ടി.എം.എൽ ഹെക്സാഡെസിമൽ കോഡും ദൃശ്യമാകും.

RGB, Hue, Saturation, Value എന്നീ വിലകൾ ആവശ്യാനുസരണം മാറ്റിയും കളർഗ്രിഡിൽ ഇഷ്ടപ്പെട്ട നിറത്തിൽ ക്ലിക്ക് ചെയ്തും നമുക്ക് നിറം തിരഞ്ഞെടുക്കാൻ കഴിയും. കൂടാതെ, Pick Screen Colours എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ സ്ക്രീനിലുള്ള ഏത് നിറവും തിരഞ്ഞെടുക്കാൻ കഴിയും.

ഡ്രോഎസ്.ഡബ്ല്യു.എഫ് (DrawSWF)

വളരെ ലളിതമായ ഫ്ലാഷ് അനിമേഷൻ നിർമ്മിക്കാനുള്ള ഒരു സോഫ്റ്റ്‌വെയറാണ് DrawSWF. ഈ സോഫ്റ്റ്‌വെയർ പ്രവർത്തിക്കുമ്പോൾ രണ്ട് ജാലകങ്ങൾ പ്രത്യക്ഷപ്പെടും. പ്രധാനജാലകം ചിത്രം വരയക്കാനുള്ളതാണ്. Drawing Objects എന്ന രണ്ടാമത്തെ ജാലകത്തിൽ നാം വരച്ച ഓരോ ഒബ്ജക്ട്ടും അതിന്റെ പ്രോപ്പർട്ടിയും ദൃശ്യമാകും. അതായത്, നാം ഒരു വര വരയ്ക്കുമ്പോൾ ആ വരയുടെ പേര് (Line1), X, Y, PenColor, StrockWidth എന്നീ ആട്രിബ്യൂട്ടുകൾ, അടുത്ത കോളത്തിൽ അവയുടെ വില എന്നിവ കാണാം. ഈ വിലയിൽ വ്യത്യാസം വരുത്തിയും എപ്പോൾ വേണമെങ്കിലും ഒരു ഒബ്ജക്ടിനെ എഡിറ്റ് ചെയ്യാവുന്നതാണ്. വരയുടെ തുടർച്ചയായി വീണ്ടും വരയ്ക്കുമ്പോൾ അവ പുതിയ ഒബ്ജക്ടായാണ് കണക്കാക്കുക.



Edit an Object, draw a freehand-line, Draw a straight line, Draw a rectangle, Draw an ellipse, Write a message, Insert a picture, Set the pen color, Set the fill color തുടങ്ങി വളരെ കുറച്ച് ടൂളുകൾ മാത്രമേ ഈ സോഫ്റ്റ്‌വെയറിൽ ഉള്ളൂ. ചിത്രം വരച്ച് നേരിട്ട് ഫ്ലാഷ് അനിമേഷനായി അത് എക്സ്പോർട്ട് ചെയ്യാം.

ലിബർഓഫീസ് ഡ്രോ (LibreOffice Draw)

ലിബർഓഫീസ് സ്യൂട്ടിൽ ലഭ്യമായ ഒരു സ്വതന്ത്ര വെക്ടർ ഗ്രാഫിക് എഡിറ്ററാണ് ലിബർഓഫീസ് ഡ്രോ. .odg എന്നതാണ് ഇതിന്റെ തനതു ഫോർമാറ്റ്. ഫ്ലോചാർട്ടുകൾ, ഡയഗ്രങ്ങൾ, ടെക്നിക്കൽ ഡ്രോയിംഗുകൾ, ബ്രോഷറുകൾ, ആൽബങ്ങൾ തുടങ്ങിയവ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയും. Applications → Graphics →LibreOffice Draw എന്ന ക്രമത്തിൽ ഈ സോഫ്റ്റ്‌വെയർ തുറക്കാവുന്നതാണ്. ലിബർ ഓഫീസിന്റെ 6.1.5.2 പതിപ്പാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

ലിബർഓഫീസ് റൈറ്ററിൽ ഉള്ളതുപോലെ സ്പെൽചെക്കർ, തെസോറസ്, ഓട്ടോകറക്ട് സങ്കേതം, ഹൈഫണേഷൻ മോഡ് തുടങ്ങിയവ ഡ്രോയിലും ലഭ്യമാണ്. ഒബ്ജക്ട്ടുകൾക്ക് നൽകിയ നിറം ഒരുമിച്ച് മാറ്റാൻ കളർ റീപ്ലേസർ എന്ന സംവിധാനവുണ്ട്. നിറം മാറ്റേണ്ട ഒബ്ജക്ടിറ്റിൽ റൈറ്റ്ക്ലിക്ക് ചെയ്ത് അവയെ

മെറ്റാഫയൽ ആക്കി മാറ്റണം (Convert – To Meta file). എങ്കിൽ മാത്രമേ ഈ സംവിധാനം ശരിയായി പ്രവർത്തിക്കുകയുള്ളൂ.

ലിബർ ഓഫീസ് ഡ്രോ ധാരാളം ഫയൽ ഫോർമാറ്റ് പിന്തുണയ്ക്കുന്നുണ്ട്. pdf, vsd (Microsoft Visio), ott, stw, oth, ots, stc, otp, sti, otg, std, vor തുടങ്ങിയ ഫയലുകൾ ഡ്രോയിലേക്ക് ഇമ്പോർട്ട് ചെയ്യാൻ കഴിയും.



bmp, eps, emf, gif, jpeg, png, svg, wmf, html, xhtml, pdf, swf, tiff തുടങ്ങിയ ഫോർമാറ്റുകളിലേക്ക് ലിബർഓഫീസ് ഡ്രോയിൽനിന്നും ഫയലുകൾ എക്സ്പോർട്ട് ചെയ്യാനും കഴിയും.

സ്ക്രീൻ ഷോട്ടുകൾ (Screenshots)

നമ്മുടെ കമ്പ്യൂട്ടറിന്റെ സ്ക്രീനിൽ കാണുന്ന ദൃശ്യത്തിന്റെ (ജാലകങ്ങളുടെയും മറ്റ സിസ്റ്റം ഡെസ്കടോപ്പ് സംവിധാനങ്ങളുടേയും) ചിത്രങ്ങൾ തയ്യാറാക്കാവുന്ന സംവിധാനമാണ്. സ്ക്രീൻഷോട്ട് (Applications → Accessories → Screenshot), ഷട്ടർ (Applications → Accessories → Shutter), കെസ്റ്റാപ്ഷോട്ട് (Applications → Graphics → Spectacle) തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഇതിനായി ഉപയോഗിക്കാം.



Gnome-Screenshot



Spectacle



ഡെസ്ക്ടോപ്പിന്റേയും അതിൽ തുറന്നുവെച്ചിരിക്കുന്ന ജാലകങ്ങളുടേയും മുഴുവനായോ ചില ഭാഗങ്ങൾ മാത്രമായോ ഉള്ള ചിത്രങ്ങൾ ഇവ ഉപയോഗിച്ച് തയ്യാറാക്കാൻ സാധിക്കും. മൗസ് ഉപയോഗിച്ചുള്ള സെലക്ഷനുകൾ ഉൾപ്പെടുന്ന സ്ക്രീൻ ഷോട്ടുകളെടുക്കാൻ Grab after a delay എന്ന ഭാഗം സെലക്ട് ചെയ്ത് അവിടെ നൽകിയിട്ടുള്ള സമയക്രമീകരണം ഉപയോഗപ്പെടുത്തണം. Shutter ൽ Edit → Preferences എടുത്ത് Capture after a delay of എന്ന ഭാഗത്ത് സമയക്രമീകരണം നടത്താം. Spectacle ൽ Capture Mode എന്ന ഭാഗത്തുള്ള Delay ൽ സമയക്രമീകരണം നടത്താം.

Screenshot എന്ന സോഫ്റ്റ്‌വെയറിനെ അപേക്ഷിച്ച് Shutter, Spectacle എന്നിവയിൽ കൂടുതൽ സങ്കേതങ്ങളുണ്ട്. Spectacle ഉപയോഗിച്ച് എടുത്ത ചിത്രത്തെ മറ്റ് ഏത് ഗ്രാഫിക് സോഫ്റ്റ്‌വെയറിലേക്കും എക്സ്പോർട്ട് ചെയ്യാൻ സാധിക്കും. ഇതിനായി Spectacle ന്റെ അടിവശത്തെ Export Image എന്ന ഓപ്ഷൻ ഉപയോഗിച്ചാൽ മതി. ഈ ചിത്രങ്ങളെ നേരിട്ട് ഇ-മെയിൽവഴി അയക്കാനും എക്സ്റ്റേണൽ ഡ്രൈവുകളിലേക്ക് മാറ്റാനും കഴിയും.

Shutter ഉപയോഗിച്ച് മറ്റ് വർക്ക്സ്പേസുകളുടെയും തുറന്നിരിക്കുന്ന ഏത് ആപ്ലിക്കേഷന്റെയും സ്ക്രീൻഷോട്ട് അവ സ്ക്രീനിൽ കാണാതിരിക്കുമ്പോൾ പോലും ക്യാപ്ചർ ചെയ്യാൻ കഴിയും. ഇതിനായി ടൂൾബാറിലെ Desktop എന്ന ഓപ്ഷൻ എടുത്താൽ മതി. ഒരു വർക്ക്സ്പേസിൽ നിന്നുകൊണ്ട് മുഴുവൻ വർക്കസ്പേസിന്റെയും ഏതെങ്കിലും ഒരു വർക്കസ്പേസിന്റെയും സ്ക്രീൻഷോട്ട് എടുക്കാം. ടൂൾബാറിലെ Windows എന്ന ഓപ്ഷൻ ഉപയോഗിച്ച് മിനിമൈസ് ചെയ്തതോ തുറന്നിരിക്കുന്ന മറ്റ് ആപ്ലിക്കേഷനുകളുടെ അടിയിൽ സ്ഥിതിചെയ്യുന്നതോ ആയ ജാലകങ്ങളുടെ സ്ക്രീൻഷോട്ടും എടുക്കാൻ കഴിയും. കൂടാതെ ആപ്ലിക്കേഷനുകളുടെ മെനുകളുടെ മാത്രം സ്ക്രീൻഷോട്ടും ടൂൾടിപ്പുകളുടെ സ്ക്രീൻഷോട്ടും എടുക്കാനുള്ള സൗകര്യവും ഷട്ടറിലുണ്ട്.

സ്ക്രീൻഷോട്ടുകളിൽ ആവശ്യമുള്ള ഭാഗങ്ങൾ ഹൈലൈറ്റ് ചെയ്യുക, ക്രോപ്പ് ചെയ്യുക, നിർദ്ദേശങ്ങളോ സൂചനകളോ ടൈപ്പ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്ക് അടിസ്ഥാന എഡിറ്റിംഗ് ടൂളും ഷട്ടറിൽ സജ്ജീകരിച്ചിട്ടുണ്ട്. ചിത്രത്തിൽ റൈറ്റ് ക്ലിക്ക് ചെയ്താൽ ജിമ്പ് തുടങ്ങിയ അഡ്വാൻസ്ഡ് സോഫ്റ്റ്‌വെയറുകളിൽ എഡിറ്റുചെയ്യുകയുമാവാം.

കീബോർഡിലെ Prt Scr കീ അമർത്തിയാൽ ഡെസ്ക്ടോപ് ദൃശ്യം മൊത്തമായും സിസ്റ്റത്തിൽ സേവ് ചെയ്യപ്പെടുന്നു. ഇതിനു പകരം Alt കീ അമർത്തിപ്പിടിച്ച ശേഷമാണ് PrtScr കീ അമർത്തി യത് എങ്കിൽ ആ സമയത്ത് സ്ക്രീനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ ജാലകത്തിന്റെ ചിത്രമായിരിക്കും സേവ് ചെയ്യപ്പെടുന്നത്. ഓപറേറ്റിങ്ങ് സിസ്റ്റത്തിന്റെ മുൻപതിപ്പുകളിൽ നിന്നും വ്യത്യസ്തമായി ഹോം ഫോൾഡറിലോ ഹോമിനകത്ത് Picture എന്ന സബ്-ഫോൾഡറിലോ ആണ് ഇത്തരത്തിലെടുക്കുന്ന സ്ക്രീൻഷോട്ടുകൾ സേവ് ചെയ്യപ്പെടുന്നത്.

കീബോർഡ് ഷോർട്ട് കട്ട് കീകൾ ഉപയോഗിച്ചും നമുക്ക് സ്ക്രീൻ ഷോട്ടുകൾ തയ്യാറാക്കാം. താഴെ പറയുന്ന പട്ടിക നോക്കുക.

- To Take a Screenshot, Press the PrtScr Key
- To Take a Screenshot of a window, Press Alt + PrtScr
- To Take a Screenshot of an area, Press Shift + PrtScr
- To Copy a Screenshot to clipboard, Press Ctrl + PrtScr
- To Copy a Screenshot of a window to clipboard, Press Ctrl + Alt + PrtScr
- To Copy a Screenshot of an area to clipboard Press Shift + Ctrl + PrtScr

ചിത്രദർശിനികൾ (Image viewers)

ഇമേജ് വ്യൂവർ (Eye of Gnome), ഐ ഓഫ് മേറ്റ് ഇമേജ് വ്യൂവർ (Eye of MATE image viewer), ഷോട്ട്‌വെൽ ഫോട്ടോ മാനേജർ (ShotWell Photo Manager) ഇമേജ് മാജിക്ക് (ImageMagick Display), എന്നിവയാണ് ഈ OS ൽ ഉൾപ്പെടുത്തിയ ചിത്രദർശിനികൾ. Applications → Graphics എന്ന മെനുവിലാണ് ഉവയെല്ലാം വിന്യസിച്ചിട്ടുള്ളത്.

ഇമേജ് വ്യൂവർ (Eye of Gnome Image Viewer)

ഈ OS ലെ സ്വാഭാവിക ചിത്രദർശിനിയാണ് ഗ്നോം മിഴി. ഒരു ചിത്രത്തിൽ ഡബിൾക്ലിക്ക് ചെയ്താൽ ഈ ആപ്ലിക്കേഷനിലാണ് തുറന്നു വരുന്നത്. ഈ സോഫ്റ്റ്‌വെയറിന്റെ 3.28.1 പതിപ്പാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉബുണ്ടു 14.04 ൽ ലഭ്യമാക്കിയ 3.10.2 പതിപ്പിനെ അപേക്ഷിച്ച് ഇന്റർഫേസിലും മെനുവിലും പ്രകടമായ കുറേ മാറ്റങ്ങൾ ഇതിൽ വരുത്തിയിരിക്കുന്നു. പ്രധാന മാറ്റങ്ങൾ:



- ടൂൾബാർ, മെനു ബാർ എന്നിവ ഒഴിവാക്കി. പകരം കൺട്രോൾ ബട്ടണുകളുടെ അടുത്തായി ഒരു മൂന്നുവര ഐക്കണിൽ മെനു ക്രമീകരിച്ചു.
- സൈഡ് പെയ്ൻ ഇടത്തുനിന്നും വലതുവശത്തേക്ക് മാറ്റി.
- ഷോർട്ട്കട്ട് കീകളിലും വ്യത്യാസം വരുത്തി. സൈഡ് പെയ്ൻ ഷോർട്ട്കട്ട് F9 ഉം ഇമേജ് ഗാലറിയുടെ ഷോർട്ട്കട്ട് ctrl+F9 ഉം ആക്കി പരസ്പരം മാറ്റി.

മുൻ പതിപ്പിലെ പോലെതന്നെ ഒന്നിലധികം ചിത്രങ്ങളെ ഒരുമിച്ച് പേര് മാറ്റാനും ഫയൽടൈപ്പ് മാറ്റാനും ഇതിലും സൗകര്യമുണ്ട്. ഇതിനായി,



- ◦ പേര് മാറ്റേണ്ട ചിത്രങ്ങളെല്ലാം ഒരു ഫോൾഡറിൽ ശേഖരിക്കുക. അതിൽ ഒരു ചിത്രത്തിൽ ഡബിൾക്ലിക്ക് ചെയ്ത് ഇമേജ് വ്യൂവറിൽ തുറക്കുക.
- ◦ Ctrl+F9 കീകൾ അമർത്തിയോ, മെനുവിൽനിന്നോ ഇമേജ് ഗാലറി തുറക്കുക.
- ◦ Ctrl+A കീകൾ അമർത്തി മുഴുവൻ ചിത്രങ്ങളും സെലക്ട് ചെയ്യുക. മെനുവിൽ നിന്ന് Save As.. എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. (OR - Shift+Ctrl+s)
- ◦ ഇപ്പോൾ ലഭിക്കുന്ന ജാലകത്തിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഫയലുകളെ ഒരുമിച്ച് പേര് മാറ്റാനും, bmp, ico,jpeg, png, tiff എന്നീ ഫോർമാറ്റുകളിലേക്ക് പരിവർത്തിപ്പിക്കാനും കഴിയും.

ചിത്രങ്ങളെ റൊട്ടേറ്റ് ചെയ്യാൻ Ctrl+R എന്ന കീ കോമ്പിനേഷൻ ഉപയോഗിച്ചാൽ മതി.

വെബ് ബ്രൗസറുകൾ (Web browsers)

മോസില്ല ഫയർഫോക്സ്, ക്രോമിയം, ഗ്നോം വെബ് (web എന്ന പേരിൽ) എന്നീ മൂന്ന് വെബ് ബ്രൗസറുകളാണ് ഈ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. Applications – Internet എന്ന മെനുവിൽ ഈ മൂന്നു വെബ് ബ്രൗസറുകളും സജ്ജീകരിച്ചിരിക്കുന്നു.

Firefox Chromium Web

ഫയർഫോക്സ് വെബ് ബ്രൗസർ (Firefox Web Browser)

Firefox 65.0.1 അണ് ഈ പതിപ്പിൽ ഡിഫോൾട്ട് ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. Firefox ന്റെ ഈ വേർഷനിലും മെനുബാർ ഹൈഡ് ചെയ്തിട്ടുണ്ട്. എന്നാൽ F10 കീ അമർത്തി മെനുബാർ ആക്ടിവേറ്റ് ചെയ്യാവുന്നതാണ്. കൂടാതെ അഡ്രസ്ബാർ ഉൾപ്പെടുന്ന ഭാഗത്തിന്റെ അവസാനമുള്ള ഐക്കണിൽ ക്ലിക്ക് ചെയ്താലും മെനുവിലുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

ക്രോമിയം വെബ് ബ്രൗസർ (Chromium Web Browser)

ഗൂഗിളിന്റെ ഓപ്പൺ സോഴ്സ് വെബ് ബ്രൗസർ പ്രോജക്ടിൽ നിന്നാണ് ക്രോമിയം ബ്രൗസർ ഉണ്ടാവുന്നത്. ക്രോമിയത്തിന്റെ 71.0.3578.98 പതിപ്പാണ് ഉബുണ്ടു 18.04 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് വെബ് ബ്രൗസറുകളെ പോലെ ഇതിലും മെനുബാർ ദൃശ്യമല്ല. മൊബൈൽ ഫോണിൽ ഉള്ളതുപോലെ ഒരു Three dot menu അഡ്രസ്സ് ബാറിന്റെ അവസാനം കാണാം. ഇതിൽ ക്ലിക്ക് ചെയ്താൽ മെനു ദൃശ്യമാകുന്നതാണ്.

GNOME Web - വെബ് ബ്രൗസർ (Web)

മുമ്പ് എപ്പിഫനി വെബ് ബ്രൗസർ (Epiphany web browser) എന്ന പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്. ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള വളരെ ലളിതമായ ഈ വെബ് ബ്രൗസറാണിത്.

മറ്റ് വെബ് സോഫ്റ്റ്‌വെയറുകൾ

ഫയൽസില്ല (FileZilla)

ഫയൽ ട്രാൻസ്ഫർ പ്രോട്ടോകോൾ (FTP) ഉപയോഗിച്ച് വെബ്സെർവറിലേക്കും തിരിച്ചും ഫയലുകൾ കൈമാറാനുള്ള ക്ലയന്റ് സോഫ്റ്റ്‌വെയർ ആണ് ഫയൽസില്ല. FTP ക്ക് പുറമെ SFTP, FTPS എന്നീ പ്രോട്ടോകോളുകളെയും ഫയൽസില്ല പിന്തുണക്കുന്നുണ്ട്. ക്രോസ് പ്ലാറ്റ്ഫോം സോഫ്റ്റ്‌വെയറായതുകൊണ്ട് ഏത് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലേക്കും ഫയൽ കൈമാറ്റം സാധ്യമാണ്. ക്ലയന്റ്സോഫ്റ്റ്‌വെയറിനുപുറമേ ഫയൽസില്ല സെർവർ എന്ന പേരിൽ സെർവർ സോഫ്റ്റ്‌വെയറും ലഭ്യമാണ്. ഫയൽസില്ല ക്ലയന്റിന്റെ 3.28.0 പതിപ്പാണ് ഈ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ കൂടെ ലഭ്യമാക്കിയിരിക്കുന്നത്.



സവിശേഷതകൾ

- സ്വതന്ത്രസോഫ്റ്റ്‌വെയർ
- IPv6 പ്രോട്ടോകോൾ സപ്പോർട്ട് ചെയ്യുന്നു.
- വ്യത്യസ്ത ടാബുകളിലായി ഒന്നിലധികം സെർവറുകൾ കണക്ട് ചെയ്യാനും ഫയലുകൾ കൈമാറാനും സാധിക്കുന്നു.
- സെർവറിലെയും ലോക്കലിലെയും ഡയറക്ടറികൾ ബുക്ക്മാർക്ക് ചെയ്യാനുള്ള സംവിധാനം

- ഫയൽനെയിം ഫിൽട്ടറുകൾ
- റിമോട്ട് ഫയൽ എഡിറ്റിംഗ്. സെർവറിൽനിന്നും ഫയൽ ഡൗൺലോഡ് ചെയ്യാതെ എഡിറ്റ് ചെയ്യാനുള്ള സൗകര്യം
- ക്രോസ്സ്പ്ലാറ്റ്ഫോം. ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളുടെ ആശ്രിതത്വം ഇല്ല.

ഫയൽസില്ല ഉപയോഗിച്ച് ലോക്കൽ നെറ്റ്‌വർക്കിൽ ഫയൽ ഷെയർചെയ്യുന്നവിധം



- രണ്ട് കമ്പ്യൂട്ടറുകൾ ഒരേ നെറ്റ്‌വർക്കിൽ കണക്ട് ചെയ്യുക.
- ഫയൽസില്ല ഓപ്പൺ ചെയ്ത് ഇനിപറയുന്ന ഫീൽഡുകൾ ശരിയായി പൂരിപ്പിക്കുക.
  1. Host : കണക്ട് ചെയ്യേണ്ട സിസ്റ്റത്തിന്റെ ഐ.പി അഡ്രസ്സ്
  1. Username: കണക്ട് ചെയ്യേണ്ട സിസ്റ്റത്തിന്റെ username
  1. Password: കണക്ട് ചെയ്യേണ്ട സിസ്റ്റത്തിന്റെ password
  2. Port: 22
- തുടർന്ന് Quick connect എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- Remote site എന്ന ഭാഗത്ത് കണക്ട്ചെയ്ത സിസ്റ്റത്തിലെ ഫയൽസിസ്റ്റം തുറന്നുവന്നിരിക്കുന്നത് കാണാം.
- Local site എന്ന ഭാഗത്തുനിന്നും ഫയൽബ്രൗസ് ചെയ്ത് ഷെയർ ചെയ്യേണ്ട ഫയൽ സെലക്ട് ചെയ്യുക.
- Remote site ലെ ഫയൽബ്രൗസ് ചെയ്ത് ഫയൽ സേവ് ചെയ്യേണ്ട ഫോൾഡർ സെലക്ട് ചെയ്യുക.
- എന്റർ കീ അമർത്തുകയോ സെലക്ട്ചെയ്തുവച്ചിരിക്കുന്ന ഫയലിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Upload ൽ ക്ലിക്ക് ചെയ്തോ ഫയൽ കൈമാറാം.

Transmission BitTorrentClient (Torrent Download)

ഇന്റർനെറ്റ് വഴിയുള്ള ഫയൽകൈമാറ്റത്തിന് ഉപയോഗിക്കുന്ന ഒരു സാങ്കേതികവിദ്യയാണ് ടോറന്റ്. ബിറ്റ്ടോറന്റ് എന്ന ഓപ്പൺ പ്രോട്ടോക്കോൾ

ഉപയോഗിച്ചാണ് ടോറന്റുകൾ പ്രവർത്തിക്കുന്നത്. ഡിജിറ്റൽ വീഡിയോകൾ, ഐ.എസ്.ഒ ഫയലുകൾ തുടങ്ങിയ വലിയ ഫയലുകൾ പങ്കുവയ്ക്കാൻ ഇന്ന് ഏറ്റവും സാധാരണമായി ഉപയോഗിക്കുന്ന പ്രോട്ടോക്കോളുകളിൽ ഒന്നാണ് ബിറ്റ്ടോറന്റ്. സെർവറിൽ നിന്ന് നേട്ട് ഉപയോക്താവിലേക്കല്ല പകരം എല്ലാ ഉപയോക്താക്കളും പരസ്പരം ഡാറ്റ കൈമാറുന്ന പിയർ ടു പിയർ ഷെയറിങ് (P2P sharing) രീതിയിലാണ് ടോറന്റ് പ്രവത്തിക്കുന്നത്. ഇത്തരം കമ്പ്യൂട്ടർ ശൃംഖലയിലെ കമ്പ്യൂട്ടറുകൾ ഒരേ സമയം സെർവറായും ക്ലയന്റായും പ്രവർത്തിക്കുന്നു. അതായത് ഒരു ക്ലയന്റ് കമ്പ്യൂട്ടറിൽ ശേഖരിച്ച ഫയൽ തന്നെയാണ് മറ്റ് കമ്പ്യൂട്ടറുകളിലേക്ക് ഷെയർ ചെയ്യപ്പെടുന്നത്. കൈമാറ്റം ചെയ്യേണ്ട ഫയലുകളെ ചെറിയ സൈസുള്ള പായ്ക്കറ്റുകളായി വിഭജിക്കുകയും അവ പരസ്പരം കൈമാറുകയും ചെയ്യുന്നു. .torrent എന്ന എക്സ്റ്റൻഷുകളിൽ ഉള്ള ടോറന്റ് ഫയലുകളും ഈ ടോറന്റ് ഫയൽ ഉപയോഗിക്കാനുള്ള ക്ലയന്റ് സോഫ്റ്റ്‌വെയറും ഉണ്ടെങ്കിലേ ഇത്തരത്തിലുള്ള ഡൗൺലോഡിങ് സാധ്യമാവുകയുള്ളു.

ഉബുണ്ടു 18.04 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ടോറന്റ് ക്ലയന്റ് സോഫ്റ്റ്‌വെയറാണ് ട്രാൻസ്മിഷൻ. Applications → Internet →Transmission BitTorrentClient എന്ന ക്രമത്തിൽ ഈ സോഫ്റ്റ്‌വെയർ തുറക്കാവുന്നതാണ്. ഈ സോഫ്റ്റ്‌വെയറിന്റെ 2.92 പതിപ്പാണ് ഈ OS ൽ ഉപയോഗിച്ചിരിക്കുന്നത്. ഡൗൺലോഡ് ചെയ്തുവച്ച ടോറന്റ് ഫയലിൽ ഡബിൾക്ലിക്ക് ചെയ്താൽ അത് ട്രാൻസ്മിഷൻ സോഫ്റ്റ്‌വെയറിൽ തുറന്നുവരും. അതല്ലെങ്കിൽ ട്രാൻസ്മിഷൻ തുറന്ന ഫയൽമെനുവിലെ Open എന്ന ഓപ്ഷൻ ഉപയോഗിച്ച് ടോറന്റ് ഫയൽ സെലക്ട് ചെയ്താലും മതി. ഫയൽ ഓപ്പൺചെയ്യുന്നതോടെ ഡൗൺലോഡിംഗ് ആരംഭിക്കും. ഡൗൺലോഡിംഗ് പൂർണ്ണമായാൽ നമ്മുടെ കമ്പ്യൂട്ടറിൽ നിന്നും ഫയൽ ഷെയറിംഗും (അപ്‌ലോഡിംഗ്) ആരംഭിക്കും. പിയറിലേക്ക് ഫയൽ അപ്‌ലോഡ് ചെയ്യുന്നതിനെ സീഡിംഗ് എന്നാണ് പറയുന്നത്. ഫയൽ നമ്മുടെ കമ്പ്യൂട്ടറിൽ മുഴുവനുമുണ്ടെങ്കിലേ സീഡിംഗ് ആരംഭിക്കുകയുള്ളു. ഫയൽ മുഴുവനുമായി ലഭിക്കുന്ന ആളെ സീഡർ എന്നു വിളിക്കുന്നു. ട്രാൻസ്മിഷൻ ജാലകത്തിന്റെ ഓപ്ഷൻസ് ബട്ടൺ ക്ലിക്ക് ചെയ്ത് അപ്‌ലോഡിംഗിന്റെയും ഡൗൺലോഡിംഗിന്റെയും വേഗത, സീഡിംഗ് അനുപാതം എന്നിവ ക്രമീകരിക്കാൻ കഴിയും.



യൂട്യൂബ് ഡൗൺലോഡർ (Download Youtube Videos)

YouTube DL GUI ഉപയോഗിച്ച് യൂട്യൂബിൽ നിന്നുള്ള വീഡിയോകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. മറ്റ് ചില വീഡിയോ സൈറ്റുകളിൽ നിന്നുള്ള വീഡിയോകളും ഇതു വഴി ഡൗൺലോഡ് ചെയ്യാം. Internet മെനുവിൽനിന്ന് ഇത് തുറക്കാം



വീഡിയോ പ്ലേ ചെയ്യുമ്പോൾ അഡ്രസ് ബാറിൽ നിന്നോ വീഡിയോ റൈറ്റ് ക്ലിക്ക് ചെയ്തോ വീഡിയോ URL കോപി ചെയ്ത് ഇതിലേക്ക് പേസ്റ്റ് ചെയ്യുക. തുടർന്ന് Add ബട്ടൺ ക്ലിക്ക് ചെയ്ത് ഡൗൺലോഡ് ബട്ടൺ ക്ലിക്ക് ചെയ്യുക. എവിടെയാണ് ഡൗൺലോഡ് ചെയ്യേണ്ടതെന്ന് തീരുമാനിക്കാനും സാധിക്കും. ഈ അപ്ലിക്കേഷൻ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ വലത് വശത്തുള്ള സെറ്റിങ്സ് ബട്ടണിൽ ക്ലിക്ക് ചെയ്ത് അപ്ലിക്കേഷൻ update ചെയ്താൽ മതി.

തണ്ടർബേഡ് മെയിൽ – Thunderbird Mail (Mail Client)

മോസില്ല ഫൗണ്ടേഷൻ വികസിപ്പിച്ച ഒരു സ്വതന്ത്ര ഇ മെയിൽ ക്ലയന്റ് ആണ് മോസില്ല തണ്ടർബേഡ്. ഇതൊരു ചാറ്റ്ക്ലയന്റും ന്യൂസ് ക്ലയന്റും കൂടിയാണ്. തണ്ടർബേഡിന്റെ 60.51 (64 Bit) പതിപ്പാണ് ഈ OS ൽ ഉപയോഗിച്ചിരിക്കുന്നത്. മികച്ച സുരക്ഷ പ്രദാനംചെയ്യുന്ന മെയിൽ സർവീസാണ്



തണ്ടർബേഡ്. Applications → Internet →Thunderbird Mail എന്ന ക്രമത്തിൽ ഈ സോഫ്റ്റ്‌വെയർ തുറക്കാവുന്നതാണ്.

പ്രത്യേകതകൾ

- എത്ര ഇമെയിൽ വിലാസം വേണമെങ്കിലും ഇതിൽ കോൺഫിഗർ ചെയ്യാവുന്നതാണ്.
- ഇ മെയിലുകൾ ലോക്കൽ സിസ്റ്റത്തിലേക്ക് ഡൌൺലോഡ് ചെയ്യുന്നതുകൊണ്ട് ഓഫ്‌ലൈനായി ഇമെയിലുകൾ വായിക്കാം.
- ക്രോസ് പ്ലാറ്റ്ഫോം പിന്തുണയുള്ളതിനാൽ ലിനക്സ്, വിൻഡോസ്, മാക്ഒ.എസ് തുടങ്ങിയ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കും.
- ആർ.എസ്.എസ് ഫീഡ് റീഡർ
- ആഡോണുകൾ – തണ്ടർബേഡ് ധാരാളം ആഡോണുകൾ ലഭ്യമാക്കുന്നുണ്ട്. ഇവ കൂടുതൽ സുരക്ഷയും സൗകര്യങ്ങളും പ്രദാനം ചെയ്യുന്നു.
- മെയിൽ ഫോൾഡറുകൾ, അഡ്രസ് ബുക്ക് മുതലായ ഇ-മെയിൽ ഡേറ്റകൾ ജി-മെയിൽ, യാഹൂ, യൂഡോറ തുടങ്ങിയ മെയിൽ അക്കൗണ്ടിൽ നിന്നും ഇംപോർട്ട് ചെയ്യാം.

വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ
Educational Software

മാർബിൾ (Marble – Map and Globe)

ലോകഭൂപടം വിരൽതുമ്പിൽ ലഭ്യമാകത്തക്കവിധം ഐ ടി @ സ്കൂൾ ഗ്നു ലിനക്സിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ഇന്റർആക്ടീവ് ഗ്ലോബാണ് Marble. വാൾ മാപ്പുകളിലും ഗ്ലോബുകളിലുമുള്ള വിവരങ്ങളെക്കാൾ പതിൻമടങ്ങ് വിവരങ്ങൾ ഡിജിറ്റൽ മാപ്പുകളിൽ ഉൾപ്പെടുത്തുവാനാകും. ചുമർഭൂപടങ്ങളെ അപേക്ഷിച്ച് ആവശ്യാനുസരണം വലുതാക്കുവാനും, ചെറുതാക്കുവാനും കഴിയും. ഭൂമിയിലെ രണ്ട് പ്രദേശങ്ങൾതമ്മിലുള്ള ദൂരം കണക്കാക്കുന്നതിനും സാധിക്കും. വിവിധ പ്രോജക്ഷൻ രീതിയിൽ ഗ്ലോബ് നിരീക്ഷിക്കുന്നതിനുള്ള സൗകര്യവും മാർബിൾ സോഫ്റ്റ്‌വെയറിലുണ്ട്. സാധാരണ ഭൂപടത്തിന് പുറമേ മാർബിൾ ഗ്ലോബിൽ ചരിത്രഭൂപടങ്ങളും ഓരോ പ്രദേശത്തെയും ശരാശരി മഴയും താപവും അറിയാനുള്ള ഭൂപടങ്ങളും ലഭ്യമാണ്. വിവിധ സമയങ്ങളിൽ നടക്കുന്ന സൂര്യഗ്രഹണങ്ങളും ചന്ദ്രഗഹണങ്ങളും അവ ദൃശ്യമാകുന്ന മേഖലകളും മാർബിളിൽ നിരീക്ഷിക്കാം. മാർബിൾ വേർഷൻ 1.12.20 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒരു പ്രദേശത്തിന്റെ അക്ഷാംശ രേഖാംശങ്ങൾ കണ്ടെത്തുന്നതിനായി പ്രദേശത്തെ അടയാളപ്പെടുത്തുന്ന സൂചികയിൽ ക്ലിക്ക് ചെയ്യുക. സ്ഥലത്തിന്റെ പേര് പ്രദർശിപ്പിക്കപ്പെടും. പേരിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന ജാലകത്തിൽ പ്രദേശത്തിന്റെ അക്ഷാംശരേഖാംശങ്ങൾ, ജനസംഖ്യ, സമയമേഖല തുടങ്ങിയ വിവരങ്ങൾ ലഭ്യമാകും. മാപ്പ് വ്യൂ, ലെജന്റ്, എന്നീ ഓപ്ഷനുകളോടൊപ്പം റൂട്ടിംഗ് എന്ന ഓപ്ഷൻ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രദേശങ്ങൾ തമ്മിലുള്ള അകലം, ദിശ തുടങ്ങിയ വിവരങ്ങൾ റൂട്ടിംഗ് എന്ന ഓപ്ഷനിൽ ലഭ്യമാണ്. പ്രദേശത്തെ സൂചിപ്പിക്കുന്ന അടയാളത്തിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Directions from here, Directions to here എന്നീ ഓപ്ഷനുകൾ തെരഞ്ഞെടുത്തും പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന മാർഗ്ഗം കണ്ടെത്താവുന്നതാണ്. ഈ സൗകര്യങ്ങൾ ഇന്റർനെറ്റ് സഹായത്തോടെയാണ് ലഭ്യമാകുക.

View → Sun Control ഉപയോഗിച്ച് സൂര്യന്റെ സ്ഥാനം കണ്ടെത്താം.



സൺക്ലോക്ക് (sunclock)

ലോകഭൂപടത്തിൽ രാത്രിയും പകലും അനുഭവപ്പെടുന്ന രാജ്യങ്ങളെ നിഴലും വെളിച്ചവും നൽകി വേർതിരിച്ചുകാണിക്കുന്ന ഒരു സിമുലേഷൻ സോഫ്റ്റ്‌വെയറാണ് സൺക്ലോക്ക്. ഭൂമിശാസ്ത്ര പഠനത്തിന് വളരെ സഹായകരമായ ഒരു സോഫ്റ്റ്‌വെയർ കൂടിയാണിത്. അക്ഷാംശരേഖാംശരേഖകൾ, ഒരു നിശ്ചിത ദിവസത്തെ നിശ്ചിത സമയത്തെ സൂര്യചന്ദ്രന്മാരുടെ സ്ഥാനം, വിവിധ പ്രദേശങ്ങൾ തമ്മിലുള്ള അകലം, ഒരു പ്രത്യേക പ്രദേശത്തെ സൂര്യോദയ സമയം, സൂര്യാസ്തമയ സമയം, പ്രാദേശിക സമയം തുടങ്ങി ഭൂമിശാസ്ത്ര സംബന്ധമായ ധാരാളം വിവരങ്ങൾ സൺ ക്ലോക്ക് സോഫ്റ്റ്‌വെയർ വഴി ശേഖരിക്കാനാവും.

സൺക്ലോക്ക് സോഫ്റ്റ്‌വെയർ തുറക്കുന്നത് ക്ലോക്ക് വിൻഡോയിലാണ്. സൺക്ലോക്ക് ജാലകം ക്ലോക്ക് വിൻഡോയിൽ നിന്നും മാപ്പ് വിൻഡോയിലേയ്ക്ക് മാറ്റി വേണം പ്രവർത്തനം ആരംഭിക്കുവാൻ. ജാലകത്തിലെവിടെയെങ്കിലും ക്ലിക്ക് ചെയ്ത് സൺക്ലോക്ക് മെനുബാർ പ്രവർത്തനക്ഷമമാക്കാം. Sunclock മെനുവിലെ W അമർത്തി മാപ്പ് വിൻഡോ പ്രവർത്തനക്ഷമമാക്കാം. തുടർന്ന് മെനുബാറിലെ M ഒരുപ്രാവശ്യം ക്ലിക്കുചെയ്യുമ്പോൾ ഭൂപടത്തിൽ രേഖാംശരേഖകൾ ദൃശ്യമാകും. വീണ്ടും ഒരിക്കൽകൂടി M അമർത്തിയാൽ ജാലകത്തിന്റെ താഴെ 10 ഡിഗ്രി ഇടവിട്ടുള്ള രേഖാംശരേഖകൾ കാണാം. ഒരിക്കൽകൂടി M അമർത്തിയാൽ ജാലകത്തിന്റെ മുകൾ ഭാഗത്ത് രേഖാംശരേഖകളുടെ ഡിഗ്രി അളവുകൾ കാണാം. ഭൂപടത്തിൽ പ്രധാന അക്ഷാംശരേഖകൾ (Tropics) ദൃശ്യമാകുന്നതിനായി മെനുബാറിലെ T അമർത്തുക. P ഒരുപ്രാവശ്യം അമർത്തിയാൽ അക്ഷാംശരേഖകൾ ഭൂപടത്തിൽ കാണാം. വീണ്ടും ഒന്നുകൂടി P അമർത്തിയാൽ 10^0 ഇടവിട്ടുള്ള അക്ഷാംശരേഖകളും ഭൂപടത്തിൽ ദൃശ്യമാകും. Y ക്ലിക്ക്ചെയ്ത് സൂര്യ ചന്ദ്രന്മാരെ ദൃശ്യമാക്കാനും, Option command window വഴി അനിമേഷനുകൾ പ്രവർത്തിപ്പിക്കുവാനും സാധിക്കും.



കെ ജോഗ്രഫി (Kgeogrphy - Map)

KGeography ഇത് ഒരു ഗെയിം സോഫ്റ്റ്‌വെയർ ആണ്. രാജ്യങ്ങളുടെ അതിർത്തികൾ, പതാകകൾ സംസ്ഥാനങ്ങളുടെ പേരുകൾ, സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങൾ തുടങ്ങി അനേകം വിവരങ്ങൾ ലഭ്യമാണ്. വൻകരകളും രാജ്യങ്ങളും തിരിച്ചറിയാൻ സഹായിക്കുന്നതോടൊപ്പം രാജ്യങ്ങളുടെ തലസ്ഥാനങ്ങളും പതാകകളും കണ്ടെത്താനും ഇതിൽ സൗകര്യം ഉണ്ട്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനങ്ങളും കണ്ടെത്തുന്നതിന് സാധിക്കുന്നു. ഇവിടെ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും ഉത്തരങ്ങളും ഉണ്ട്, ഉത്തരങ്ങൾ തെറ്റിയാൽ ശരിയായ ഉത്തരങ്ങൾ കണ്ടു പിടിക്കാൻ സഹായിക്കുന്ന ഭൂപട സംവിധാനവും ഇതിൽ ഉൾപ്പെടിത്തിയിട്ടുണ്ട്. KGeography യിൽ Test Yourself എന്ന സൗകര്യം പ്രയോജനപ്പെടുത്തി പ്രശ്നോത്തരികൾ പരിശീലിക്കാം.



QGIS Desktop (GIS Software)

ഭൂവിവരങ്ങളുടെ സംഭരണത്തിനും ചിത്രീകരണത്തിനും സഹായിക്കുന്ന സ്വതന്ത്ര ഭൂവിവര സോഫ്റ്റ്‌വെയറാണ് ക്യൂജിസ് ഡെസ്ക്ടോപ്പ്. QGIS 2.18 (Las Palmas) വേർഷനാണ് ഉപയോഗിച്ചിട്ടുള്ളത്. ഭൂപട നിർമ്മാണം, ഭൂവിവര വ്യവസ്ഥയിൽ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്യൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് ഈ സോഫ്റ്റ്‌വെയർ ഉപയോക്കുന്നു. ക്യൂജിസ് ഡെസ്ക്ടോപ്പ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ പ്രോജക്ട് ഫയൽ ഉൾപ്പെടുത്തിയാണ് അടിസ്ഥാന പ്രവർത്തങ്ങൾ ചെയ്യുന്നത്. ജി ഐ എസി ന്റെ പ്രധാന സവിശേഷതകളിലൊന്നാണ് Layer സംവിധാനം. Attribute Table ഉപയോഗിച്ച് ഓരോ ലെയറിലെയും സവിശേഷതകളെ വിശകലനം ചെയ്യാം. ഒരു പാളിയിലെ നിർദിഷ്ട വിവരത്തിനെ ആവൃത്തി വിശകലനത്തിന് (buffer) വിധേയമാക്കാനും, New Print Composer സങ്കേതം ഉപയോഗിച്ച് ഒരു ഭൂപടം പ്രിന്റുചെയ്യുന്നതിനും സാധിക്കും.



ജീപ്ലേറ്റ്സ് (Gplates – Plate tectonics)

ഭൗമപ്രതിഭാസങ്ങളിൽ പലതും നമക്ക് ദൃഷ്ടിഗോചരമല്ല. സങ്കീർണവും അതിശയകരവുമായ പല പ്രകൃതി പ്രതിഭാസങ്ങളെയും GPlates സിമുലേഷൻ സോഫ്റ്റ് വെയറിന്റെ സഹായത്താൽ പുനരാവിഷ്കരിക്കുവാനും നിരീക്ഷിക്കുവാനും സാധിക്കും. നാം അധിവസിക്കുന്ന ഭൂമിയുടെ രൂപീകരണവും തുടർന്ന് കാലഘട്ടങ്ങളിലൂടെയുള്ള വികാസപരിണാമങ്ങളും സോഫ്റ്റ്വെയർ സഹായത്താൽ നിരീക്ഷിക്കാം. കാലാന്തരങ്ങളിലൂടെയുള്ള ഭൗമപാളികളുടെ രൂപീകരണം, പുനർനിർമ്മാണം, സ്ഥാനാന്തരണം എന്നിവ സിമുലേഷനുകളിലൂടെ നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ് വെയറാണ് ജീപ്ലേറ്റ്സ്.

ജീപ്ലേറ്റ്സിൽ എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്നത് സോഫ്റ്റ്വെയർ തുറക്കുമ്പോൾ കാണുന്ന ഗ്ലോബിൽ നിന്നുകൊണ്ടാണ്. ജിപ്ലേറ്റ്സ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്ന എല്ലാ ഡാറ്റാ ഫയലുകളും Features എന്നാണറിയപ്പെടുക. സോഫ്റ്റ്വെയറിൽ തുറക്കുന്ന ഇത്തരം ഡാറ്റ ഫയലുകളെ Feature Collections എന്നും വിളിക്കുന്നു. പല പ്രക്ഷേപാകൃതിയിൽ ഗ്ലോബ് നിരീക്ഷിക്കുവാനും ഗ്ലോബിലേയ്ക്ക് ഫീച്ചർ കളക്ഷനുകൾ ഉൾ പ്പെടുത്തുവാനും, നീക്കം ചെയ്യുവാനും സാധിക്കും.



കെസ്റ്റാർസ് (Kstars - Planetarium)

ആകാശനിരീക്ഷണം നടത്താനും നക്ഷത്രഗണങ്ങളെ നിരീക്ഷിക്കാനും സഹായിക്കുന്ന പ്ലാനറ്റോറിയം സ്വതന്ത്രസോഫ്റ്റ്‌വെയറാണ് KStars. ഭൂമിയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ആകാശനിരീക്ഷണത്തിന്റെ അനുഭവം ഒരുക്കിത്തരുന്ന ഗ്രാഫിക്ക് പ്രോഗ്രാമാണിത്. 10 കോടിയിൽപരം നക്ഷത്രങ്ങളുടേയും 13,000 ആകാശവസ്തുക്കളുടേയും കാറ്റലോഗ് കൂടിയാണ് ഈ സോഫ്റ്റ്‌വെയർ. 88 നക്ഷത്രഗണങ്ങളേയും 8 ഗ്രഹങ്ങളേയും വിശദമായി പരിയചപ്പെടുത്താനും ഈ സോഫ്റ്റ് വെയർ ഉപയോഗിക്കാം.



സ്റ്റെല്ലേറിയം (Stellarium - Planetarium)

ആകാശത്തിന്റെ പ്രതീതിയാഥാർത്ഥ്യം ജനിപ്പിക്കുന്ന ഒരു സിമുലേഷൻ സോഫ്റ്റ്‌വെയറാണ് Stellarium. ഈ സോഫ്റ്റ്‌വെയറിൽ സ്ഥലവും സമയവും ക്രമീകരിച്ച് ഭൂമിയിലെ ഏതു പ്രദേശത്തുനിന്നുമുള്ള ഏതു സമയത്തെയും ആകാശം നിരീക്ഷിക്കാവുന്നതാണ്. രസകരവും അതിശയകരവുമായ ആകാശ പ്രതിഭാസങ്ങൾ വ്യക്തമായും ലളിതമായും നമുക്ക് സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയറിലൂടെ പുനരാവിഷ്കരിക്കാം. ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക സ്ഥലത്തുണ്ടാകുന്ന ആകാശക്കാഴ്ചകളെ കമ്പ്യൂട്ടറിൽ പുനഃസൃഷ്ടിക്കാനും പഠിക്കാനും സഹായിക്കുന്ന സോഫ്റ്റ്‌വെയറാണിത്. നക്ഷത്രഗണങ്ങൾ , നക്ഷത്രങ്ങൾ , ഗ്രഹങ്ങൾ , എന്നിവയെ

നിരീക്ഷിക്കാനും, സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം തുടങ്ങിയ പ്രതിഭാസങ്ങളെ നിരീക്ഷിക്കുവാനും സ്റ്റെല്ലേറിയം ഉപകരിക്കും.

സോഫ്റ്റ്‌വെയർ തുറക്കുമ്പോൾ പാരീസിൽ നിന്നുള്ള ദൃശ്യമാണ് കാണാനാകുന്നത്. സ്റ്റാറ്റസ് ബാറും ടൂൾ ബാറും ഉറപ്പിക്കുന്നതിനായ് വിൻഡോയുടെ ഇടത് മൂലയിലുള്ള ത്രികോണങ്ങളിൽ ക്ലിക്ക്ചെയ്യുക. ലൊക്കേഷൻ ജാലകത്തിലെ ഭൂപടത്തിൽ വിവിധ സ്ഥലങ്ങളിൽ ക്ലിക്ക് ചെയ്യുമ്പോൾ സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ആകാശദൃശ്യം നിരീക്ഷിക്കാവുന്നതാണ്. ലൊക്കേഷൻ ജാലകത്തിലെ സേർച് ബോക്സിൽ ആവശ്യമായ സ്ഥലനാമം ടൈപ്പ് ചെയ്തോ, സ്റ്റെല്ലേറിയത്തിലെ സ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾ പ്പെട്ടിട്ടില്ലാത്ത സ്ഥലത്തെ ലൊക്കേഷൻ ജാലകത്തിൽ ഉൾപ്പെടുത്താൻ ഉൾപ്പെടുത്തേണ്ട സ്ഥലത്തിന്റെ അക്ഷാംശം, രേഖാംശം, സ്ഥലത്തിന്റെ പേര്, രാജ്യം എന്നീ വിവരങ്ങൾ ജാലകത്തിലെ Current location information ന താഴെയുള്ള ബന്ധപ്പെട്ട ബോക്സുകളിൽ രേഖപ്പെടുത്തി Add to list ബട്ടൺ അമർത്തിയാൽ മതി.

ജാലകത്തിന്റെ ചുവടെയുള്ള സ്റ്റാറ്റസ് ബാറിലെ constellation line, constellation label, constellation art എന്നീ ബട്ടണുകളിൽ ക്ലിക്ക്ചെയ്താൽ വർണാഭമായ ആകാശദൃശ്യം നിരീക്ഷിക്കാവുന്നതാണ്.



കുട്ടികൾക്കുള്ള വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ (Educational Software for Kids)

Gcompris (Collection of Games for Kids)

ചെറിയ കുട്ടികൾക്ക് കളിച്ച് പഠിക്കാനുള്ള കളികളുടെ കൂട്ടമാണ് ജി കോമ്പ്രിസ്.

2 വയസ്സ് മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് കളിച്ച് പഠിക്കാനുള്ള 141 കളികളുടെ ഒരു ശേഖരമാണ് ജികോമ്പ്രിസ്. കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനുള്ള ശേഷി നേടുന്നതോടൊപ്പം അവരുടെ ബുദ്ധിവികാസവും ഈ കളികളിലൂടെ നേടാനാകും. നമ്മുടെ സാഹചര്യങ്ങൾക്കനുസൃതമായ രീതിയിൽ കസ്റ്റമൈസ് ചെയ്തതാണ് ഈ OS ൽ ലഭ്യമാക്കിയിട്ടുള്ള ജികോമ്പ്രിസ്. ഇതിന്റെ default ഭാഷ മലയാളമാക്കി സെറ്റ് ചെയ്തിട്ടുണ്ട്. Home-Reset Setting ഉപയോഗിച്ച് ഭാഷ മലയാളത്തിലേക്കും ഇംഗ്ലീഷിലേക്കും മാറ്റുവാൻ സാധിക്കും. (മെനു: Applications → Education)

Tux Paint (Drawing Softeare for Kids)

ചെറിയ കുട്ടികൾക്കുള്ള ഒരു ചിത്രരചന സോഫ്റ്റ്‌വെയർ.

ചെറിയ കുട്ടികൾക്ക് ചിത്രരചനയ്ക്കായി ഉപയോഗിക്കാവുന്ന സോഫ്റ്റ്‌വെയറാണ് Tux Paint. ഇതിൽ ചിത്രരചനക്കാവശ്യമായ ടൂളുകളെ കൂടാതെ, ക്യാൻവാസിൽ ഉപയോഗിക്കാവുന്ന നിരവധി സ്റ്റാമ്പുകൾ (ചിത്രങ്ങൾ) ലഭ്യമാണ്. ക്ലാസ്സ് പ്രവർത്തനങ്ങളുടെ ഭാഗമായ ചിത്ര രചനയ്ക്കും, അവരുടെ ഭാവനക്കനുസരിച്ചുള്ള ചിത്രീകരണം നടത്താനും ഈ സോഫ്റ്റ്‌വെയർ വളരെ അനുയോജ്യമാണ്. കുട്ടികളിൽ ഭാവനയും സർഗാത്മകതയും വളർത്താനുള്ള അനേകം പ്രവർത്തനങ്ങൾക്ക് ഈ സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്താം. ഇതും നമ്മുടെ സാഹചര്യങ്ങൾക്കനുസൃതമായ രീതിയിൽ കസ്റ്റമൈസ് ചെയ്തിട്ടുണ്ട്. (മെനു: Applications → Education)



Omnitux-light (Collection of Games for Kids)

ചെറിയ കുട്ടികൾക്ക് കളിച്ച് പഠിക്കാനുള്ള gcompris ലേത് പോലെയുള്ള കളികളുടെ ശേഖരം.

ചെറിയ കുട്ടികൾക്ക് ഉപയോഗിക്കാവുന്ന വിദ്യാഭ്യാസ ഗെയ്മുകളാണ് Omnitux-light, Home-Reset Setting ഉപയോഗിച്ച് ഭാഷ ഇംഗ്ലീഷിലേക്കോ മലയാളത്തിലേക്കോ മാറ്റുവാൻ സാധിക്കും(മെനു: Applications → Games)

Tux Math (Math Game for Kids)

കുട്ടികളിലെ ഗണിതക്രിയാ ശേഷി വളർത്തുന്നതിന് സഹായിക്കുന്ന കളികൾ

ചെറിയ കുട്ടികൾക്കുള്ള ഒരു ഗണിതശാസ്ത്ര ഗെയിം ആണ് Tux Math.

Tux Typing (Typing Game for Kids)

കുട്ടികൾക്കുള്ള ഒരു ഇംഗ്ലീഷ് ടൈപ്പിങ് ഗെയിം ആണ് Tux Typing. (മെനു: Applications → Education)

Klettres (Typing Game for Kids)

ടൈപ്പിങ് പരിശീലന സോഫ്റ്റ്‌വെയറാണ് KLettres

ഈ OS ൽ ഉൾപ്പെടുത്തിയിട്ടുള്ള ടൈപ്പിങ് പരിശീലന സോഫ്റ്റ്‌വെയറാണ് KLettres, മലയാളത്തിലുള്ള അക്ഷരങ്ങളുടെ ടൈപ്പിങ് പരിശീലിക്കാൻ പ്രയോജനപ്രദമാണ്. (മെനു: Applications → Education)



Ktouch (Typing Tutor)

ടൈപ്പിങ് പരിശീലന സോഫ്റ്റ്‌വെയറാണ് KTouch,തുടക്കക്കാരായവർക്കും,ടൈപ്പിങ്ങ് വൈദഗ്ദ്യം വർദ്ധിപ്പിക്കേണ്ടവർക്കും വ്യത്യസ്ഥ ലവലുകൾ ലഭ്യമാണ്.

Ktouch സോഫ്റ്റ്‌വെയർ തുറക്കുമ്പോൾ പാനലിലുള്ള ഭാഷ മലയാളത്തിലേക്ക് മാറ്റിയാൽ മലയാളത്തിലും ഇംഗ്ലീഷിലേക്ക് മാറ്റിയാൽ ഇംഗ്ലീഷിലും ടൈപ്പിങ് പരിശീലിക്കാൻ കഴിയും (മെനു: Applications → Education)



Kanagram (Language Game)

കുട്ടികളിൽ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഉറപ്പിക്കുന്നതിനും ഈ കളി സഹായിക്കുന്നു. ഒരു വാക്കിലെ അക്ഷരങ്ങൾ മാറ്റി മറിച്ചിട്ട് ഉണ്ടാക്കിയിയിരിക്കുന്ന മറ്റൊരു വാക്കിനെയാണ് Anagram എന്ന് പറയുന്നത്.

വ്യത്യസ്ത പ്രായത്തിനും ക്ലാസ്സ് നിലവാരത്തിനുമനുസരിച്ച് വിവിധ ലെവലുകളിലുള്ള ഇംഗ്ലീഷ് വാക്കുകളിലെ അക്ഷരങ്ങൾ ക്രമം തെറ്റിച്ച് പ്രത്യക്ഷപ്പെടുന്നു.ഇവ ശരിയായ രീതിയിൽ ക്രമീകരികരിക്കുകയാണ് വേണ്ടത്. വാക്കുകളെ കുറിച്ചുള്ള സൂചനകൾ ആവശ്യമെങ്കിൽ ഉപയോഗിക്കാം.(മെനു: Applications → Education)

Anagramarama (Language Game)

തന്നിരിക്കുന്ന ഏതാനും ഇംഗ്ലീഷ് അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമിക്കുന്നതിനുള്ള വിദ്യാഭ്യാസ ഗെയിം



ഗെയിമിൽ ലഭിക്കുന്ന ഏഴ് അക്ഷരങ്ങളിൽ നിന്ന് മൂന്നു മുതൽ ഏഴ് വരെ അക്ഷരങ്ങൾ ചേർത്ത് വ്യത്യസ്തങ്ങളായ വാക്കുകൾ നിർമ്മിക്കുകയാണ് വേണ്ടത്.അഞ്ച് മിനിറ്റ് സമയം കൊണ്ട് തയ്യാറാക്കുന്ന വാക്കുകളുടെ എണ്ണം അനുസരിച്ച് സ്കോർ ലഭിക്കുന്നതാണ്. ഗെയിം.കുട്ടികളിൽ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.(മെനു: Applications → Education)

Kbruch (Math Game - Fractions)

ഭിന്നസംഖ്യകളും ശതമാനവും ഉപയോഗിച്ചുള്ള ഗണിതക്രിയകൾ പരിശീലിക്കാൻ സഹായിക്കുന്ന അപ്ലിക്കേഷൻ.

ശതമാനം, ഭിന്നസംഖ്യകൾ എന്നിവ ഉപയോഗിച്ച് Arithmetic ,Comparison, Conversion, Mixed Numbers, factorization, Percentage എന്നിങ്ങനെ ആറ് തരത്തിലുള്ള പ്രവർത്തനങ്ങൾ ലഭിക്കുന്നു. ഇവയുടെ ഉത്തരം നല്കി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയാണ് വേണ്ടത്. (മെനു: Applications → Education)



Potato Guy (Constructor Game for Kids)

ചെറിയ കുട്ടികളിൽ ഭാവനയും യുക്തിയും വളർത്താനുതകുന്ന ഗെയിമാണ് പോട്ടാറ്റോ ഗയി .

ഗെയിമിൽ ലഭിക്കുന്ന ശരീരഭാഗങ്ങളുടെ ചിത്രങ്ങളും മറ്റ് വസ്തുക്കളും തിരഞ്ഞെടുത്ത് ഭാവനക്കനുസരിച്ച് രൂപങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യേണ്ടത്. PototoGuy, Butterflies, Christmas,Robin Tux,Pizzeria,Robot Workshop,the Moon, Train Valley, Ancient Egypt തുടങ്ങിയ പ്ലേ ഗ്രൗണ്ടുകൾ ലഭ്യമാണ്. (മെനു: Applications → Games)



pySioGame (Collection of Games for Kids)

വായന,ചതുഷ്ക്രിയകൾ,നിറങ്ങളെക്കുറിച്ചുള്ള ബോധം,യുക്തിചിന്ത എന്നിവ ബലപ്പെടുത്തുന്ന കളികൾ ഉൾപ്പെടുത്തിയ വിദ്യാഭ്യാസ ഗെയിമാണ് ഇത്

ഇംഗ്ലീഷ് അക്ഷരങ്ങൾ പരിചയപ്പെടാനും എഴുതാനും, രസകരമായ ഗെയിമുകളിലൂടെ സമയത്തിനനുസരിച്ച് ഗണിതക്രിയകൾ ചെയ്യുക, ക്ലോക്ക് തയ്യാറാക്കുക, നിറങ്ങൾ തിരിച്ചറിയുക, ഓർമ്മപരിശോധന എന്നിവയും pySioGame ൽ കളികളായി ലഭ്യമാണ്.



പ്രോഗ്രാമിങ് - IDE കളും ടെക്സ്റ്റ് എഡിറ്ററുകളും (Programming – IDEs and Text Editors)

gedit text editor (Text Editor for Programming)

വിവിധ ആപ്ലിക്കേഷനുകൾക്കും പ്രോഗ്രാമിങ് ഭാഷകൾക്കും പ്രയോജനപ്പെടുത്താവുന്ന ഒരു ടെക്സ്റ്റ് എഡിറ്ററാണ് gedit text editor.

- Applications – Accessories – gedit text editor എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ജി എഡിറ്റ് ടെക്സ്റ്റ് എഡിറ്റർ തുറക്കുക.
- Plain Text Editor മോഡിലാണ് ഡിഫാൾട്ടായി ജി എഡിറ്റ് ടെക്സ്റ്റ് എഡിറ്റർ തുറക്കുക.
- ചുവടെ കാണുന്ന Plain Text എന്ന് കാണിക്കുന്നതിന്റെ അരികിലുള്ള കോമ്പോ ബോക്സിൽ നിന്ന് വിവിധ പ്രോഗ്രാമിങ് ഭാഷകളുൾപ്പെടെയുള്ള ആപ്ലിക്കേഷനുകൾ തിരഞ്ഞെടുക്കാവുന്നതാണ്.
- ഏത് ആപ്ലിക്കേഷനാണോ തിരഞ്ഞെടുത്തിരിക്കുന്നത് അതിനനുസരിച്ചുള്ള എഡിറ്ററായി gedit text editor മാറുന്നതാണ്.



- Save ബട്ടണനരികിലുള്ള കോൺഫിഗറേഷൻ ബട്ടൺ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന Find, Find and Replace, Save As , ... തുടങ്ങിയ ഓപ്ഷനുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

xed text editor (Text Editor for Programming)

വിവിധ ആപ്ലിക്കേഷനുകൾക്കും പ്രോഗ്രാമിങ് ഭാഷകൾക്കും പ്രയോജനപ്പടുത്താവുന്ന ഒരു ടെക്സ്റ്റ് എഡിറ്ററാണ് xed text editor.

- Applications – Accessories – text editor എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് xed text editor തുറക്കുക.
- Plain Text Editor മോഡിലാണ് ഡിഫാൾട്ടായി xed text editor തുറക്കുക.
- ചുവടെ കാണുന്ന Plain Text എന്ന് കാണിക്കുന്നതിന്റെ അരികിലുള്ള കോമ്പോ ബോക്സിൽ നിന്ന് വിവിധ പ്രോഗ്രാമിങ് ഭാഷകളുൾപ്പെടെയുള്ള ആപ്ലിക്കേഷനുകൾ ഡവിൾ ക്ലിക്ക് ചെയ്ത്

  തിരഞ്ഞെടുക്കാവുന്നതാണ്.
- ഏത് ആപ്ലിക്കേഷനാണോ തിരഞ്ഞെടുത്തിരിക്കുന്നത് അതിനനുസരിച്ചുള്ള എഡിറ്ററായി xed text editor മാറുന്നതാണ്.
- മെനുബാറിലെ വിവിധ ഓപ്ഷനുകളിലൂടെ Save, Save As, Find, Find Next, Find Previous, Replace, Go to Line, Sort lines,.... പ്രയോജനപ്പെടുത്താവുന്നതാണ്.



ജീനി (Geany) - IDE

ചെറുതും ലളിതവുമായ IDE (Integrated Development Environment) യാണ് ജീനി. മറ്റ് പാക്കേജുകളിലുള്ള ആശ്രിതത്വം പരമാവധി കുറച്ച് , ചെറിയ വേഗതയേറിയ IDE ലഭ്യമാക്കുവാൻ ശ്രമത്തിലാണ് ജീനി വികസിപ്പിച്ചെടുത്തത്. മറ്റൊരു ലക്ഷ്യം KDE അല്ലെങ്കിൽ GNOME തുടങ്ങിയ Desktop Environment ൽ നിന്ന് കഴിയുന്നതും സാധ്യമായത്ര സ്വതന്ത്രമായിരിക്കണമെന്നായിരുന്നു. GTK + റൺടൈം ലൈബ്രറികൾ മാത്രം മതിയാവും ജീനി പ്രവർത്തിക്കാൻ.

- Applications – Programming – Geany എന്ന ക്രമത്തിൽ ജീനി എഡിറ്റർ തുറക്കാം.

<u>ജീനിയുടെ പ്രത്യേകതകൾ</u>

• Syntax highlighting • Set Encoding • Set Filetype

• Autocompletion of symbols/words • Auto-closing of XML and HTML tags

• Calltips • Many supported file types including C, Java, PHP, HTML, Python, Perl, Pascal

• Symbol lists • Code navigation • Build system to compile and execute your code

• Plugin interface • Cloning documents • Auto Indentation • Search, Replace, Goto



IDLE - IDE

IDLE എന്നത് പൈത്തൺ പ്രോഗ്രാമിങ് ഭാഷയുടെ Integrated Development and Learning Environment ആണ്.

- Applications – Programming – IDLE എന്ന ക്രമത്തിൽ IDLE തുറക്കാം.
- ഷെൽ ജാലകത്തിൽ പൈത്തൺ കോഡുകൾ ടൈപ്പ് ചെയ്ത് എന്റർ കീ അമർത്തി റൺ ചെയ്യാവുന്നതാണ്.
- വലിയ പ്രോഗ്രാമുകൾക്ക് ഷെൽ ജാലകത്തിലെ File – New Fiile ക്രമത്തിൽ ക്ലിക്ക് ചെയ്താൽ വരുന്ന പുതിയ എഡിറ്റർ ജാലകം പ്രയോജനപ്പെടുത്താം.
- പ്രോഗ്രാം ടൈപ്പ് ചെയ്ത് സേവ് ചെയ്ത് റൺ ചെയ്തു നോക്കാം

IDLE ന്റെ പ്രത്യേകതകൾ

- 100% പൈത്തൺ ഭാഷയിൽ തയ്യാറാക്കിയത്.
- ക്രോസ്സ് പ്ലാറ്റ്ഫോം – Windows, Unix, MacOS ഇവയിലെല്ലാം ഒരേ പോലെ പ്രവർത്തിക്കും.
- പൈത്തൺ ഷെൽ ജാലകം – Code Input, Output, Error Messages ഇവയെല്ലാം വിവിധനിറങ്ങളിൽ, Debugging, Auto completion, ...
- എഡിറ്റർ ജാലകം –- Undo, Code Input വിവിധ നിറങ്ങളിൽ, Call tips, Execution, Auto completion, Find, Replace, Goto, ... സൗകര്യങ്ങൾ ലഭ്യമാണ്.



പ്രോഗ്രാമിങ് കുട്ടികൾക്ക് (Programming for Kids)

Scratch

അനിമേഷൻ, ഗെയിമുകൾ, ഇന്ററാക്ടീവ് അപ്ലെറ്റുകൾ എന്നിവ തയ്യാറാക്കാൻ സഹായിക്കുന്ന ലളിതമായ ഒരു വിഷ്വൽ പ്രോഗ്രാമിംഗ് ഭാഷയാണ് സ്ക്രാച്ച്. അമേരിക്കയിലെ മസാച്ചുസറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ലൈഫ് ലോംഗ് കിന്റർഗാർഡൻ റിസർച്ച് ഗ്രൂപ്പ് ആണ് ഇത് വികസിപ്പിച്ചത്. പ്രോഗ്രാമിംഗ് ഭാഷയുടെ അടിസ്ഥാന ധാരണകൾ ലഭിക്കാൻ ഇതിലെ പ്രവർത്തനങ്ങൾ സഹായിക്കുന്നു. സ്ക്രാച്ച് പ്രത്യേകിച്ച് 8 മുതൽ 16 വയസ്സ് വരെ കുട്ടികൾക്കാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെങ്കിലും എല്ലാ പ്രായത്തിലുമുള്ള ആളുകളും ഇത് ഉപയോഗിക്കുന്നു. വീടുകൾ, വിദ്യാലയങ്ങൾ, മ്യൂസിയങ്ങൾ, ലൈബ്രറികൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ ഒട്ടേറെ സജ്ജീകരണങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ സ്ക്രാച്ച് പ്രോജക്ടുകൾ സൃഷ്ടിക്കുന്നു.

- Applications – Programming – Scratch എന്ന ക്രമത്തിൽ സ്ക്രാച്ച് തുറക്കാം. Scratch 3.0 ഇപ്പോൾ ലഭ്യമാണെങ്കിലും ഇവിടെ Scratch 1.4 ആണ് ഉൾപ്പെടുത്തിയത്.
- സ്ക്രാച്ചിന് മൂന്ന് ഭാഗങ്ങളുണ്ട് – Stage Area, Block Palette, Coding Area.
- സ്റ്റേജ് ഏരിയയിൽ കാണുന്ന കഥാപാത്രങ്ങൾ സ്പ്രൈറ്റുകൾ എന്ന പേരിൽ അറിയപ്പെടുന്നു.
- ബ്ലോക്ക് പാലറ്റിൽ നിന്ന് ബ്ലോക്കുകൾ കോഡിങ് ഏരിയയിലേക്ക് വലിച്ചിട്ടാണ് പ്രോഗ്രാം സെറ്റ് ചെയ്യുന്നത്.
- കോഡുകളിൽ ക്ലിക്ക് ചെയ്ത് സ്പ്രൈറ്റിന്റെ പ്രവർത്തനം നിരീക്ഷിക്കാം.
- https://scratch.mit.edu/ എന്ന വെബ്സൈറ്റ് സ്ക്രാച്ച് സപ്പോർട്ട് നൽകുന്നു.



Turtle Blocks

logo-inspired graphical ആയ ടർട്ടിലിനെകൊണ്ട്, വിഷ്വൽ പ്രോഗ്രാമിംഗ് ഘടകങ്ങൾ അടിസ്ഥാനമാക്കിയുള്ള വർണ്ണാഭമായ കലയെ സൃഷ്ടിക്കുന്ന പ്രവർത്തനമാണ് ടർട്ടിൽ ബ്ലോക്ക്സിലൂടെ സാധ്യമാക്കുന്നത്. അതിന്റെ ലളിതവും എളുപ്പവുമായി കോഡിങ്, തുടക്കക്കാർക്ക് പ്രോഗ്രാമിങ് ലോകത്തേക്ക് എളുപ്പത്തിൽ ഒരു എൻട്രി പോയിന്റ് നൽകുന്നു. എന്നിരുന്നാലും, ഉയർന്നതല പ്രോഗ്രാമിങ് സവിശേഷതകളും ടർട്ടിൽ ബ്ലോക്ക്സിലുണ്ട്.

- Applications – Education – TurtleBlocks എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ടർട്ടിൽ ബ്ലോക്ക്സ് തുറക്കാം.
- ടർട്ടിൽ ബ്ലോക്ക്സിന് മൂന്ന് ഭാഗങ്ങളുണ്ട് – Project Toolbar, Turtle Palette, Main Area.
- Turtle Palette ൽ നിന്ന് ആവശ്യമായ കോഡുകൾ ക്ലിക്ക് ചെയ്തോ ഡ്രാഗ് ചെയ്തോ Main Area യിൽ ഉൾപ്പെടുത്തുന്നു.
- Main Area യിലെ കോഡുകൾ ക്ലിക്ക് ചെയ്ത് ടർട്ടിലിന്റെ പ്രവർത്തനം നിരീക്ഷിക്കാം
- ആവശ്യമില്ലാത്ത കോഡുകൾ Turtle Palette ലേക്ക് ഡ്രാഗ് ചെയ്ത് ഡിലിറ്റ് ചെയ്യാം



- Project Toolbar ലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിവിധ ഗ്രാഫിക് പ്രോഗ്രാമുകൾ തയ്യാറാക്കാം.
- മെനുബാറിലെ ഓപ്ഷനുകളും പ്രയോജനപ്പെടുത്താവുന്നതാണ്.

Trouble Shooting

ഡസ്ക്ടോപ്പ് തീം, ബാക്ക്ഗ്രൗണ്ട്, പാനലുകൾ, പാനൽ അപ്‌ലറ്റുകൾ, എന്നിവ റീസെറ്റ് ചെയ്യാൻ .

- Home ലെ Reset Settings എന്ന ഫോൾഡർ തുറന്ന് Reset Desktop Settings എന്ന ഫയൽ ഡബിൾക്ലിക്ക് ചെയ്യുക. തുടർന്ന് ഇതേ ഫോൾഡറിലുള്ള Log Out പ്രവർത്തിപ്പിച്ച് വീണ്ടും ലോഗിൻ ചെയ്യുക.

പല ആപ്ലിക്കേഷനുകളും ശരിയായ രീതിയിൽ തുറക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

ആപ്ലിക്കേഷൻ ക്ലോസ്സ് ചെയ്ത് Home ലെ Reset Settings എന്ന ഫോൾഡർ തുറന്ന് അതത് ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട Reset ഫയൽ ഡബിൾക്ലിക്ക് ചെയ്യുക. തുടർന്ന് ആപ്ലിക്കേഷൻ വീണ്ടും പ്രവർത്തിപ്പിച്ച് നോക്കുക.

പ്രത്യേക ശ്രദ്ധയ്ക്ക്

Reset Desktop Settings ഡബ്ൾ ക്ലിക്ക് ചെയ്യുമ്പോൾ പാനലുകൾ രണ്ടും നഷ്ടപ്പെടും. ഇത്തരം സാഹചര്യങ്ങളിൽ അതിനെ തൊട്ടടുത്ത് കാണുന്ന Log Out ഐക്കൺ ഡബ്ൾ ക്ലിക്ക് ചെയ്ത് ലോഗൗട്ട് ചെയ്ത് വീണ്ടും ലോഗിൻ ചെയ്യുക

ഫയലുകൾ കോപ്പിചെയ്യുമ്പോൾ പ്രവർത്തനത്തിന്റെ പ്രോഗ്രസ്ബാർ കാണുന്നില്ല.

ഫയലുകൾ കോപ്പി ചെയ്യുമ്പോൾ പ്രവർത്തനത്തിന്റെ പ്രോഗ്രസ് ബാർ പ്രത്യക്ഷപ്പെടില്ല. ഇത് കാണുന്നതിന് പ്രവർത്തനവുമായി ബന്ധപ്പെട്ട് കാണപ്പെടുന്ന ഐക്കണിൽ ക്ലിക്ക് ചെയ്താൽ മതി (ചിത്രം നോക്കുക)



പ്രത്യേകം ശ്രദ്ധിക്കുക : ഉബുണ്ടു 18.04 ഓപ്പറേറ്റിങ് സിസ്റ്റത്തിൽ ഒരു ഫയൽ ഡസ്ക്ടോപ്പിലേക്ക് കോപ്പിചെയ്യുമ്പോൾ പ്രവർത്തനത്തിന്റെ പ്രോഗ്രസ് ബാർ കാണാൻ കഴിയില്ല. ഫയലുകൾ ഡസ്ക്ടോപ്പിലേക്ക് കോപ്പി ചെയ്യുന്നത് അഭികാമ്യമല്ല. എന്നാൽ ഡസ്ക്ടോപ്പിൽ ഒരു ഫോൾഡർ നിർമിച്ച് അതിലേക്ക് കോപ്പി ചെയ്യുകയാണെങ്കിൽ പ്രോഗ്രസ് ബാർ കാണാനുള്ള സൗകര്യമുണ്ട്.

ശബ്ദം ലഭിക്കുന്നില്ല.

- പാനലിലെ Audio ഐക്കണിൽ ക്ലിക്ക് ചെയ്ത് ശബ്ദം മ്യൂട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- Sound Settings (System Settings Sound) ൽ device for sound output എന്നതിനു താഴെ കാണുന്ന ഡിവൈസ് സെലക്ട് ചെയ്യുക. (ഒന്നിൽ കൂടുതൽ കാണുന്നുണ്ടെങ്കിൽ ആവശ്യമായത് സെലക്ട് ചെയ്യുക)



- Applications > Sound & Video > GNOME ALSA Mixer തുറന്ന് Volume Control കളുടെ എല്ലാ സ്ലൈഡറുകളും ഉയർത്തുക.
- Applications > Sound & Video > PulseAudio Volume Control തുറന്ന് Output Devices ടാബിലെ Volume Control സ്ലൈഡർ വലത്തോട്ട് നീക്കുക.



GNOME ALSA Mixer ജാലകം

PulseAudio Volume Control ജാലകം

യൂസർ പാസ്‌വേഡ് റീസെറ്റ് ചെയ്യാൻ (Reset password)

ഐ.ടി@സ്കൂൾ ഗ്നു/ലിനക്സ് സിസ്റ്റത്തിൽ യൂസർ പാസ്‌വേഡ് മാറ്റാനായി ടെർമിനൽ തുറന്ന് sudo passwd username (username എന്നിടത്ത് ഏത് യൂസറിന്റെ പാസ്‌വേഡാണോ മാറ്റേണ്ടത് പ്രസ്തുത യൂസർനാമം) എന്ന കമാന്റ് നൽകി എന്റർ ചെയ്താൽ മതി. ഈ പ്രവർത്തനത്തിന് അഡ്മിനിഷ്ട്രേറ്റീവ് പാസ്‌വേഡ് ആവശ്യമായതിനാൽ പ്രസ്തുത പ്രിവിലേജ് ഉള്ള യൂസറിലാണ് പ്രവർത്തനം ചെയ്യേണ്ടത്.

- ഗ്രാഫിക്കലായി ഈ പ്രവർത്തനം ചെയ്യുന്നതിന് Users and Groups സംവിധാനവും System Settings – Users ലെ സൗകര്യവും ഉപയോഗിക്കാം.

എന്നാൽ യൂസറുടെ പാസ്‌വേഡ് മറന്നു പോവുകയാണെങ്കിൽ അത് റീസെറ്റ് ചെയ്യാൻ ഈ മാർഗം പറ്റില്ല. പകരം താഴെ നൽകിയിരിക്കുന്ന രീതിയിൽ പാസ്‌വേഡ് റീസെറ്റ് ചെയ്യാവുന്നതാണ്.

- ബൂട്ട് ചെയ്തു വരുമ്പോഴുള്ള ഗ്രബ് മെനുവിലെ Recovery Mode ൽ പ്രവേശിക്കുക

(ഒരു OS മാത്രമുള്ള കമ്പ്യൂട്ടറുകളിൽ Grub Menu പ്രത്യക്ഷപ്പെടാറില്ല. Grub Menu പ്രത്യക്ഷമാക്കാൻ ബൂട്ടിങ് തുടങ്ങുമ്പോൾ തന്നെ Left Shift key അമർത്തിപ്പിടിക്കുക)

ഗ്രബ് മെനുവിലെ Advanced options for Ubuntu സെലക്ട് ചെയ്ത് എന്റർ ചെയ്യുക.

അപ്പോൾ താഴെ കാണുന്ന രീതിയിൽ ജാലകം ദൃശ്യമാകുന്നു. ഇതിൽ നിന്നും റിക്കവറി മോഡ് സെലക്ട് ചെയ്യാവുന്നതാണ്.



- തുടർന്ന് ദൃശ്യമാവുന്ന സ്ക്രീനിൽ നിന്നും "Drop to root shell prompt" ൽ പ്രവേശിക്കുക.



- Root ഷെല്ലിൽ പ്രവേശിക്കുമ്പോൾ ജാലകത്തിനു താഴെ ചുവടെ കാണുന്ന



രീതിയിൽ നിർദേശം ലഭ്യമാകും. ഇവിടെ എന്റർ ചെയ്യുക.

- ഇതോടെ കമാന്റ് പ്രോംപ്റ്റ് ലഭ്യമാകുന്നു.

- യൂസർ പാസ്‌വേഡ് മാറ്റാൻ ഇവിടെ
  `passwd username` എന്ന കമാന്റ് ടൈപ്പ് ചെയ്ത് എന്റർ കീ അമർത്തുക
  - (യൂസർനെയിം എന്നിടത്ത് ഏത് യൂസറിന്റെ പാസ്‌വേഡാണോ മാറ്റേണ്ടത് പ്രസ്തുത യൂസറിന്റെ നാമമാണ് നൽകേണ്ടത്. Eg: `passwd kitetvm`)
  - തുടർന്ന് പുതിയ പാസ്‌വേഡ് നൽകി എന്റർ ചെയ്യുക. (പാസ്‌വേഡ് കൺഫർമേഷനായി വീണ്ടും എന്റർ ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നൽകുക.)
- reboot (സിസ്റ്റം റീബൂട്ട് ചെയ്യാൻ)

(ഈ രീതിയിൽ പാസ്‌വേർഡ് മാറുന്നില്ലെങ്കിൽ താഴെ കാണുന്ന കമാന്റുകൾ ഓരോന്നായി ടൈപ്പ് ചെയ്ത് എന്റർ ചെയ്യുക

mount –rw –o remount / (പെർമിഷനോടെ ഫയൽ സിസ്റ്റം റീമൗണ്ട് ചെയ്യാൻ)

passwd username – പാസ്‌വേഡ് മാറ്റാൻ)

എന്നാൽ സിസ്റ്റത്തിൽ പ്രത്യേകം root യൂസറെ ക്രിയേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ മുകളിൽ നൽകിയിരിക്കുന്ന രീതിയിൽ പാസ്‌വേഡ് റീസെറ്റ ചെയ്യാൻ സാധിക്കില്ല. അത്തരം സന്ദർഭങ്ങളിൽ ചുവടെ നൽകിയിരിക്കുന്ന മാർഗമാണ് അവലംബിക്കേണ്ടത്.

- ബൂട്ട് ചെയ്യുമ്പോഴുള്ള ഗ്രബ് മെനു പ്രത്യക്ഷപ്പെടുമ്പോൾ ആരോ കീ ഉപയോഗിച്ച് ബൂട്ടിങ് ഫ്രീസ് ചെയ്യുക.

- ഗ്രബ് മെനുവിൽ നിന്നും ബൂട്ട് ചെയ്യേണ്ട കേർണൽ എൻട്രി സെലക്ട് ചെയ്യുക. (Don't select Recovery Mode)
- ഈ കേർണൽ എൻട്രി എഡിറ്റ് ചെയ്യാൻ കീബോർഡിൽ ' e ' അമർത്തുക.



- Linux എന്ന തുടങ്ങുന്ന വരിയുടെ അവസാനമുള്ള ro എന്ന് തുടങ്ങുന്ന ഭാഗത്തിന് പകരം താഴെ പറയുന്നവ കൂട്ടിച്ചേർക്കുക. (തൊട്ടടുത്ത വരികളിൽ മാറ്റം വരുത്തേണ്ടതില്ല.)
- `rw init=/bin/bash` എന്ന് 'ടൈപ്പ് ചെയ്യുക.



- തുടർന്ന് Ctrl+X അമർത്തി ഇതിൽ നിന്നും ബൂട്ട് ചെയ്യിക്കുക.
- ഇങ്ങനെ ബൂട്ട് ചെയ്യുമ്പോൾ root shell പ്രോംപ്റ്റിൽ എത്തിച്ചേരുന്നു.
- തുടർന്ന് ഷെല്ലിൽ താഴെ കാണുന്ന കമാന്റുകൾ ഓരോന്നായി ടൈപ്പ് ചെയ്ത് എന്റർ ചെയ്യുക
- mount –rw –o remount / (പെർമിഷനോടെ ഫയൽ സിസ്റ്റം റീമൗണ്ട് ചെയ്യാൻ)
- passwd username (യൂസർ പാസ്‌വേഡ് മാറ്റാൻ)
  - (യൂസർ നെയിം എന്നിടത്ത് ഏത് യൂസറിന്റെ പാസ്‌വേഡാണോ മാറ്റേണ്ടത് പ്രസ്തുത യൂസറിന്റെ നാമമാണ് നൽകേണ്ടത്. Eg: passwd its)
- തുടർന്ന് പുതിയ പാസ്‌വേഡ് നൽകി എന്റർ ചെയ്യുക. (കൺഫമേഷനായി വീണ്ടും എന്റർ ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നൽകുക.
- തുടർന്ന് സിസ്റ്റം റീബൂട്ട് ചെയ്യുക.(സിസ്റ്റം മാന്വലായി റീബൂട്ട് ചെയ്യിക്കേണ്ടി വരാം.)

യൂസർ അക്കൗണ്ട് ഡിലിറ്റ് ചെയ്യാൻ

സിസ്റ്റത്തിലെ യൂസർ വിവരങ്ങൾ ഡിലിറ്റ് ചെയ്യാൻ User Accounts ൽ തന്നെ സൗകര്യമുണ്ട്. താഴെ പറയുന്ന കമാന്റ് ഉപയോഗിച്ച് യൂസർ അക്കൗണ്ടും അനുബന്ധ വിവരങ്ങളും റിമൂവ് ചെയ്യാവുന്നതാണ്.

- `sudo userdel -r username` (username എന്നിടത്ത് ഏത് യൂസർ അക്കൗണ്ടാണോ ഡിലിറ്റ ചെയ്യേണ്ടത് പ്രസ്തുത യൂസറിന്റെ നാമമാണ് നൽകേണ്ടത്. Eg: `sudo userdel -r itsmlp`

സമയം, തീയ്യതി തുടങ്ങിയവ ക്രമീകരിക്കാൻ

സിസ്റ്റത്തിന്റെ സമയം, തിയ്യതി തുടങ്ങിയവ ക്രമീകരിക്കുന്നതിന് ഉപയോഗിക്കുന്ന സംവിധാനമാണ് Date & Time. സിസ്റ്റം സെറ്റിങ്സ് തുറന്ന് Date & Time എന്ന ക്രമത്തിൽ സെലക്ട് ചെയ്തോ, ഡെസ്ക്ടോപ് പാനലിൽ സമയം കാണിക്കുന്ന ഇൻഡിക്കേറ്റർ അപ്‌ലെറ്റിൽ ക്ലിക്കു ചെയ്യുമ്പോൾ ലഭിക്കുന്ന സമയജാലകത്തിലുള്ള Time & Date Settings സെലക്ട് ചെയ്തോ സമയക്രമീകരണ ജാലകത്തിൽ പ്രവേശിക്കാം.



സിഡി/വിസിഡി കോപ്പി ചെയ്യാം (CD/DVD Burning Software)

ഈ ഓ.എസിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട CD/DVD Burning സോഫ്റ്റ്‌വെയറുകളാണ് Brasero, K3b എന്നിവ. ഡാറ്റാ സിഡി, വീഡിയോ സിഡി/ഡിവിഡി, ഓഡിയോ സിഡി, സിഡി കോപ്പി, iso ഇമേജ് തയാറാക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് ഇവ ഉപയോഗിക്കാം

Applications → Sound&Video → Brasero Disc Burner,
Applications → Sound&Video → K3b എന്നീ ക്രമത്തിൽ ഇവ പ്രവർത്തിപ്പിക്കാം.

ഗ്രബ് റീ-ഇൻസ്റ്റാൾ ചെയ്യാം (Grub Re-install)

IT@School GNU/Linux 18.04 ഇൻസ്റ്റാൾ ചെയ്ത സിസ്റ്റങ്ങളിൽ ചില സന്ദർഭങ്ങളിൽ ഗ്രബ് നഷ്ടപ്പെടാറുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ഗ്രബ് റീ-ഇൻസ്റ്റാൾ ചെയ്യാൻ ചുവടെ നൽകിയ പ്രവർത്തനം ചെയ്യാം.

grub-efi ഇൻസ്റ്റാൾ ചെയ്യുന്ന വിധം

(EFI മോഡിൽ ഗ്രബ് ഇൻസ്റ്റാൾ ചെയ്യുന്ന വിധമാണ് ഇവിടെ അവതരിപ്പിക്കുന്നത്.)

- IT@School GNU/Linux 18.04 ന്റെ ബൂട്ടബ്ൾ ഡിസ്ക് ഉപയോഗിച്ച് EFI മോഡിൽ ബൂട്ട് ചെയ്ത് 'Try Ubuntu without installing' വഴി ഡെസ്ക്ടോപ്പിൽ പ്രവേശിക്കുക.
- തുടർന്ന് സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്ത ഉബുണ്ടു ഓ.എസിന്റെ Root പാർട്ടീഷൻ, EFI പാർട്ടീഷൻ തുടങ്ങിയവ ഏതാണെന്ന് കണ്ടെത്തുക. ഇതിനായി,
    - Applications → Accessories → Disks വഴി ഗ്നോം-ഡിസ്ക്സ് തുറക്കുക.
    - ഹാർഡ് ഡിസ്ക് സെലക്ട് ചെയ്ത് ഓരോ പാർട്ടീഷനിലും ക്ലിക്ക് ചെയ്ത് root, EFI ഡ്രൈവുകൾ ഏതാണെന്ന് കണ്ടെത്തുക. ഉദാഹരണത്തിന് root, EFI പാർട്ടീഷനുകൾ യഥാക്രമം /dev/sda6, /dev/sda1 എന്നിവയാണെന്നിരിക്കട്ടെ.

ഇനി ഈ പാർട്ടീഷനുകളെ ലൈവ് ഫയൽ സിസ്റ്റത്തിലെ mnt ഫോൾഡറിലേക്ക് മൗണ്ട് ചെയ്യണം. ഇതിനായി ടെർമിനൽ തുറന്ന് ചുവടെ നൽകിയ കമാന്റുകൾ ഓരോന്നായി ടൈപ്പ് ചെയ്ത് എന്റർ ചെയ്യുക.

`sudo mount /dev/sda6 /mnt` (റൂട്ട് ഫയൽ സിസ്റ്റം മൗണ്ട് ചെയ്യാൻ)

`sudo mount /dev/sda1 /mnt/boot/efi` (EFI ഫയൽ സിസ്റ്റം മൗണ്ട് ചെയ്യാൻ)

(ചില സന്ദർഭങ്ങളിൽ efi ഡയറക്ടറി നിലവിലില്ല എന്ന മെസേജ് പ്രത്യക്ഷപ്പെടുകയാണെങ്കിൽ ടെർമിനലിൽ `sudo mkdir -p /mnt/boot/efi` എന്ന കമാന്റ് നൽകി efi ഫോൾഡർ പ്രത്യേകം നിർമ്മിക്കേണ്ടി വരും.)

ഇനി ടെർമിനലിൽ താഴെയുള്ള കമാന്റുകൾ ഓരോന്നായി റൺ ചെയ്യുക.

`sudo mount -B /dev /mnt/dev` (dev ഫോൾഡർ മൗണ്ട് ചെയ്യാൻ)

`sudo mount -B /dev/pts /mnt/dev/pts` (dev/pts ഫോൾഡർ മൗണ്ട് ചെയ്യാൻ)

`sudo mount -B /proc /mnt/proc` (proc ഫോൾഡർ മൗണ്ട് ചെയ്യാൻ)

`sudo mount -B /sys /mnt/sys` (sys ഫോൾഡർ മൗണ്ട് ചെയ്യാൻ)

`sudo mount -B /run /mnt/run` (run ഫോൾഡർ മൗണ്ട് ചെയ്യാൻ)

ഇനി chroot ആയി ലൈവ് ഫയൽസിസ്റ്റത്തിലെ mnt ഫോൾഡറിൽ പ്രവേശിക്കാം. ഇതിനായി,

`sudo chroot /mnt` എന്ന് ടൈപ്പ് ചെയ്ത് എന്റർ ചെയ്യുക.

ഇനി ഗ്രബ് ഇൻസ്റ്റാൾ ചെയ്യാം.

```
grub-install /dev/sda
```

ഇതോടെ efi പാർട്ടീഷനിൽ ഗ്രബ് ഇൻസ്റ്റാൾ ആവുന്നു. ഇനി ഗ്രബ് എൻട്രി അപ്ഡേറ്റ് ചെയ്യാം

```
update-grub
```

ഇനി exit എന്ന കമാന്റ് നൽകി chroot ൽ നിന്ന് പുറത്ത് കടക്കുക.

തുടർന്ന് സിസ്റ്റം റീബൂട്ട് ചെയ്യാം.

sudo reboot

MBR പാർട്ടീഷ്യനിങ് ഉള്ള ഹാർഡ് ഡിസ്കിൽ grub–i386 ഇൻസ്റ്റാൾ ചെയ്യേണ്ടി വരും. Grub–i386 ഇൻസ്റ്റാൾ ചെയ്യുന്ന വിധം അടുത്ത പോജിൽ വിശദീകരിച്ചിരിക്കുന്നു.

grub-i386 ഇൻസ്റ്റാൾ ചെയ്യുന്ന വിധം

- IT@School GNU/Linux 18.04 ന്റെ ബൂട്ടബ്ൾ ഡിസ്ക് ഉപയോഗിച്ച് ബൂട്ട് ചെയ്ത് 'Try Ubuntu without installing' വഴി ഡെസ്ക്ടോപിൽ പ്രവേശിക്കുക.
- Disks ഉപയോഗിച്ച് (Applications → Accessories → Disks) ഹാർഡ് ഡിസ്കിലെ റൂട്ട് പാർട്ടീഷ്യൻ കണ്ടെത്തുക (ഉദാ. /dev/sda7)
- ഇനി ഈ പാർട്ടീഷ്യനെ ലൈവ് ഫയൽ സിസ്റ്റത്തിലെ mnt ഫോൾഡറിലേക്ക് മൗണ്ട് ചെയ്യണം. ഇതിനായി ടെർമിനൽ തുറന്ന് ചുവടെ നൽകിയ കമാന്റ് ടൈപ്പ് ചെയ്ത് എന്റർ കീ അമർത്തുക.
- `sudo mount /dev/sda7 /mnt` (റൂട്ട് ഫയൽ സിസ്റ്റം മൗണ്ട് ചെയ്യാൻ)
- ഇനി ഗ്രബ് ഇൻസ്റ്റാൾ ചെയ്യാനുള്ള കമാന്റ് ടൈപ്പ് ചെയ്ത് എന്റർ കീ അമർത്തുക.
- `sudo grub-install --root-directory=/mnt /dev/sda`
- കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്യുക
- Ubuntu വിലേക്ക് ബൂട്ട് ചെയ്തതിനു ശേഷം ഗ്രബ് അപ്ഡേറ്റ് ചെയ്യണം. ഇതിനായി `sudo update-grub` എന്ന കമാന്റ് ഉപയോഗിക്കുക

സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യൽ (Software Installation)

ഗ്നോം സോഫ്റ്റ്‌വെയർ (gnome-software)

നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതോ ഇൻസ്റ്റാൾ ചെയ്യാനുള്ളതോ ആയ സോഫ്റ്റ്‌വെയറുകൾ അറിയപ്പെടുന്നത് പാക്കേജുകൾ എന്ന പേരിലാണ്. നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള പാക്കേജുകളെ അതിന്റെ ലഭ്യമായ പുതിയ വേർഷനിലേക്ക് അപ്ഗ്രേഡ് ചെയ്യുവാനും ആവശ്യമാണെങ്കിൽ നീക്കം ചെയ്യുവാനും അല്ലെങ്കിൽ പുതിയ പാക്കേജുകൾ ഇൻസ്റ്റാൾ ചെയ്യുവാനോ ഗ്നോം – സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്താവുന്നതാണ്.

- Applications → Software എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ഗ്നോം – സോഫ്റ്റ് വെയർ തുറക്കുക.
- തുറന്ന് വരുന്ന ജാലകത്തിൽ നിന്ന് Categories ലെ വിഭാഗം തിരഞ്ഞെടുത്ത് അതിൽ കാണുന്ന പാക്കേജ് ക്ലിക്ക് ചെയ്താൽ പ്രത്യക്ഷപ്പെടുന്ന ജാലകത്തിലെ install ബട്ടൺ പ്രയോജനപ്പെടുത്തി പാക്കേജ് ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.
- Install ചെയ്യുന്നതിനുമുമ്പ് ആ പാക്കേജിനെപറ്റിയുള്ള വിശദാംശങ്ങൾ (Features, License, Reviews, Ratings, ...) നോക്കാവുന്നതാണ്.
- നേരത്തെ ഉണ്ടായിരുന്ന software – center ന് പകരമാണ് ഈ gnome-software ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഗ്നോം – സോഫ്റ്റ്‌വെയറിന്റെ ഒരു പ്രധാന സവിശേഷത ഡെബിയൻ പാക്കേജുകൾക്ക് പുറമെ സ്നാപ്പ് പാക്കേജുകളും ഇൻസ്റ്റാൾ ചെയ്യാൻ കഴിയും എന്നതാണ്.



സിനാപ്റ്റിക്ക് പാക്കേജ് മാനേജർ (Synaptic Package Manager)

നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതോ ഇൻസ്റ്റാൾ ചെയ്യാനുള്ളതോ ആയ സോഫ്റ്റ്‌വെയറുകൾ പാക്കേജുകൾ എന്ന പേരിലാണ്. പുതിയ പാക്കേജുകൾ ഇൻസ്റ്റാൾ ചെയ്യുവാനോ, ഇൻസ്റ്റാൾ ചെയ്ത പാക്കേജുകൾ അപ്ഗ്രേഡ് ചെയ്യുവാനോ, നീക്കം ചെയ്യുവാനോ സിനാപ്റ്റിക്ക് പാക്കേജ് മാനേജർ പ്രയോജനപ്പെടുത്താം.

- Applications → Administration → Synaptic Package Manager എന്ന ക്രമത്തിൽ സിനാപ്റ്റിക്ക് പാക്കേജ് മാനേജർ തുറക്കുക.
- ഇന്റർനെറ്റ് കണക്ഷൻ ആക്ടീവ് ആക്കിയതിന്ശേഷം സിനാപ്റ്റിക്ക് പാക്കേജ് മാനേജറിലെ റീലോഡ് ബട്ടൺ ഉപയോഗിച്ച് പാക്കേജുകളുടെ ഏറ്റവും പുതിയ വിവരങ്ങൾ റിപ്പോസിറ്ററിയിൽ അപ്ഡേറ്റ് ചെയ്യണം.
- തുടർന്ന് Search ബോക്സിലൂടെ പാക്കേജ് തിരഞ്ഞെടുക്കുക.
- Package മെനുവിലെ Mark for Installation, Mark for Reinstallation, Mark for Upgrade, Mark for Removal, Mark for Complete Removal എന്നീ ഓപ്ഷനുകൾ ഉപയോഗിച്ച് അതത് പ്രവർത്തനത്തിനായി പാക്കേജിനെ മാർക്ക് ചെയ്യുക. (പാക്കേജിന്റെ മുകളിൽ റൈറ്റ് ക്ലിക്ക് ചെയ്തും പാക്കേജിനെ മേൽ സൂചിപ്പിച്ച തരത്തിൽ മാർക്ക് ചെയ്യാവുന്നതാണ്)
- തുടർന്ന് Apply ബട്ടൺ ക്ലിക്ക് ചെയ്ത് മാർക്ക് ചെയ്ത പ്രവർത്തനം പൂർത്തിയാക്കുക.



ജി ഡെബി പാക്കേജ് ഇൻസ്റ്റാളർ (GDebi Package Installer)

നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യാൻ ഉദ്ദേശിക്കുന്ന പാക്കേജുകളുടെ ഡെബ് ഫയലുകൾ ലഭിച്ചാൽ, ജിഡെബി പാക്കേജ് ഇൻസ്റ്റാളർ വഴി അവ വളരെ എളുപ്പത്തിൽ ഇൻസ്റ്റാൾ ചെയ്യാൻ കഴിയും. അതുപോലെ തന്നെ ഇൻസ്റ്റാൾ ചെയ്ത ഡെബ് പാക്കേജുകൾ അൺഇൻസ്റ്റാൾ ചെയ്യാനും ജിഡെബി പാക്കേജ് ഇൻസ്റ്റാളർ പ്രയോജനപ്പെടുത്താം.

ഒരു deb ഫയൽ ഡബ്ൾ ക്ലിക്ക് ചെയ്താൽ അത് GDebi Package Installer ൽ ആണ് തുറന്നുവരുന്നത്. ഇനി Install Package എന്നതിൽ ക്ലിക്ക് ചെയ്താൽ മതി. ചുവടെ കൊടുത്തിട്ടുള്ള രീതിയിലും gdebi ഉപയോഗിക്കാം.

- Applications → System Tools → GDebi Package Installer ക്രമത്തിൽ ക്ലിക്ക് ചെയ്ത് ജി ഡെബി പാക്കേജ് ഇൻസ്റ്റാളർ തുറക്കുക.
- File – Open വഴി ഡെബ് ഫയൽ ബ്രൗസ് ചെയ്ത് തുറക്കുക. (ഡെബ് ഫയൽ ഡബിൾ ക്ലിക്ക് ചെയ്ത് GDebi Package Installer ൽ തുറക്കുകയും ആവാം)
- തുടർന്ന് Install Package ബട്ടൺ ക്ലിക്ക് ചെയ്ത് ഇൻസ്റ്റലേഷൻ ചെയ്യുക.

Uninstall ചെയ്യാൻ അതേ ഡെബ് പാക്കേജ് GDebi Package Installer ൽ തുറന്ന് Remove Package ബട്ടൺ ക്ലിക്ക് ചെയ്താൽ മതി.



apt - Command Line Tool

നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യാൻ ഉദ്ദേശിക്കുന്ന പാക്കേജുകൾ വളരെ എളുപ്പത്തിൽ ഇൻസ്റ്റാൾ ചെയ്യാനുള്ള കമാന്റ് ലൈൻ ടൂളാണ് apt (Advanced Package Tool) . ഉദാഹരണമായി supertux എന്ന ഗെയിം എങ്ങനെയാണ് apt വഴി ഇൻസ്റ്റാൾ ചെയ്യുന്നതെന്ന് നോക്കാം. ഒരു പാക്കേജ് ഇൻസ്റ്റാൾ ചെയ്യുന്നതിന് അതിന്റെ പാക്കേജ് നെയിം കൃത്യമായി അറിഞ്ഞിരിക്കണം. Supertux ഗെയിമിന്റെ പാക്കേജ് നെയിം എന്നത് supertux എന്ന് തന്നെയാണ്. എല്ലാ പാക്കേജിന്റേയും പാക്കേജ് നെയിം ആ സോഫ്റ്റ്‌വെയർ കമ്പ്യൂട്ടറിൽ (മെനുവിൽ) ദൃശ്യമാവുന്ന പേര് തന്നെയാവണമെന്നില്ല.

ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തിയ ശേഷം

- Applications → Accessories → Terminal എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ടെർമിനൽ എടുക്കുക.
- അവിടെ sudo apt update എന്ന് ടൈപ്പ് ചെയ്ത് എന്റർ കീ അമർത്തുക. (നിങ്ങളുടെ കമ്പ്യൂട്ടറിലെ പാക്കേജുകളുടെ റിപ്പോസിറ്ററിയുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനമാണ് ഇവിടെ നടക്കുക. കൂടാതെ പാക്കേജുകളുടെ ഏറ്റവും പുതിയ വിവരങ്ങളും ശേഖരിക്കും. അതിന് കുറച്ച് സമയം എടുത്തേക്കാം)
- തുടർന്ന് `sudo apt install supertux` എന്ന് ടൈപ്പ് ചെയ്ത് എന്റർ കീ അമർത്തുക.
- ഇൻസ്റ്റലേഷൻ നടന്നുകഴിഞ്ഞാൽ ആ വിവരം കാണിക്കുന്ന മെസ്സേജ് പ്രത്യക്ഷപ്പെടും.
- തുടർന്ന് ആ സോഫ്റ്റ്‌വെയർ മെനുവിലൂടെയോ ടേർമിനലിൽ supertux എന്ന് ടൈപ്പ് ചെയ്തോ പ്രവർത്തിപ്പിക്കാവുന്നതാണ്.

പ്രധാനപ്പെട്ട apt കമാന്റുകൾ

apt command	function of the command
apt install	Installs a package
apt remove	Removes a package
apt purge	Removes package with configuration
apt update	Refreshes repository index
apt upgrade	Upgrades all upgradable packages

apt autoremove	Removes unwanted packages
apt full-upgrade	Upgrades packages with auto-handling of dependencies
apt search	Searches for the program
apt show	Shows package details

- പുതിയ പാക്കേജ് ഇൻസ്റ്റാൾ ചെയ്യുന്നതിന്

```
sudo apt install <package_name>
```

- ഉദാ: mplayer ഇൻസ്റ്റാൾ ചെയ്യുന്നതിന്

```
sudo apt install mplayer
```

- ഇൻസ്റ്റാൾ ചെയ്ത ഒരു പാക്കേജ് അൺഇൻസ്റ്റാൾ ചെയ്യാൻ ഒരു രീതി

```
sudo apt remove <package_name>
```

- ഇൻസ്റ്റാൾ ചെയ്ത ഒരു പാക്കേജ് അൺഇൻസ്റ്റാൾ ചെയ്യാൻ മറ്റൊരു രീതി.

```
sudo apt purge <package_name>
```

apt remove ൽ പാക്കേജിന്റെ ബൈനറിഫയലുകൾ മാത്രമാണ് റിമൂവ് ചെയ്യുന്നത്. എന്നാൽ apt purge ൽ പാക്കേജിന്റെ കോൺഫിഗറേഷൻ ഫയൽ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ ഫയലുകളും റിമൂവ് ചെയ്യും.

- ഒരു പാക്കേജിന്റെ വിശദാംശങ്ങൾ കാണുവാനായി

```
apt show <package_name>
```

സോഫ്റ്റ്‌വെയർ അപ്ഡേറ്റർ (Software Updater)

നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള സോഫ്റ്റ്‌വെയർ പാക്കേജുകൾ ഒരുമിച്ച് അപ്ഡേറ്റ് ചെയ്യാൻ പ്രയോജനപ്പെടുത്താവുന്ന ആപ്ലിക്കേഷനാണ് സോഫ്റ്റ്‌വെയർ അപ്ഡേറ്റർ.

- ഇന്റർനെറ്റ് കണക്ഷൻ ആക്ടീവ് ആക്കിയതിന്ശേഷം Applications – System Tools – Administration – Software Updater എന്ന ക്രമത്തിൽ സോഫ്റ്റ്‌വെയർ അപ്ഡേറ്റർ തുറക്കുക.
- Checking for Updates എന്ന പ്രവർത്തനത്തിനുശേഷം ഏതൊക്കെ പാക്കേജുകൾക്ക് അപ്ഡേഷനുകൾ നിലവിലുണ്ടെന്ന് കാണിക്കുന്ന ജാലകം പ്രത്യക്ഷപ്പെടും.
- ആ ജാലകത്തിലെ Install Now ബട്ടൺ ക്ലിക്ക് ചെയ്ത് ആ പാക്കേജുകളുടെ ഏറ്റവും പുതിയ പതിപ്പുകളിലേക്ക് അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.
- ഈ അപ്ഡേഷൻ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ ചെയ്യുന്നത് അഭികാമ്യമാണ്.



സോഫ്റ്റ്‌വെയർ & അപ്ഡേറ്റ്സ് (Software & Updates) – Setting Software Repository

നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യാൻ ഉദ്ദേശിക്കുന്ന സോഫ്റ്റ്‌വെയർ പാക്കേജുകളുടെ സോഴ്സുകൾ രേഖപ്പെടുത്താനും ഹാർഡ്‌വെയറുകളുടെ ഡ്രൈവർ അപ്ഡേറ്റുകളുടെ വിവരം അറിയാനും ഈ ആപ്ലിക്കേഷൻ പ്രയോജനപ്പെടുത്താം.

- Applications → System Tools → Administration → Software & Updates എന്ന ക്രമത്തിൽ സോഫ്റ്റ്‌വെയർ & അപ്ഡേറ്റ്സ് തുറക്കുക.
- തുറന്ന ജാലകത്തിലെ Ubuntu Software ടാബിലെ Downloadable from the Internet നടിയിലായി കാണുന്ന നാല് ബോക്സുകളിലും ടിക്ക് മാർക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- Other Software ടാബിലെ ഒന്നാമത്തെ ചെക്ക് ബോക്സും (Canonical Partners) മൂന്നാമത്തെ ചെക്ക്ബോക്സും ടിക്ക് ചെയ്യുക
- Updates ടാബിലെ Install Updates from : ലെ മൂന്ന് ചെക്ക്ബോക്സുകളും ചെക്ക് ചെയ്യുക.



Additional Drivers ടാബിൽ എതെങ്കിലും അഡീഷണൽ ഡ്രൈവറുകൾ അവിടെ കാണുന്നുണ്ടെങ്കിൽ Apply Changes ബട്ടൺ ക്ലിക്ക് ചെയ്ത് ഡ്രൈവർ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.

ഗ്രാഫിക്സ് ഡ്രൈവറുകളും വയർലെസ് ഡ്രൈവറുകളും ഇൻസ്റ്റാൾ ചെയ്യാം. (Install graphics drivers)

സിസ്റ്റത്തിൽ പ്രോപറൈറ്റി ഗ്രാഫിക്സ് ഡ്രൈവറുകളും വയർലെസ് ഡ്രൈവറുകളും ഇൻസ്റ്റാൾ ചെയ്യാനും അൺ-ഇൻസ്റ്റാൾ ചെയ്യാനും സഹായിക്കുന്ന സംവിധാനമാണ് Additional Drivers. System Tools -> Administration --> Software & Updates -> Additional Drivers എന്ന ക്രമത്തിൽ ഇത് ഉപയോഗിക്കാം.

പ്രത്യേക ശ്രദ്ധക്ക്: ഡ്രൈവർ ഇൻസ്റ്റാൾ ചെയ്യുന്നതിനായി, ഈ ജാലകത്തിലെ Other Software ടാബ് തുറന്ന് പാക്കേജ് ഇൻഡക്സ് ലിസ്റ്റ് റീലോഡ് ചെയ്ത് സിസ്റ്റം റീബൂട്ട് ചെയ്യണം. ഇതിനായി ഇന്റർനെറ്റ് കണക്ഷൻ ആവശ്യമാണ്.